T62
N29

# സുകൃതീന്ദ്രൻ.



...നി പ്രത്യക്ഷപ്പെടുന്നതു്'. അ. II. രംഗം 7)

ഗ്രന്ഥകർത്താ

...ോസഫ് നെടുഞ്ചിറ ഒ. എസ്സ്. എല്ല്.

T62
N29

# സുകൃതീന്ദ്രൻ

അഥവാ

## വി. സ്തനിസ്ലാവോസ് കോസ്ക്കാ.

(സംഗീത പ്രഹസനം.)

ഗ്രന്ഥകർത്താ


റവ: ഫാദർ ജോസഫ് നെടുഞ്ചിറ ഒ. എസ്സ്. എച്ച്.

സേക്രഡ് ഹാർട്ടു മൗണ്ടു, കോട്ടയം.


FIRST EDITION.


(All Rights Reserved.)



CATHOLIC MISSION PRESS,

KOTTAYAM.

1938.


(Price 4 As.)


XVIII 3393

HOUSE OF STUDIES. T.O.C.D. BANGALORE

DHARMARAM COLLEGE 10906 BANGALORE

T62 N39

NIHIL OBSTAT.

(Rev.) Fr. C. Nadakuzhackal, Ph. D., D. D.

*Censor Deputatus.*

*3-8-'38.*

IMPRIMATUR.

✠ ALEXANDER

Bishop of Kottayam.

KOTTAYAM,
*6th August 1938.*



ശ്രീമാൻ വി. ഐ. ചാക്കോ.

(എക്സ്. എസ്സ്. എം. പി. ഏ എം.)

(പാലയ്ക്കാമണ്ണിൽ, റാന്നി)

# സ്മാരകം.

---

ഒരുകാലത്തു് രോഗാതുരനായി മദ്രാസ് ജനറൽ ആശുപത്രിയെ അഭയംതേടി, അതേ നിലയിൽ തന്നെ അവിടെ നിവസിച്ചിരുന്ന എന്നോടു് സഹവസിച്ചു കഴിഞ്ഞ ആത്മമിത്രവും, ധനാഢ്യനും, പൊതുക്കാൎയ്യപ്രസക്തനും, ദേശാഭിമാനിയും, ഈശ്വരഭക്തനും, എം. എസ്. ഇംഗ്ലീഷ് ഹൈസ്കൂൾ സ്ഥാപനത്തിനു വേണ്ടി യത്നിച്ച ഗണനീയന്മാരിൽ ഒരാളും, പ്രസ്തുത സ്കൂളിന്റെ കറസ്പോണ്ടന്റായി ജോലി നിർവഹിച്ച ജനസമ്മതനുമായ, 1936 ഡിസംബർ 14-ാംതീയതി കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ശ്രീമാൻ **വി. ഐ. ചാക്കോ** അവർകളുടെ സ്മാരകമായി, പരേതനു വേണ്ടി ബഹുജനങ്ങളുടെ പ്രാൎത്ഥനയെ അഭ്യൎത്ഥിച്ചുകൊണ്ടു് എന്റെ ഒരു ലഘുകൃതിയായ "സുകൃതീന്ദ്ര"നെ വിനയാദരങ്ങളോടുകൂടി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

8. 8. 1938.

# കഥാപാത്രങ്ങൾ.

1. സ്തനിസ്ലാവോസ് — നായകൻ.
2. പോൾ — നായകന്റെ ജ്യേഷ്ഠസഹോദരൻ.
3. ട്യൂട്ടർ.
4. വൈദികൻ.
5. ദൈവജനനി.
6. മാലാഖമാർ.
7. ആശ്രമശ്രേഷ്ഠൻ.
8. യോഗാർത്ഥികൾ.
9. പോളിന്റെ രണ്ടു ബന്ധുക്കൾ.
10. റോബർട്ട് } പോളിന്റെ മിത്രങ്ങൾ.
11. ഹെൻട്രി }
12. വില്യം }
13. സേവകൻ.
14. മദ്യവ്യാപാരി.
15. കസവുവ്യാപാരി.
16. മുച്ചീട്ടുകളിക്കാരൻ.
17. ഭിക്ഷുക്കൾ.
18. തസ്കരന്മാർ.
19. അസുരൻ.
20. പോസ്റ്റ്പ്യൂൺ.

# അവതാരിക.

'സത്യാത്മജൻ', 'മേരീദാസൻ' എന്ന സംഗീതപ്രഹസനങ്ങളുടേയും 'നാഗമർദ്ദിനി' എന്ന ഖണ്ഡകാവ്യത്തിൻെറയും കർത്താവും, കോട്ടയം തിരുഹൃദയക്കുന്നാശ്രമത്തിലെ ഒരംഗവും, പരിശ്രമശീലനും, കവിയുമായ റവ: ഫാദർ ജോസഫ് നെടുഞ്ചിറ അവർകളാൽ വിരചിതമായ 'സുകൃതീന്ദ്രൻ' (വി. സ്റ്റനിസ്ലാവോസ് കോസ്ത്കാ) എന്ന അഭിനവ സംഗീതപ്രഹസനത്തിന് അവതാരികയെഴുതുന്നതിൽ എനിക്ക് അത്യന്തം കൃതാർത്ഥതയുണ്ട്.

സംഗീതപ്രഹസനങ്ങൾക്കു കേരളത്തിൽ ഗണ്യമായ ഒരു സ്ഥാനം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. അഭിജ്ഞന്മാർ മാത്രം സാഹിത്യപരിശ്രമം ചെയ്തുവന്നിരുന്ന പുരാതനകാലങ്ങളിൽ അവർ സംസ്കൃതരൂപകങ്ങൾ വായിച്ചും അഭിനയിച്ചും രസിക്കുക സാധാരണമായിരുന്നു. ആസ്വദിക്കുന്നവരുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുമല്ലോ ഏതൊരു പ്രസ്ഥാനത്തിൻേറയും അഭിവൃദ്ധി. ആട്ടക്കഥ കാണുന്നതിൽ കേരളീയർ കുറേക്കൂടി താല്പര്യം പ്രദർശിപ്പിച്ചിരുന്നതായി വിചാരിക്കാം. എന്നാൽ കഥകളിയുടെ ദൈർഘ്യവും ദുർഗ്രഹതയുംമൂലം ഇക്കാലത്ത് അതിൻെറ മാററുരച്ചുനോക്കുന്നവർ ഹിന്ദുക്കളുടെ ഇടയിൽതന്നെ തുലോം വിരളമായിരിക്കുന്നു. ഇന്നത്തെ സമുദായപരിതസ്ഥിതികളനുസരിച്ച് സുദീർഘമായ ദൃശ്യസാഹിത്യപ്രസ്ഥാനങ്ങൾക്കു സ്ഥാനമില്ലാതെയാണു വരുന്നത്. പാശ്ചാത്യദേശങ്ങളിൽ സുദീർഘവും ഗദ്യപദ്യസമ്മിശ്രവുമായ നാടകങ്ങളുടെ കാലം കഴിഞ്ഞുപോയിരിക്കുന്നു; ഇപ്പോൾ അവിടെ ഏകാങ്കഗദ്യനാടകങ്ങളുദയംചെയ്തിരിക്കുന്നു. ചലച്ചിത്രങ്ങളുടേയും സ്വനചലച്ചിത്രങ്ങളുടേയും ശക്തിമത്തായ ആക്രമണങ്ങളുണ്ടായിട്ടും അവിടെ ഏകാങ്കഗദ്യനാടകങ്ങൾ അഥവാ ലഘുപ്രഹസനങ്ങൾ അദ്യാപി വിജയശ്രീലാളിതങ്ങളായിത്തന്നെ കഴിഞ്ഞുകൂടുന്നു. അതിനാൽ പാശ്ചാത്യപരിഷ്കാരം ഏററു തുടങ്ങുകമാത്രം ചെയ്തിരിക്കുന്ന കേരളസാഹിത്യലോകത്തിൽ 'സുകൃതീന്ദ്ര'നെപ്പോ

ലെയുള്ള ഗദ്യപ്രഹസനങ്ങൾക്കുള്ള സ്ഥാനം അനപലപനീയമാണ്.

ഗദ്യപ്രഹസനങ്ങളിൽ പദ്യങ്ങളും ഗാനങ്ങളും ഉൾപ്പെടുത്തുന്നതിൻെറ അനൌചിത്യത്തെപ്പററി സഗൌരവം സംശയിക്കുന്ന പലരുമുണ്ട്. നാം അനുദിനം സംഭാഷണം ചെയ്യുന്നതും സന്തോഷസന്താപാദികൾ പ്രകടിപ്പിക്കുന്നതും മററും പദ്യത്തിലും പാട്ടിലുമാണോ എന്നവർ ചോദിക്കമായിരിക്കാം. കലാവിദ്യകൾ പ്രകൃതിയെ പ്രതിബിംബിപ്പിക്കയാണു ചെയ്യേണ്ടതെന്നും അവർ പറയുമായിരിക്കും. ഈദൃശവാദങ്ങൾ തീരെ അസ്ഥാനത്തല്ലെന്നിരുന്നാലും, സംഗീതവും സാഹിത്യവും തമ്മിലുള്ള സൌഹൃദബന്ധത്തെ പരിഗണിച്ചു നോക്കുന്നപക്ഷം, വികാരതരളിതമായ മനുഷ്യഹൃദയങ്ങളുടെ ആശയപ്രകാശനത്തിനുവേണ്ടി സംഗീതത്തെ ആശ്രയിക്കുന്നതു് അത്യന്തം പ്രയോജനകരമാണെന്നു നിഷ്പ്രയാസം കാണാവുന്നതാണ്. സംഗീതം, ഹൃദയദ്രവീകരണത്തിനു ശക്തവും വികാരവർദ്ധനയ്ക്കു ശക്യവുമാണെന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ ആധുനികകാലത്തെ തമിഴുനാടകങ്ങളിലും ചുരുക്കം ചില ഭാഷാനാടകങ്ങളിലും സംഗീതാംശം, സാഹിത്യാംശത്തേയും പ്രത്യേകിച്ചു് ഔചിത്യചിന്തയേയും പാടെ വിഴുങ്ങിക്കളഞ്ഞിട്ടുണ്ടെന്നുള്ളതു് മിക്കവാറും പരമാത്ഥമാണ്. പക്ഷേ അതുകൊണ്ടൊന്നും ദൃശ്യകാവ്യങ്ങളിൽ സംഗീതത്തിനുള്ള യഥാത്ഥമായ സ്ഥാനം നഷ്ടീഭവിക്കുന്നതല്ല.

വിദ്യാലയങ്ങൾ, യുവജനസമാജങ്ങൾ മുതലായവയുടെ ആഭിമുഖ്യത്തിൽ അഭിനയിക്കപ്പെടാവുന്നതും വിനോദസമ്പൂൎണ്ണവും സന്മാൎഗ്ഗബോധനോപയുക്തവുമായ ഒരു സംഗീതപ്രഹസനമാണു നമ്മുടെ മുമ്പിലിരിക്കുന്ന 'സുകൃതീന്ദ്രൻ.' വിദ്യാഭ്യാസാത്ഥം പരിഷ്കൃതകേന്ദ്രങ്ങളിൽ മക്കളെ അയച്ചുകഴിഞ്ഞു് കൈയുംകെട്ടി വീട്ടിലിരിക്കുന്ന മാതാപിതാക്കന്മാൎക്കും ഈ പ്രഹസനം വായിക്കുന്നതും അഭിനയിച്ചുകാണുന്നതും അത്യന്തം പ്രയോജനകരമായിരിക്കും. ഏതു പ്രതികൂലപരിതസ്ഥിതിയിലും ദൈവാനുഗ്രഹം വിനയഹൃദയങ്ങളിൽ പ്രവൎത്തിച്ചു് അതിൻെറ സൽഫലം പ്രദാനം ചെയ്യുമെന്നുള്ളതിനു് 'സുകൃതീന്ദ്ര'നായ കഥാനായകൻെറ ജീവിതഗതി ഒന്നാംതരമൊരു തെളിവാണ്. ശിഷ്ടസംസൎഗ്ഗം ദുഷ്ടന്മാരുടെ ശിലാഹൃദയത്തേയും ദ്രവിപ്പിക്കുമെന്നുള്ളതിനു് പോളിൻെറ

മാനസാന്തരവും ഉദാഹരിക്കപ്പെടാവുന്നതാണു്. ചുരുക്കത്തിൽ, അനേകം സന്മാർഗ്ഗപാഠങ്ങൾ ബാലജനങ്ങളെ സരസമായി പഠിപ്പിക്കുന്നതിനുപയുക്തമായ ഒരു പ്രഹസനപ്രബന്ധമാണു് 'സുകൃതീന്ദ്രൻ' എന്നു പറയുന്നതിനു് ഞാൻ ഒട്ടും മടിക്കുന്നില്ല.

ഒരു തികഞ്ഞ സാഹിത്യകാരനും വിനോദസമ്പന്നനായ കവിയും സന്മാർഗ്ഗബോധകനും കായക്ലേശബഹുലനെങ്കിലും നിരന്തരപരിശ്രമിയുമായ ഈ വന്ദ്യഗ്രന്ഥകാരന്റെ തൂലികാഗ്രത്തിൽനിന്നു് ഉൽകൃഷ്ടതരമായ അനേകം കൃതികൾ മേലും ഉത്ഭവിച്ചുകാണുവാൻ സർവ്വേശ്വരനെ പ്രാർത്ഥിച്ചുകൊള്ളുന്നു.

കെ. ഈ. ജോബ് എം. ഏ. എൽ. റ്റി.

ജെ. എം. ട്രെയിനിംഗ് സ്കൂൾ
ചങ്ങനാശ്ശേരി.
1st Aug: 1938.



# പ്രസ്താവന.

സാഹിത്യസംബന്ധമായ വിധിനിഷേധങ്ങൾക്കെല്ലാം ശ്രാവ്യസാഹിത്യംപോലെതന്നെ ദൃശ്യസാഹിത്യവും വിധേയമാണ്. അതിനും പുറമേ അഭിനയപ്രധാനമാകയാൽ, ദൃശ്യസാഹിത്യത്തിന്റെ നിർമ്മാണത്തിൽ കവി വളരെയധികം സംഗതികൾ ശ്രദ്ധിക്കേണ്ടതായുമുണ്ടു്. ഇത്ര ദുഷ്കരമായ ഒരു സാഹിത്യശാഖയിലാണ് റവ. ഫാദർ ജോസഫ് നെടുഞ്ചിറ ഒ. എസ്സ്. എച്ച്. അവർകളുടെ കൈവിളയാട്ടം നടന്നിരിക്കുന്നതു്. പ്രഹസനശാഖയിൽ അദ്ദേഹത്തിന്റെ മൂന്നാമത്തെ കൃതിയാണ് ‘സുകൃതീന്ദ്രൻ.’

നാട്യം, നൃത്യം, നൃത്തം എന്നു ദൃശ്യകാവ്യങ്ങൾ മൂന്നുവിധമുള്ളതിൽ നാട്യം പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. നാടകം, അങ്കം, പ്രകരണം, ഈഹാമൃഗം, ഡിമം, സമവകാരം, ഭാണം, പ്രഹസനം, വീഥി, വ്യായോഗം എന്നിങ്ങനെയുള്ള പത്തു രൂപകങ്ങളും നാട്യശാഖയിൽപെടുന്നു. കാലത്തിനനുകൂലിച്ചു് സർവ്വ പ്രസ്ഥാനങ്ങൾക്കും നേരിടുന്ന പരിവർത്തനം സാഹിത്യത്തിനുമുള്ളതാണ്. ജീവിതമത്സരത്തിനു ശക്തി കൂടിവരുന്നതിനാൽ കുറഞ്ഞസമയംകൊണ്ടു് ആസ്വാദിക്കത്തക്ക കലകൾക്കാണ് ഇപ്പോൾ പ്രാധാന്യം കല്പിക്കപ്പെട്ടുവരുന്നതു്. മഹാകാവ്യങ്ങളുടെ സ്ഥാനം ഖണ്ഡകാവ്യങ്ങളും നോവലുകളുടെ സ്ഥാനം ചെറുകഥകളും കരസ്ഥമാക്കിയിരിക്കുന്ന ഇക്കാലത്തു് നാടകങ്ങളുടെ സ്ഥാനത്തു് പ്രഹസനം കടന്നുകയറിനില്ക്കുന്നതു് കേവലം സ്വാഭാവികം മാത്രമാണല്ലോ. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വളർച്ചയും പ്രഹസനശാഖയെ കുറെയൊന്നു പുഷ്ടിപ്പെടുത്തിയിട്ടുണ്ടു്. ‘മലയാളത്തിലെ സ്കോട്ട്’’ എന്നു പ്രസിദ്ധനായ സി. വി. രാമൻപിള്ള അവർകളുടെ ‘പണ്ടത്തെ പാച്ചൻ,’ ‘ചെറുതേൻ കൊളമ്പസ്’’ തുടങ്ങിയ പ്രഹസനങ്ങളുടെ നിർമ്മാണം തന്നെ ഈ പ്രസ്ഥാനത്തിന്റെ ആവശ്യകതയെ തെളിയിക്കുന്നുണ്ടു്. ഭാഷാസാഹിത്യത്തിൽ നാടകങ്ങൾക്കു് ഇനിയും ഗണ്യമായ ഒരു സ്ഥാനമുണ്ടായിട്ടില്ല. ഭരതമുനിയുടെ നാട്യശാസ്ത്രസിദ്ധാന്തങ്ങളുടെ കാർക്കശ്യം ഭാഷാകവികളെ നാടകനിർമ്മാണത്തിൽനിന്നു് വിമുക്തരാക്കിയിരിക്കണം. ‘നാടകാന്തം കവിത്വം’ എന്ന ചൊല്ലുതന്നെ നാടകനിർമ്മാണത്തിന്റെ ദുഷ്കരതയിൽനിന്നുണ്ടായതാണല്ലോ. കല്യാണീകല്യാണം, ഉഷ തുടങ്ങിയ ചുരുക്കം ചില സ്വതന്ത്രനാടകങ്ങളെ ഇവിടെ വിസ്മരിക്കുന്നില്ല. സംസ്കൃതനാടകങ്ങളിൽ ഒട്ടുമുക്കാലും ഭാഷയിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. ഈ പരിഭാഷമൂലം നമ്മുടെ സാഹിത്യത്തിനു് എത്രകണ്ടു ഗുണമുണ്ടായിട്ടുണ്ടെന്നു് ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. ഇവയിലൊന്നെങ്കിലും

ഇക്കാലത്തു് അഭിനയിക്കപ്പെടുന്നുണ്ടോ? നാടകം, ദൃശ്യസാഹിത്യമാ
കയാൽ അഭിനയപ്രധാനമാണു്; അതു് കണ്ടുതന്നെ രസിക്കണം. അ
ഭിനയിക്കപ്പെടാതെ അവ കണ്ടു രസിക്കുന്നതെങ്ങനെ? നയനേന്ദ്രിയ
ത്തിനു വിഷയമായ ഒരു കലയെ നാമിപ്പോൾ പൂർണ്ണമായി ശ്രവണേ
ന്ദ്രിയത്തിനു വിഷയമാക്കിയിരിക്കയാണു്. നാടകാഭിനയത്തിനു് കാ
ലം മിക്കവാറും അനുകൂലമല്ലെന്നും രൂപകങ്ങളിൽ ചില പരിഷ്ക്കാ
രങ്ങൾ വരുത്തേണ്ടതുണ്ടെന്നും ഇങ്ങനെ സിദ്ധിക്കുന്നുണ്ടു്. ലോകപ്ര
സിദ്ധമായ നാടകമാണു് ശാകുന്തളം. അതു് ഈ അടുത്തകാലത്തു്
കേരളത്തിൽ എവിടെ എത്രപ്രാവശ്യം അഭിനയിച്ചിട്ടുണ്ടു്? മിക്കവാറും
നിഷേധരൂപത്തിൽ തന്നെയായിരിക്കും ഇതിന്റെ ഉത്തരം. എന്നാൽ
'സുകൃതീന്ദ്ര'ന്റെ കർത്താവായ റവ. ഫാദർ ജോസഫ് നെടുഞ്ചിറയു
ടെ 'സത്യാത്മജൻ', 'മേരീദാസൻ' എന്നീ പ്രഹസനങ്ങൾ ക്രൈസ്ത
വകേന്ദ്രങ്ങളിലെങ്കിലും അടുത്തകാലത്തു് ധാരാളമായഭിനയിക്കപ്പെ
ടുകതന്നെ ചെയ്യുന്നു. ഇവിടെ ഒരു താരതമ്യത്തിനൊരുങ്ങുകയല്ല; പ
രിവർത്തനത്തിന്റെ നിലയെ ഒന്നു ചൂണ്ടിക്കാണിക്കുന്നെന്നേയുള്ളു എ
ന്നു വായനക്കാർ തൃപ്തിപ്പെടണം. ആരെയും പാട്ടിലാക്കാനുള്ള ശക്തി
തമിഴ്നാടകങ്ങൾക്കുണ്ടെന്നുള്ളതു് സമ്മതിക്കാം. എന്നാൽ ഇതിവൃത്ത
ത്തിന്റെ അസംഭാവ്യത, അതിശയോക്തിയുടെ വിളയാട്ടം മുതലായ
വകൊണ്ടു് അവ തന്മയത്വഹീനങ്ങളായി കാണപ്പെടുകയാൽ പ
ണ്ഡിതന്മാർ തമിഴ്നാടകങ്ങളെ അതൃപ്തിയോടുകൂടിത്തന്നെ വീക്ഷി
ക്കുന്നു. ഭാഷയിലും ചില സംഗീതനാടകങ്ങളുണ്ടാകാതെയിരുന്നില്ല.
സംഗീതത്തിനു നാടകത്തിൽ സ്ഥാനമില്ലെന്നു യുക്തിവാദംചെയ്യുന്ന
ഒരുകൂട്ടം പണ്ഡിതന്മാരെ ഇത്തരം നാടകങ്ങൾ സൃഷ്ടിച്ചുവിട്ടു. അവ
രിൽ ചിലരാണു് ഗദ്യനാടകത്തിന്റെ പ്രോത്സാഹകന്മാർ. ഇവയിൽ
പ്രാമാണ്യമേതിനായാലും സാമാന്യജനതയെ ആകർഷിക്കാൻ കഴിവു
ള്ളതു് സംഗീതനാടകത്തിനാണെന്നു് രണ്ടിന്റേയും ടിക്കറ്റുവിലയും
കാണികളുടെ എണ്ണവുംകൊണ്ടു് ഏകദേശം നിശ്ചയിക്കാം. സ്വനച
ലച്ചിത്രത്തിന്റെ ആവിർഭാവത്തോടുകൂടി ഇവയ്ക്കു രണ്ടിനും നടപ്പു കുറ
ഞ്ഞിരിക്കയുമാണു്.

ചലച്ചിത്രത്തിനു് നമ്മുടെ കഥകളിയോടു മിക്കവാറും സാമ്യമു
ണ്ടല്ലോ. എന്നാൽ സ്വനചലച്ചിത്രമാകട്ടെ കഥകളിയെ അതിശയി
ച്ചുതന്നെ നില്ക്കുന്നു. അങ്ങനെ സ്വനചലച്ചിത്രം ഒരു കഥകളിസം
ഹാരിയായി പരിണമിച്ചു. രാത്രി എട്ടൊൻപതുമണിയോടുകൂടി തുടങ്ങു
ന്ന കഥകളി ബാലസൂര്യനെ സാക്ഷിയാക്കിക്കൊണ്ടേ അവസാനിപ്പി
ക്കയുള്ളു. അതിന്റെ അഭിനയംതന്നെ എത്രപേർക്കു വശമുണ്ടു്? എത്ര
പേർ അതു കണ്ടു രസിക്കുന്നതിനുണ്ടു്? സരസകവിയായ നമ്പ്യാരാ
ശാന്റെ കാലത്തുതന്നെ

'പെട്ടി വരുന്നതു കണ്ടാൽ ചില ജനം
കൊട്ടിക്കുതകങ്ങടച്ചുവെന്നും വരും
അഷ്ടിക്കു മാത്രം കൊടുത്തയയ്ക്കും ചിലർ
കഷ്ടിച്ചു കേളി കൊട്ടിച്ചുവെന്നും വരും.'

ഇങ്ങനെയുള്ള കഥകളിയെ കളിയാക്കാനാളുകളുണ്ടായതിൽ അത്ഭുതപ്പെടുവാനുണ്ടോ? സ്വനചലച്ചിത്രം വന്നതോടുകൂടി കഥകളി 'വെളി'ക്കെടുക്കാൻ കൊള്ളാതായി. കേരളവമ്മവലിയകോയിത്തമ്പുരാനെഴുതിയ ചില ആട്ടക്കഥകൾ തന്നെ ഇനിയും അച്ചടിക്കാതെയുണ്ടെന്നു പറഞ്ഞാൽ കേരളീയക്കു് ഇപ്പോൾ പ്രസ്തുത പ്രസ്ഥാനത്തോടുള്ള പ്രതിപത്തി എത്രകണ്ടുണ്ടെന്നു് ഊഹിക്കാവുന്നതാണു്. നമ്മുടെ രൂപകസാഹിത്യത്തിൻെറ ചരിത്രം ഏതാണ്ടു് ഇങ്ങനെയൊക്കെയാണിരിക്കുന്നതു്.

ഇക്കാലത്തു് അഭിവൃദ്ധിപ്പെട്ടുവരുന്ന ഒരു രൂപകശാഖയാണു പ്രഹസനം എന്നു പറഞ്ഞുവല്ലോ. അതിൻെറ അഭിനയത്തിനു് കഥകളിക്കോ നാടകത്തിനോ ആവശ്യമുള്ളത്ര സമയം വേണ്ടെന്നുള്ളതു് അതിൻെറ ഒരു മെച്ചമാണു്. കുറഞ്ഞ സമയംകൊണ്ടു് ആസ്വദിക്കാവുന്ന ഒരു കലയല്ലു്, ഇന്നത്തെ സ്വനചലചിത്രംപോലെ പ്രചാരമുണ്ടാകാനെളുപ്പമുണ്ടു്. സംഗീതസമ്മിളിതമായാൽ അതിൻെറ ആകർഷകശക്തിക്കു വ്യാപ്തിയും കൂടും. 'പശുവും ശിശുവും' പാട്ടിൻ ഗുണമറിയുമെന്നുണ്ടല്ലോ.

"വൈരാഗ്യമേറിയൊരു "വൈദികനാ"ട്ടെ, യേററ
വൈരിക്കു മുൻപുഴറിയോടിയ ഭീരുവാട്ടെ"

സംഗീതം കേട്ടാൽ അല്പമൊന്നു നിൽക്കാ"തിരിക്ക"യില്ല.

നാടകത്തിലും പ്രഹസനത്തിലും മററും സംഗീതത്തിനു സ്ഥാനമില്ല; സംഗീതം, തന്മയത്വത്തിനു ഹാനികരമാണു്; എന്നിങ്ങനെ ന്യായവാദം ചെയ്യുന്ന ചിലരുണ്ടെന്നു പറഞ്ഞുവല്ലോ. അവരോടു വിയോജിച്ചു് എനിക്കൊന്നു പറയുവാനുള്ളതു് "പുസ്തകത്തിലെ പശു പുല്ലു തിന്നുകയില്ല" എന്നാണു്. "ഏട്ടിലപ്പടി പയററിലിപ്പടി". അതൊക്കെ പറയാനും യുക്തിവാദം പുലത്താനും കൊള്ളാം. കാണാനും കേൾക്കാനും സംഗീതപ്രഹസനം പത്ഥ്യം തന്നെയാണു്. ചിലപ്പോൾ താക്കികവ്യവഹാരം ഒരുവഴിക്കും കാര്യക്ഷമത മറെറാരുവഴിക്കുമായിരിക്കും. സാഹിത്യം പ്രകൃതിയുടെ അനുകരണമായിരിക്കണമെന്നു പറയുന്നതിൽ 'അവ്യാപ്തി'യുണ്ടു്. കലയുടെ വ്യാപ്തി അവിടെയെങ്ങും നിൽക്കുന്നില്ലെന്നുപറയേണ്ടിയിരിക്കുന്നു. പ്രകൃതിയിലില്ലാത്ത പലതും കലയിൽ കടന്നുകൂടിയെന്നു വരും. നൃത്തം (Dancing) ദൃശ്യകാവ്യമാകയാൽ അതു സാഹിത്യകലയിൽപെടുന്നതാണല്ലോ. കൈക്കും മെയ്യ്ക്കും യാതൊരു കുഴപ്പവുമില്ലാതിരിക്കേ ആളുകൾ ഇങ്ങനെ വള

ഞ്ഞും പുളഞ്ഞും നടക്കുന്നതു് പ്രകൃതിയിലെങ്ങാനുമുള്ളതാണോ? കഥകളി നൃത്യശാഖയിൽ പെട്ടതാണു്. അതിനാൽ അതും സാഹിത്യത്തിലന്തർഭവിക്കുന്നു. ഒന്നു ചോദിച്ചുകൊള്ളട്ടെ. ദുര്യോധനൻ, രാവണൻ മുതലായവർ ഊമകളായിരുന്നുവോ? എന്തിനു് നാട്യത്തിൽപെടുന്ന നാടകങ്ങൾ തന്നെ പരിശോധിക്കുക. അവയിൽ കാണപ്പെടുന്ന പദ്യങ്ങൾക്കെല്ലാം സ്വാഭാവികത കല്പിക്കാൻ കഴിയുമോ? ഈ പ്രകൃത്യതീതത്വം ശ്രാവ്യസാഹിത്യത്തിലുമില്ലെന്നില്ല. ഉമാകേരളം എട്ടാം സർഗ്ഗം ഉമയമ്മറാണിയുടെ വിലാപത്തിനായി മാററിവച്ചിരിക്കയാണല്ലോ. ഉമയമ്മറാണി വിലപിച്ചതു് പദ്യത്തിലാണോ? ദ്വിതീയാക്ഷരപ്രാസത്തോടുകൂടിയാണോ? അതു വിയോഗിനീവൃത്തത്തിൽ തന്നെയാണോ? ഈ ചോദ്യങ്ങൾ ചിലപ്പോൾ പ്രസംഗമണ്ഡപങ്ങളിൽ നിന്നുകൊണ്ടു് വേലുപ്പിള്ള ശാസ്ത്രി അവർകൾ ബി. ഏ. ചോദിക്കുന്നതു ഞാൻ തന്നെ കേട്ടിട്ടുണ്ടു്. കവി ചിലപ്പോൾ പ്രകൃത്യതീതനാകുമെന്നു് അദ്ദേഹവുമറിഞ്ഞാൽ കൊള്ളാം.

രൂപകങ്ങളിൽ സംഗീതം പാടില്ലെന്നു പറയുന്നവർ എന്തുകൊണ്ടു കവിസങ്കേതങ്ങൾ നിശ്ശേഷം ഉപേക്ഷിക്കണമെന്നു പറയുന്നില്ല? കൃഷ്ണസർപ്പം ചന്ദനവൃക്ഷത്തിൽ ചുററിയിരിക്കുന്നതും കോകികൾ രാത്രിയിൽ വിരഹമനുഭവിക്കുന്നതും ഇവരാരെങ്കിലും കണ്ടിട്ടുണ്ടോ? സംഗീതത്തിൻെറ ഹൃദയദ്രവീകരണശക്തി പ്രസിദ്ധമാണു്. യാചകന്മാർപോലും ഈ തത്വം മനസ്സിലാക്കി പ്രവർത്തിക്കുന്നുണ്ടു്.

സുകൃതീന്ദ്രനിൽ കാണുന്ന ഗാനങ്ങൾ, ആധുനികരീതിയിലെഴുതപ്പെട്ടവയാകയാൽ ആധുനികർക്കു് ആസ്വാദ്യകരമായിരിക്കാൻ വഴിയുണ്ടു്. വേറൊരു വിശേഷം പറയാനുള്ളതു് ഈ ഗാനങ്ങളെല്ലാം ഉപേക്ഷിച്ചാലും കഥാഘടനയ്ക്കു് യാതൊരു കോട്ടവും സംഭവിക്കാത്ത വിധത്തിലാണു് സുകൃതീന്ദ്രൻ നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്നുള്ളതാണു്. കവി, സംഗീതപക്ഷപാതികളെപ്പോലെ തന്നെ ചില യുക്തിവാദികളേയും തൃപ്തിപ്പെടുത്താൻ വേണ്ടിയായിരിക്കണം ഈ നയം കൈക്കൊണ്ടതെന്നു തോന്നുന്നു.

രസങ്ങളിൽ ശൃംഗാരത്തിനാണല്ലോ പ്രാധാന്യം കല്പിക്കപ്പെട്ടിരുന്നതു്. ശൃംഗാരം ഹൃദയത്തിൻെറ അന്തർഭാഗത്തു മാത്രം തട്ടി സ്വയം അനർത്ഥകാരിയായി പരിണമിക്കുന്നതല്ലാതെ കരുണരസത്തെപ്പോലെ ഹൃദയാന്തർഭാഗത്തെ സ്പർശിക്കുന്നതിനു് അതിനു ശക്തിയില്ലെന്നു തീർത്തു പറയാവുന്നതാണു്. "ഉത്തരേ രാമചരിതേ ഭവഭൂതിർവിശിഷ്യതേ" എന്ന പ്രശംസയ്ക്കർഹമായ ഉത്തരരാമചരിതത്തിൽ കരുണരസം വഴിഞ്ഞൊഴുകുന്നുണ്ടു്. ഇതു് ജീവൽസാഹിത്യത്തിൻെറ കാലമാണല്ലോ. അതു് കരുണത്തിനു് പ്രാധാന്യം കല്പിച്ചുള്ളതാണു്. അതിനാൽ ഇനി കരുണം രസരാജൻ എന്ന പേരിനു് അവകാശിയാകുമെന്നു നിശ്ചയിക്കാം. ശൃംഗാരകാവ്യങ്ങൾ സ്വതേ സാമാന്യലോകത്തെ

വശീകരിക്കാൻ പര്യാപ്തങ്ങളാണു്. അവയിൽ ഫലിതം കടത്തിവിടുന്നതു് സുസാധ്യവുമാണു്. എന്നാൽ സുകൃതീന്ദ്രനെപ്പോലെയുള്ള കരുണരസപ്രധാനമായ ഒരു കൃതിയിൽ പ്രയോജനകരമായ ഇത്രയേറെ ഫലിതങ്ങൾ ചെലുത്തിയിരിക്കുന്നതിൽനിന്നും യഥാർത്ഥ കവികൾ മനസ്സുവച്ചാൽ ആ വഴിക്കുള്ള ശ്രമവും സഫലമാകുമെന്നു തെളിയുന്നുണ്ടു്. നമ്മുടെ കവിയുടെ 'സുകൃതീന്ദ്രൻ' അദ്ദേഹത്തിന്റെ മററു പ്രഹസനങ്ങളെപ്പോലെതന്നെ കരുണരസപ്രധാനമെന്നു കാണുന്നതു് സന്തോഷാവഹംതന്നെ.

സുകൃതീന്ദ്രനിലെ പാത്രങ്ങളുടെ സംഭാഷണരീതിയെപ്പററിയും അല്പം പറയേണ്ടിയിരിക്കുന്നു. ഓരോ പാത്രത്തിനും അനുകൂലമായ സംഭാഷണരീതിയെ അംഗീകരിക്കുക, അതു് അവസാനംവരെ പുലർത്തുക, പാത്രത്തിന്റെ 'വ്യക്തിത്വ'ത്തിനു കോട്ടം തട്ടാതെ നോക്കുക എന്നിങ്ങനെ പല കാര്യങ്ങളിൽ കവി മനസ്സു ചെലുത്തേണ്ടതായിട്ടുണ്ടു്. ഈ സംഗതികളിലെല്ലാം സുകൃതീന്ദ്രകർത്താവു് ബദ്ധശ്രദ്ധനായിരുന്നുവെന്നുള്ളതു സ്പഷ്ടമാണു്. സൽപാത്രങ്ങളെപ്പോലെതന്നെ നീചപാത്രങ്ങളുടെ സംഭാഷണവും രസാവഹമായിട്ടുണ്ടു്. ഇതിലെ സേവകൻ കേവലം ഒരു കാര്യസ്ഥന്റെ നിലകൂടി അവലംബിക്കുന്നതായി കവി ആദ്യവസാനം സമർത്ഥിക്കുന്നുണ്ടു്. സുകൃതീന്ദ്രനിലെ കഥ നടന്ന സ്ഥലമേതു്, കാലമേതു്, അതു് അഭിനയിക്കേണ്ടിവരുന്ന സ്ഥലവും കാലവുമേതു് എന്നിങ്ങനെ ചിന്തിക്കുന്ന ഒരാൾക്കു് ഔചിത്യവിചാരത്തിൽ കുറെ മൗനമവലംബിക്കാതെ തരമില്ല. വ്യക്തിത്വത്തിനു മാലിന്യം വരാതെയും, തന്മയത്വത്തിനു ഹാനി തട്ടാതെയും സേവകനെക്കൊണ്ടു് ഇത്രയധികം ഫലിതം വാരിച്ചൊരിഞ്ഞു് സാരഗർഭങ്ങളായ പല സംഗതികളും സാധിക്കുക സാധാരണക്കാർക്കു ശക്യമോ എന്നു സംശയിക്കുന്നു.

കവികളുടെ ഗദ്യഭാഷയ്ക്കു മാററു കുറയും എന്നൊരു സാധാരണ പറച്ചിലുണ്ടു്. ഇതു് അടിസ്ഥാനരഹിതമാണെന്നു്, മററു കവികളുടെ കൃതികൾപോലെതന്നെ സുകൃതീന്ദ്രൻ, മേരീദാസൻ എന്നീ പ്രഹസനങ്ങളും തെളിയിക്കുന്നതാണു്. "മാളോരെപ്പോലെ നടന്നു, തെണ്ടിത്തിന്നാൻ അടിയനു ചേഷ്ടിയില്ലേ"ന്നു യാചകനെക്കൊണ്ടു പറയിക്കുന്ന കവി, മലയാളഭാഷയിൽ ചിഹ്നനത്തിന്റെ ആവശ്യകതയേയും ഗദ്യസാഹിത്യത്തേയുംപററി സൂക്ഷ്മമായി ചിന്തിച്ചിട്ടുണ്ടെന്നു നിർമ്മത്സരന്മാർ സമ്മതിക്കാതിരിക്കുകയില്ല. റോബർട്ടിന്റെ സന്താനങ്ങളെപ്പററി "എടോ തന്റേതല്ലേ അഞ്ചാറെണ്ണം ആ തിണ്ണേലും പരിയംപൊറത്തും പിത്തച്ചൂല പിടിച്ചു് വാല്യതാക്രിപോലെ വയറുംചാടി കുത്തിയിരുന്നു നെരങ്ങുന്നതു്........"എന്നിങ്ങനെ സേവകനെക്കൊണ്ടു പറയിക്കുന്ന കവിയുടെ വർണ്ണനാപാടവത്തിനു് മററു തെളിവുകളെന്തിനു്?

വാസനാസമ്പന്നനും കലാഭക്തനും സന്മാർഗ്ഗതത്വങ്ങൾക്കു പ്രാധാന്യം കല്പിക്കുന്ന ഉത്തമകവിയുമായ ഈ വന്ദ്യവൈദികൻെറ സാഹിത്യസേവനം കത്തോലിക്കവൈദികർക്കുമാത്രമല്ല കത്തോലിക്കസമുദായത്തിനു മൊത്തത്തിൽ അഭിമാനകരവും കേരളസാഹിത്യത്തിനു് ഒരു നല്ല നേട്ടവുമാണെന്നു തീർത്തു പറയാവുന്നതാണു്. കവിയുടെ വിവിധങ്ങളായ ഭാവികൃതികളെ പ്രതീക്ഷിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ ആയു'രാരോഗ്യ'സമൃദ്ധിക്കായി പ്രാർത്ഥിച്ചുകൊള്ളുന്നു.

വിദ്വാൻ, പീററർ ജോൺ കല്ലട.

20—12—1113.

---

N. B. തിരുത്തൽ.

5-ാമത്തെ പുറത്തു്

"പാവനമധുരാനിലയെ" എന്ന മട്ടെന്നും

43-ാമത്തെ പുറത്തു്

"വീയന്നാ-നഗരി-മോദമിയലുമിവനി" എന്നും

68-ാമത്തെ പുറത്തു്

"തുണയ്ക്കേണമമ്മേ! മോദാൽ പാ-പി-യേ- നീ"

എന്നും തിരുത്തി പാടേണ്ടതാണു്.

# മുഖവുര.

'നാഗമർദ്ദിനി' പ്രസിദ്ധപ്പെടുത്തിയശേഷം 'മർദ്ദിത മാമുനി' എന്നൊരു ഖണ്ഡകാവ്യമാണു് ഞാൻ എഴുതിത്തുടങ്ങിയതു്. അതു പൂത്തിയായെങ്കിലും അനുകൂലസാഹചയ്യങ്ങളുടെ അഭാവത്താൽ അതിൻെറ പ്രസിദ്ധീകരണം മാററിവയ്ക്കേണ്ടിവന്നു. 'സത്യാത്മജൻ' 'മേരീദാസൻ' എന്ന പ്രഹസനങ്ങളുടെ നിമ്മാണത്തിനു്, ബഹുജനങ്ങളിൽനിന്നും പത്രപ്രസിദ്ധീകരണങ്ങൾമൂലവും ലഭ്യമായ അഭിനന്ദനങ്ങളാൽ പ്രോൽസാഹിതനായ ഞാൻ പല സഹൃദയന്മാരുടേയും കത്തുമൂലവും മററുമുള്ള പ്രേരണയ്ക്കു വിധേയനായി, എൻെറ ഹൃദയത്തെ സവിശേഷം ആകർഷിച്ച ഒരു ഇതിവൃത്തം സ്വീകരിച്ചു് 'സുകൃതീന്ദ്രൻ' എന്ന ഈ സംഗീതപ്രഹസനം നിമ്മിക്കുവാൻ സംഗതിയായതാണു്. കോട്ടയം വിശുദ്ധ സ്ത്തനിസ്ലാവോസ് സെമ്മിനാരിയിൽ വൈദികാഭ്യസനം നടത്തിയ എനിക്കു് വിശുദ്ധ സ്തനിസ്ലാവോസിൻെറ പരിപാവനമായ ജീവിതഗതികളെക്കുറിച്ചു് കൂലംകഷമായ ഒരു പഠനം നടത്തുന്നതിനു സാധിച്ചു. ആവഴിക്കാണു് ഈ പ്രഹസനത്തിനു് പ്രസ്തുത വിശുദ്ധൻെറ ജീവിതചരിത്രം ഇതിവൃത്തമായി സ്വീകരിപ്പാൻ കാരണമായതെന്നുള്ള വസ്തുത പ്രസ്താവിച്ചുകൊള്ളട്ടെ. സഹൃദയലോകത്തിൻെറ അനുഗ്രഹപൂവ്വമായ സന്മനോഭാവത്തെ പ്രതീക്ഷിച്ചുകൊണ്ടു് എൻെറ ഈ വിനീതലഘുകൃതി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. 'മർദ്ദീതമാമുനി'യും വിനാവിളംബം പ്രസിദ്ധീകൃതമാകുന്നതാണെന്നു പ്രത്യാശിക്കാം.

'സുകൃതീന്ദ്ര'നു് കാര്യസമ്പൂർണ്ണമായ ഒരവതാരികയെഴുതിത്തന്ന ഭാഷാഭിമാനിയും പണ്ഡിതനുമായ ശ്രീമാൻ കെ. ഈ. ജോബു് അവർകൾ എം. എ; എൽ. ററി. യോടും, ആശയബഹുലവും സുദീർഘവും, പലേ വാദമുഖങ്ങളേയും പരാമർശിക്കുന്നതുമായഒരു പ്രസ്താവന എഴുതിയ വ്യാകരണാലങ്കാരപണ്ഡിതനും സാഹിത്യചിന്തകനുമായ വിദ്വാൻ പീററർ ജോൺ കല്ലട അവർകളോടും, ഈ പുസ്തകത്തിൽ വിശ്വാസേതരമായി എന്തെങ്കിലും കടന്നുകൂടിയിട്ടുണ്ടോ എന്നു സശ്രദ്ധം പരിശോധിച്ച വേദശാസ്ത്രപണ്ഡിതനായ റവ. ഫാദർ സിറിയാക്കു് നടക്കുഴയ്ക്കൽ പി: എച്ചു്. ഡി; ഡി. ഡി. യോടും ഉള്ള ഹൃദയപൂവ്വമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻെറ സാഹിത്യസേവനപരമായ ഉദ്യമത്തിൽ വിവിധതരത്തിൽ എന്നെ പ്രോൽസാഹിപ്പിച്ചിട്ടുള്ള എല്ലാ സുഹൃത്തുക്കളോടും 'സുകൃതീന്ദ്ര'ൻെറ മുദ്രണകൃത്യം ഭംഗിയായി നിവ്വഹിച്ച കോട്ടയം കത്തോലിക്കമിഷ്യൻപ്രസ്സ് ഭാരവാഹികളോടും എനിക്കുള്ള സീമാതീതമായ നന്ദിയെ പ്രദർശിപ്പിച്ചുകൊള്ളുന്നു.

സേക്രഡ്ഹാർട്ടുമൗണ്ടു്, }
8—8—1938. } ഗ്രന്ഥകർത്താ.

XVIII
2393

# സുകൃതീന്ദ്രൻ.

HOUSE OF STUDIES, T.O.C.D. MANGALORE

## അങ്കം ൧.

### രംഗം ൧. (പാനമുറി)

(സ്തനിസ്ലാവോസ് മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുന്നു.)

ഗീതം. രാഗം ഭൈരവി ആദിതാളം.

ശ്രീരഘുവര—എന്ന കീർത്തനമട്ട്.

പല്ലവി.

കന്യകസുതാ! സുരസേവിത, ദേവാ!
ജനതതിപാലകാ! ശ്രീയേശുദേവ!—കന്യക

അ: പ:

ദീനവാനായ ഭൂജാതാഖിലാധിപാ!
കാൽവരിയിലേറിയോ—രേശുനാഥാ!

സ്വരം.

പാമഗരി ഗമപധമപ ധനിസരിസ
രിസനിധനിസാ, മഗരി സരിസ
ഗരിഗ സരിഗാ, ഗരിസ നിസരി
രിസനിധനിസാ, സാനിധപമ—കന്യക

ചരണം.

പരലോകനായകാ! സുരലോകപൂജിതാ!
ഇവനുനീതാനേ, ഗതിപാലയ പാലയ
മേരീതനൂജാ! കരുണാപയോധ!
അടിയനു നൽകണമേ നൽവരമെന്നുമേ—പാമഗ

(എഴുന്നേററു് അല്പം മുൻപോട്ടു മാറിനില്ക്കുന്നു)

ഞങ്ങൾ സ്വഭവനം വിട്ടു് അധ്യയനത്തിനായി വിയന്നാപുരിയിൽ വന്നുചേർന്നിട്ടു് മാസം പലതു കഴിഞ്ഞു. പണ്ഡിതവരേണ്യരും മഹാത്യാഗികളും വിശാലമനസ്കരുമായ ഈശോസഭാംഗങ്ങളാൽ നടത്തപ്പെട്ടിരുന്ന കോളേജിലെ, അവരുമായുണ്ടായിരുന്ന സഹവാസവും അവർ നൽകിയിരുന്ന ശിക്ഷണവും എനിക്കു് ഒരിക്കലും വിസ്മരിക്കുവാൻ നിവൃത്തിയില്ല. എന്നാൽ നിർഭാഗ്യവശാൽ ഫെർഡിനാന്തചക്രവർത്തിയുടെ നിര്യാണാനന്തരം പ്രസ്തുത വിദ്യാലയം നിന്നുപോകയാണുണ്ടായതു്. അവിടെ ചേർന്നിരുന്ന അദ്ധ്യേതാക്കൾ നാനാദിക്കിലും പോയി അഭ്യസനം തുടങ്ങിക്കഴിഞ്ഞു. ഹാ! സ്വസഹോദരനും പിതാവിന്റെ പ്രതിപുരുഷനെന്ന നിലയിൽ ഞങ്ങളെ പരിപാലിക്കുവാൻ അയയ്ക്കപ്പെട്ട ഗുരുനാഥനുംകൂടി ഞങ്ങൾക്കു തെരഞ്ഞെടുത്തതു് ഈ നാസ്തികന്മാരുടെ ഭവനമാണു്. ദുർവൃത്തരായ അന്തേവാസികളൊരുമിച്ചുള്ള ജീവിതം എന്റെ ആത്മനാശത്തിനുപോലും പ്രചോദനമായിത്തീരാൻ ഇടയുണ്ടു്. പോരെങ്കിൽ സഹോദരനും ഗുരുവരനും അവരുടെ ആത്മമിത്രങ്ങളായി പരിണമിച്ചിരിക്കുന്നു. ജ്യേഷ്ഠനു് പഠനത്തിൽ വിരസതയും സൽപന്ഥാവിൽനിന്നു് ഒരു വ്യതിചലനവും കാണുന്നതിൽ ഞാൻ സഹതപിക്കുന്നു. അദ്ദേഹത്തിനു ഗുണോന്മുഖമായ ഒരു മനസ്ഥിതിയുണ്ടാകുവാൻ പ്രാർത്ഥിക്കയല്ലാതെ എന്നാൽ മറെറാന്നുംതന്നെ കരണീയമായിട്ടില്ല. ഹാ, ജഗദീശാ! നീ മാത്രം ഞങ്ങൾക്കു് ആലംബം. ഓ! ദേവാംബികേ! അവിടത്തെ പരിപാവന കരങ്ങളാൽ ഞങ്ങളെ താങ്ങിക്കൊള്ളേണമെ!!

(പഠനത്തിനായി കസാലയിൽ ഇരുന്നു മേശപ്പുറത്തുനിന്നു ഒരു പുസ്തകമെടുത്തു വായിക്കുകയും എഴുതുകയും ചെയ്യുന്നു. ട്യൂട്ടർ പ്രവേശിക്കുന്നു. കൈയിൽ കുറെ വർത്തമാനപ്പത്രങ്ങളും ഒരു കത്തിച്ച ചുരുട്ടുമുണ്ടു്.)

ട്യൂട്ടർ—സ്റ്റാനി, നീ ഗൃഹപാഠങ്ങൾ എല്ലാം ചെയ്തുതീർത്തുവോ?

(ഗുരുവിന്റെ സ്വരം ശ്രവിച്ചമാത്രയിൽ സ്റ്റാനി എഴുന്നേററു സാദരം)

സ്വാമി: ഗുഡ്മോർണിംഗ് സാർ, ഞാൻ എല്ലാം ഭംഗിയായി ചെയ്തു.
(അടുത്തു കിടന്ന ഒരു കസാലയിൽ ട്യൂട്ടർ ആസന സ്ഥനാകുന്നു.)

ട്യൂട്ടർ: നീ ചെയ്ത കണക്കു ഞാനൊന്നു പരിശോധിക്കട്ടെ. (സ്വാമി ബുക്ക് എടുത്തു കൊടുക്കുന്നു. ട്യൂട്ടർ പരിശോധിക്കുന്നു.) 'വെറിഗുഡ്'' ഉപന്യാസമെടുക്കൂ. (സ്വാമി ഉപന്യാസം എഴുതിയതു് എടുത്തു കൊടുക്കുന്നു)

ട്യൂട്ടർ: വളരെ 'നീററാ'യിരിക്കുന്നു തലച്ചോറുള്ളവർക്കു അധികമൊന്നും പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല; ഇല്ലാത്തവർക്കു പറഞ്ഞുകൊടുത്തതുകൊണ്ടു് ഫലവുമില്ല; "ജോമട്രി" ചെയ്തില്ലയോ?

സ്വാമി: ഒരു 'തിറം പ്രൂവ്' ചെയ്തു. "പ്രാക്ററിക്കൽ" വരച്ചിട്ടു ശരിയാകുന്നില്ല.

ട്യൂട്ടർ: കൊള്ളാം, അതു് അടുത്ത പ്രഭാതത്തിൽ ഞാൻ ചെയ്തു കാണിക്കാം. ഇന്നു പല രാഷ്ട്രീയലേഖനങ്ങളും വായിച്ചു് ചിന്തിക്കാനുണ്ടു്. (എന്നു പറഞ്ഞു പത്രപാരായണം തുടങ്ങി.)

സ്വാമി: ഇന്നു ക്ലാസ്സിൽ ചെയ്തുകാണിക്കണമെന്നു പ്രത്യേകം ആജ്ഞാപിച്ചിട്ടുണ്ടു്.

ട്യൂട്ടർ: നോട്ടുബുക്കു കൊണ്ടുവരുവാൻ മറന്നുപോയെന്നു പറയുക.

സ്വാമി: സർവ്വ വിദ്യാർത്ഥികളും ഇന്നു അവരുടെ പുതിയ പാഠപുസ്തകങ്ങളും നോട്ടുബുക്കുകളുമായി ഹാജരായിക്കൊള്ളണമെന്നു ഹെഡ്മാസ്റ്റർ അവർകൾ നോട്ടീസു് ഇട്ടിട്ടുണ്ടു്.

ട്യൂട്ടർ: കുട്ടികൾക്കു വിസ്മൃതി സഹജമാണെന്നു അദ്ദേഹത്തിനറിയാം, അല്ലെങ്കിൽ ശിക്ഷിക്കട്ടെ. കൂടിവന്നാൽ ഒരു ചെറിയ തുക ഫൈൻ ഇടും. അതു കൊടുത്തു നാളെ ക്ലാസ്സിൽ പ്രവേശിക്കാം.

സേവകൻ: (ചാടി പ്രവേശിക്കുന്നു) ഒന്നാന്തരം നല്ല താറു്, എന്തിനാ മാതംമാതം ചമ്പളം വാങ്ങുന്നതു്? താറിനു്

പണിയാംമേലാത്തതിനു പിള്ളേരു പള്ളിക്കൂടത്തി പെഴ ഒടുക്കണം. അല്ലെങ്കിൽ പെഴ തീരുന്നതുവരെ തർപ്പുണ്ടു്. പ്രപുകുട്ടമ്മത്തിൻെറ അന്തത്തിനു ഒപ്പിച്ചല്ലേ താറു ഉണ്ണികളെ വളത്തുന്നതു്.

ട്യൂട്ടർ: സേവകാ! ഞാൻ നേരംപോക്കായ് സംസാരിച്ചതല്ലേ?

സേവ: നേരാ, നേരാ, താറിനു കുറച്ചു നാണംവരുന്നു അല്ലേ.

ട്യൂട്ടർ: സ്ലാനീ! മേശയിൽ കാണുന്ന പുസ്തകമെന്താണ്?

സ്ലാനി: വലിയ വേദോപദേശം.

ട്യൂട്ടർ: വേദോപദേശം പാരായണംചെയ്തു സമയം പാഴാക്കിയാൽ വിജയം നാസ്തി.

സേവ: ചരി, ചരി, നിരീച്ചരന്മാർക്കു ഇതു പിടിക്കുമോ? താറിനു കുരിശുവരയും കുമ്പതാരവും പള്ളിയിൽപോക്കും ഒന്നും ഇല്ലാതായിട്ടു് നാളു കുറെ കഴിഞ്ഞില്ലേ? വേദോപദേചം കാണുമ്പം ഒരു മനക്കടിയും ചെവിക്കുത്തും. അയ്യോ എന്തിനാ ഇതൊക്കെ പറയിപ്പിക്കുന്നതു്. ഏതായാലും താറിൻെറ കാര്യം കഴിഞ്ഞു. ഇനി ചെറുക്കൻ പെണ്ണുകെട്ടാൻനേരത്തു കണ്ണുമിഴിച്ചോ. (സ്ലാനിയോടു്) മതി എൻെറ പൊന്നു കുഞ്ഞു വായിച്ചതു മതി. വന്നിററു കാപ്പിവെള്ളം മോന്തിക്കേ. നേരം ചെക്കലടിച്ചപ്പം പുത്തകവും ആയിട്ടിരുന്നതാണ്. മണി പത്തായി ആണ്ടെ ആസാന്മാരും എഴുത്തുപിള്ളേരും പോകുന്നു. (ട്യൂട്ടരോടു്) താറു കാലത്തെ ബഡ്കാപ്പിയും എട്ടുമണിക്കു ഫുൾകാപ്പിയും മൊട്ടയും ബട്ട്റും അടിച്ചു. പോരെങ്കിൽ ചുരുട്ടും വലിച്ചു കടലാതുമായിട്ടു പത്തുമണിക്കു ചൊല്ലിക്കൊടനേച്ചു കഴിക്കാൻ വന്നിരിക്കുന്നു. എന്നാൽ കുഞ്ഞു വല്ലതും കഴിച്ചോ എന്നൊന്നു് തെരക്കിയോ. ചേട്ടൻകാന്നവരു കാലത്തെ കാററുപന്തുതട്ടാൻപോയിരിക്കയാ. കട്ടം എന്തിനു പറയുന്നു, (സ്ലാറിയോടു്) വാ! എൻെറ തങ്കച്ചൻ വന്നു കാപ്പികുടി (എന്നു പറഞ്ഞു് സ്ലാനിയെ പിടിച്ചുകൊണ്ടു പോകുന്നു.)

(പോൾ തന്റെ ദുർവൃത്തരായ സഖാക്കളോടുകൂടി ആഗതനാകുന്നു.)

ഗീതം.

പാവനമധുരാപുരി എന്ന മട്ട്.

അനുപല്ലവി.

പാവനപുരിമോഹനമയേ, വിയന്നാ ധരയെ
ശ്രീയിയലും സ്വർഗ്ഗസമാനം—മോദമേകിടും നഗരം
മോഹനനാടകശാലയും നൃത്തകലാദികളെന്നിവ-
സ്വർഗ്ഗസുരാലയവാസമീ-വാനിനുതുല്യമാം വിയന്നാ.

പല്ലവി.

എന്നുടെവാസം ഭാഗ്യപൂർണ്ണമതല്ലോ!

ചരണം.

ശോഭിതകാഞ്ചനമണി ഞാൻ
ഉത്തമനായമണിഞ്ഞാൻ
സ്നേഹിതരിവരെൻ തുണയായ്
വന്നേനിവനിഹ മണിയായ്
കോളജിലെന്നുടെ പഠനം
മോശതരം ബഹു ക്ലേശം
മോഹിതസ്നേഹിതരിവരെൻ
പ്രാണനതാണിഹ ഭുവനേ.

ട്യൂട്ടർ: (ഗൗരവഭാവത്തിൽ) പോൾ! നീ എവിടെപ്പോയിരുന്നു?

പോൾ: എവിടെ പോയാലെന്താ? വെറുതെ കോപിക്കാതെ ഒന്നു ക്ഷമിക്കണം. കോളേജിൽ മണി അടിച്ചതേയുള്ളൂ അഥവാ അല്പം താമസിച്ചാൽതന്നെ ഫൈൻ കൊടുത്താൽ മതിയല്ലോ. (പോൾ മേശപ്പുറത്തിരുന്ന പുസ്തകങ്ങൾ അടുക്കി എടുക്കുന്നു.)

ട്യൂട്ടർ: ഫൈൻ കൊടുക്കുവാൻ പണം പ്രത്യേകം വരുത്തുന്നുണ്ടോ?

പോൾ: ദയവായി സാർ ഒന്നു മൗനം അവലംബിച്ചാലും. ഞാൻ പുസ്തകങ്ങൾ തെരഞ്ഞെടുക്കിക്കൊള്ളട്ടെ

ട്യൂട്ടർ: ഇന്നത്തെ റ്റ്യൂഷൻ നീ നഷ്ടപ്പെടുത്തിയില്ലയോ?

പോൾ: സാറിനു തോന്നുമ്പോൾ വന്നാൽ എന്നെ കാണുമോ?

ട്യൂട്ടർ: കഴിഞ്ഞ രാത്രിയിൽ ഈ വസതി മുഴുവൻ ആരാഞ്ഞിട്ടും നിന്നെ കണ്ടില്ലല്ലോ.

പോൾ: എന്റെ സാറേ! വല്ലടത്തും നോക്കിയാൽ എന്നെ കാണുമോ? ഞാൻ ഇരുന്നടത്തും കിടന്നടത്തും വന്നു നോക്കേണ്ടിയിരുന്നു.

പോൾ: സ്ഥാനി! (വിളിക്കുന്നു)

സേവ— (അണിയറയിൽനിന്നു വിളിച്ചുപറയുന്നു) താനി കാപ്പി കുടിക്കയാണേ ഇപ്പോൾ വിട്ടേക്കാമേ.

പോൾ: (കുപിതനായി) എടാ! സ്ഥാനി! നീ എന്റെ ഫൗണ്ടൻ പെൻ കരസ്ഥമാക്കിയോ? പുസ്തകമാണെങ്കിൽ തന്നെ ഒന്നും മേശപ്പുറത്തില്ല.

സ്ഥാനി: ജ്യേഷ്ഠാ! ഞാൻ പെൻ എടുത്തില്ല.

പോൾ: അസത്യം പറയുന്നുവോ? ദ്രോഹി! നീ അല്ലാതെ വേറെ ആരാണെടുത്തതു്? (സ്ഥാനിയുടെ കഴുത്തിനു പിടിച്ചു തള്ളുന്നു സ്ഥാനി മുട്ടുകുത്തി വീഴുന്നു)

സേവ— (പ്രത്യക്ഷനായി) കൊച്ചിന്റെ പെടലിക്കു പിടിച്ചു് ചാതം മുട്ടിച്ചാൽ പേനാ കാണുമോ? അതു വല്ല ചാപ്പിലും തപ്പിയാക്കാണും.

പോൾ: എടാ നിനക്കു ഇന്നലെ കിട്ടിയതു ഇത്ര ക്ഷണം മറന്നുവോ?

സേവ— ആ! കൊള്ളാം. അതുകണ്ടോ അടിയൻ മറക്കു. ഇപ്പോൾ തേ ചതച്ചാ വല്ലോം വായിലിടുന്നതു്.

പോൾ: പേന എവിടെ തപ്പിയാൽ കാണുമെന്നാണ് നീ പറഞ്ഞതു്?

സേവ— പേനായോ— ആ പേനാ— കുഞ്ഞു കളിച്ചപ്പം വല്ലടത്തും വീണതു് തേ ഈ പുള്ളേരെങ്ങാനും കണ്ടു് ചാപ്പിക്കൊണ്ടുപോയി കൊടുത്തു് വല്ലതുമിറവ മോന്തിക്കാണുംവെന്നു ഞാൻ ഊകിച്ചു പഴഞ്ഞതാണ്.

പോറം: അതേടാ നിന്റെ ഊററം ഞാൻ നിറുത്താം. (കൈയിൽ ഉണ്ടായിരുന്ന പുസ്തകമൊന്നാകെ സേവകന്റെ മാറത്തു് കുപിതനായി എറിയുന്നു) കേളേജിൽ പോയി വരട്ടെടാ ദ്രോഹി! (പോയി)

കർട്ടൻ

## രംഗം ൨ (ഉല്ലാസമുറി)

(പോറം തന്റെ സഖാക്കളുമായി ചീട്ടു കളിച്ചു രസിക്കുന്നു. ഇടയ്ക്കിടയ്ക്കു വാദകോലാഹലം. ട്യൂട്ടർ ഒരു കസാലയിൽ ചാരിക്കിടന്നു പത്രപാരായണം നടത്തുന്നു.)

പോറം: സേവകാ!

സേവ– എന്താ, (ആഗതനായി ആചാരം ചെയ്യുന്നു.)

പോറം: ശീഘ്രം നാലു കഫ് ചായ കൊണ്ടുവരു.

സേവ– കട്ടംചായ പോരെ പാലില്ല.

പോറം: എടാ! ശവമെ, നീ പാൽ വാങ്ങിയില്ലയോ?

സേവ– ആ കൊള്ളാം. ഞാനോ രണ്ടു കുപ്പി പാൽ വാങ്ങിച്ചു കാച്ചി അടുപ്പേൽ വെച്ചുംവച്ചാ കചാപ്പുകടയിപ്പോയതു്.

പോറം: എന്നിട്ടു്.

സേവ– എന്നിട്ടെന്നാ, ഇപ്പിനു് എല്ലാംകൊണ്ടു് തിരിച്ചു വന്നപ്പം ഒരു തുള്ളിപോലുമില്ല.

പോറം: ആരെടുത്തു. സ്വാമി മുഴുവൻ കുടിച്ചുവോ?

സേവ– ഒരിക്കലുമില്ല. എന്തിനാ ആ കുഞ്ഞിനെ പഴിക്കുന്നതു്.

പോറം: പിന്നെ ആരാണു് അക്രമിച്ചതു്?

സേവ—ഞാൻ ഇവിടെ ഇല്ലാത്ത തരം നോക്കി അദ്ദേവാ! അക്കറെ ആ കണ്ടൻപൂച്ച മുഴുവനും കണ്ണുമടച്ചു നക്കി നക്കി കുടിച്ചു. എന്തിനു് ഇനി ആ കള്ളനു് കണ്ണടച്ചും കൊണ്ടു നക്കേണ്ട.

പോറം: നീ എന്തു ധീരകൃത്യമാണു ചെയ്തതു്?

സേവ—ചെറുവത്തടിക്കു ഒന്നു കൊടുത്താറെ അവന്റെ തലയും പാത്രവും തവിടുപൊടി. (എല്ലാവരും ചിരിക്കുന്നു)

റോബർട്ടു്—പാത്രം തകർന്നുകാണും.

പോൾ: വേഗം പോയി ഓരോ ഔൺസു വിഞ്ഞു കൊണ്ടുവരു. (അണിയറയിൽ പൂച്ച കരയുന്ന ശബ്ദം കേൾക്കുന്നു) പൂച്ച, പൂച്ച, അയ്യോ മീൻ വത്തു മുഴുവൻ തിന്നുകാണും. (സേവകൻ അകത്തേക്കു ഓടുന്നു. ഒരു കുപ്പി ഉടയുന്ന ശബ്ദം കേൾക്കുന്നു. സേവകൻ പ്രത്യക്ഷപ്പെടുന്നു)

സേവ— ആണ്ടെ ബോട്ടിലെല്ലാം തവിടുപൊടി.

വില്യം: ആ തല പോയ പൂച്ചയല്ലയോ വന്നതു്? (ചിരി)

പോൾ: ഏതു ബോട്ടിലാണു് പൊട്ടിയതു്?

സേവ— വിഞ്ഞുകുപ്പിയും മററതും.

പോൾ: കഷ്ടം! ബ്രാണ്ടികുപ്പിയോ?

സേവ— അല്ലാ വിക്കികുപ്പിയാ.

പോൾ: കഷ്ടം! എന്തു ഗ്രഹപ്പിഴയാണിതു്? നീ പോയി ഡിന്നർ തയാറാക്കുക.

റോ— ഹേ! മി. പോൾ എനിക്കു് അതിയായ തലവേദന തോന്നിക്കുന്നു. കളി നിറുത്താം.

ഹെൻട്രി: ഏതായാലും കളി നിറുത്താൻ കല്പിക്കേണ്ടാ സലാം വയ്ക്കുവാൻ സമയമാകുമ്പോൾ തലവേദന തന്നെയുണ്ടാകും.

വില്യം: (റോബർട്ടിൻെറ നെററിമേൽ കൈ വച്ചു നോക്കിക്കൊണ്ടു്) വാസ്തവമാണു് അല്പം പനിയും തോന്നിക്കുന്നുണ്ടു്. സുഖനിദ്ര വേണം.

പോൾ: സേവകാ! ഒരു കിടക്കയെടുത്തു വിരിക്കു.

(സേവകൻ ഒരു പായും തലയിണയും കൊണ്ടുവന്നു സ്റ്റേജിൻെറ ഒരു ഭാഗത്തു് വിരിച്ചുകൊടുക്കുന്നു. റോബർട്ടു് ശയിക്കുന്നു)

പോൾ: നാലു പേരില്ലെങ്കിൽ കളിക്കെന്തു രസമാണുള്ളതു്?

വില്യം: പോൾ പറഞ്ഞതു വാസ്തവംതന്നെ.

പോൾ: (ട്യൂട്ടരോടു്) സാർ ഇരിക്കുന്നോ?

ട്യൂട്ടർ— കഴിഞ്ഞരാത്രി മുഴുവൻ ഉറക്കമൊഴിഞ്ഞതിനാൽ ഞാൻ അല്പം വിശ്രമിക്കട്ടെ. പോരെങ്കിൽ പോളിനോടു തക്കിക്കുവാൻ ഞാൻ ശക്തനല്ല.

പോൾ: സാറായാലും ശരി ഞാൻ കള്ളക്കളിവകവച്ചുതരികയില്ല.

പോാറം: സ്റ്റാനീ! (സേവകൻ ആഗതനായി)
സേവ– സ്റ്റാനി കുരിശു വരക്കുകയാ.
പോാറം: അവൻെറ ജപം നിറുത്തി ഇവിടെ വരുവാൻ പറയൂ.
സേവ: ഉത്തരവ് (പോയി)
(സ്റ്റാനി പ്രവേശിക്കുന്നു)
പോാറം: സ്റ്റാനീ! റോബർട്ടിൻെറ സ്ഥാനത്തിരുന്നു കളിക്കുക.
സ്റ്റാനി: ജ്യേഷ്ഠാ! എനിക്കു ചീട്ടുകളിയറിഞ്ഞുകൂടാ.
പോാറം: ഓഹോ! നിനക്കു അറിഞ്ഞുകൂടെന്നോ? അസത്യം!
സ്റ്റാനി: എന്നെ ഇതാരും അഭ്യസിപ്പിച്ചിട്ടില്ല ജ്യേഷ്ഠാ.
ഹെൻട്രി: അമ്പടാ! ഒരു കൊച്ചു പുണ്യവാൻ! വെറുതെയല്ല കുമ്പിറത്തടിക്കു വില കൂട്ടുന്നതു്.
പോാറം: ഇരുന്നു കളിയടാ (സ്റ്റാനി ഇരിക്കുന്നു. കളി തുടങ്ങുന്നു)
പോാറം: (മേശപ്പുറത്തു് ഇറക്കിയിട്ടിരിക്കുന്ന ഒരു ചീട്ടു കാണിച്ചുകൊണ്ടു്,) സ്റ്റാനീ! നീ ഈ ജാതി ഒരു ചീട്ടിറക്കു.
സ്റ്റാനി: (തൻെറ കൈയിൽനിന്നു് ഒരു ചീട്ടെടുത്തിടുന്നു.)
പോാറം: എടാ കഴുതേ! ഒരു ക്ലാവർ ഇറക്കെടാ.
സ്റ്റാനി: ജ്യേഷ്ഠാ! അതു് ഇതിൽ ഏതാണു്? (എന്നു പറഞ്ഞു ചീട്ടു മുഴുവനും മലർത്തിക്കാണിച്ചു)
പോാറം: എടാ ഭോഷാ! നിന്നോടു് ആരു പറഞ്ഞു കൈ മുഴുവനും മലർത്തിക്കാണിക്കുവാൻ? ദ്രോഹി! നിനക്കു ഉണ്ണാനല്ലാതെ മററെന്തറിയാം? (സ്റ്റാനിയെ പ്രഹരിച്ചു് കസാലയിൽനിന്നു തള്ളി താഴത്തിട്ടു് ചവുട്ടുന്നു. സ്റ്റാനി കണ്ണുനീർ പൊഴിക്കുന്നുണ്ടെങ്കിലും ക്ഷമയോടെ സഹിക്കുന്നു. സുസ്മേരവദനനായിതന്നെ കാണുന്നു.)
പോാറം: ഇവൻ പെരുംകള്ളൻ. യാതൊരു കൂസലുമില്ല. (ആത്മഗതം) ഇക്കാലത്തു് ചീട്ടുകളി, ബീഡിവലി, കള്ളുകുടി ഇത്യാദികറം അഭ്യസിക്കാത്ത കുട്ടികറം ഉണ്ടെന്നോ?! (പ്രകാശം) ഇവനെ ഇതാരും അഭ്യസിപ്പിച്ചിട്ടില്ലപോലും! പെരും കള്ളൻ!
ഹെൻട്രി: മി. പോാറം! ധൂമക്കുററിയാട്ടാൻ തൻെറ അനുജനെ ആരാണു് പഠിപ്പിച്ചതു്?

വില്യം: ഇവനെപ്പോലെ ലവലേശം ക്രൂരലില്ലാത്ത ഒരു ബാലനെ ഞാൻ എൻെറ ആയുസ്സിൽ ദർശിച്ചിട്ടില്ല.

പോാം: എടാ! വില്യം പറഞ്ഞതു നീ കേട്ടോ? മുട്ടുകുത്തു്. (സ്റ്റാനി മുട്ടു കുത്തുന്നു) ഏത്തമിടെടാ (സ്റ്റാനി ഏത്തമിടുന്നു.)

ട്യൂട്ടർ– (കസാലയിൽനിന്നും എഴുനേററു്) ഏത്തമിട്ടതു മതി (സ്റ്റാനി നിറുത്തുന്നു) സ്റ്റാനീ! സഹോദരൻെറ ആജ്ഞയെ ഇനിയെങ്കിലും അനുസരിക്കണം. പ്രത്യുത തിരസ്കരിച്ചാൽ ഇത്തരത്തിലുള്ള ശിക്ഷകൾക്കു് മേലിലും നീ വിധേയനാകും.

പോാം: എടാ! ദ്രോഹി! വന്ദ്യ ഗുരു പറഞ്ഞതു ശ്രവിച്ചുവോ? ഞാൻ തിരിച്ചുവരുന്നതുവരെ ഈ നില്പു് മുട്ടിൽ നിന്നുകൊള്ളണം.

വില്യം: നമുക്കു് പാർക്കിൽ പോയി വിശ്രമിക്കാം.

പോാം: ഓഹോ, എനിക്കു വൈമനസ്യമില്ല. എന്നാൽ ഇന്നു സിനിമാ കാണുവാൻ നേരത്തെ ഗമിക്കണം.

റോബ: (എഴുനേററു്) ഹേ! ഞാനും വരുന്നു.

ഹെൻട്രി: സിനിമായെന്നു കേട്ട മാത്രയിൽ റോബർട്ടിൻെറ തലവേദന പമ്പ കടന്നു.

ഗീതം

പോാം:

"ചിന്താമണിയിലെ" "മായപ്രപഞ്ചത്തിൽ" എന്ന മട്ടു്.

മായപ്രപഞ്ചത്തിൽ സാമോദം വാഴണം
മദ്യമല്ലാതിവക്കാനന്ദം വേറില്ലേ
എന്നുടെ ജീവിതം സ്വർഗ്ഗവും തോൽക്കും
ഭൂതലേ വാസമെൻ നാടകശാലേ
അനുദിനം വാസം ദുരിതമേശാതെ

റോബർട്ടു്: പാർപ്പിടമേ ബഹുരമാടിയിലേത്തും;
ഇപ്പുരിയിവനും ഭാവുകമേ—ഇനി

എല്ലാവരും: മദ്യമല്ലാതിവക്കാനന്ദം വേറില്ലേ.

വില്യം: സുന്ദരമാധുര്യത്തേമൊഴിനാദം
കോകിലവാണികാം പാട്ടമതാകെ

കേട്ടിട്ടവാനോ പോകാമിരാത്രി
അഞ്ചിതസ്നേഹിതന്നാഗ്രഹമല്ലോ
പോകാമുടനെ പരമാനന്ദം—ഇനി
എല്ലാവരും: മദ്യമല്ലാതിവക്കാനന്ദം വേറില്ലേ (പോയി)

സ്റ്റാനി: ഹാ! ദൈവമേ! അവിടത്തെ അനന്തമായ ആർദ്രതയാൽ സ്വസഹോദരന് മാനസാന്തരം നൽകണമെ. (ബാഷ്പാകുലനായി) അനുദിനം ലഭിക്കുന്ന മർദ്ദനത്താൽ ഞാൻ ക്ലേശിതനാകുന്നില്ല, എന്തെന്നാൽ ഐഹികസന്തോഷങ്ങൾക്കായിട്ടല്ല, ഞാൻ ഭൂജാതനായിരിക്കുന്നത്; പ്രത്യുത ഉൽകൃഷ്ടകാര്യങ്ങൾക്കായിട്ടത്രെ. എന്നാൽ സഹോദരൻെറ മ്ളാനമായ ജീവിതം സ്വഹൃദയത്തെ വേധിക്കുന്നു. എൻെറ അമ്മേ! പരമനായികേ! ഈ പാപിയെ കൈവിടരുതേ! എനിക്കു ലഭിക്കുന്ന പീഡകൾ ജ്യേഷ്ഠൻെറ മാനസാന്തരത്തിനായി സാമോദം ഞാൻ നിൻെറ ദിവ്യകുമാരൻെറ പക്കൽ സമർപ്പിക്കുന്നു.

ഗീതം

കാമശ് (ഷഡാനാ—എ—മ:

പല്ലവി

മഹീതലം—ദുരിത—പൂരിതം (മഹീതലം)
മഹീപതേ! ക്രിസ്തുദേവ! നമോ നമഃ (മഹീപതേ)

അ: പ:

വിശ്വപാലകാ! ബഹു പൂജിതാ
പാപപങ്കഹാരി—പാപിയെ തുണ

ചരണം

കരുണാകരാ! സുരനായകാ!
വരദായകാ! പരിപാവനാ!
ദുരിതമിവനും—ധരണിയിലധികം
തരുവാനിരപ്പൂ—പരമീശനേ! (മഹീതലം)

കർട്ടൻ

രംഗം ൩.

(സ്വാമി പൂർവസ്ഥാനത്തു കാണപ്പെടുന്നു)

ഗീതം

(ഗാന്ധിർഷി എ. മ. ഹിന്ദുസ്ഥാൻ കാപ്പി.)

പല്ലവി.

ദേവജനനീ, മനോഗുണമരുളുക നാഥേ!—ദേവ-

ദേവാംബികേ! വരമേകമാതേ!

തവദാസനെന്നും മനോഗുണമരുളുക നാഥേ!-ദേവാം

ചരണം.

നിർമ്മലജനനിയെ നിന്നടിതൊഴുന്നു കന്യകയേ
കന്മഷഹീനയെ നിന്നെവാഴ്ത്തിടുന്നു രാജ്ഞിയേ!
നന്മയാൽപൂരിച്ചനാരി പരലോകേയുന്നതയേ!
അംബികയെ വിണ്ടലത്തിൽമുടിയണിഞ്ഞ റാണിയേ!
കാത്തിടുക വരമേകവരദേ, നിത്യം—ദേവ-ജനനീ

(സ്വാമി പോക്കററിൽനിന്നും ജപമാല എടുത്തു ജപിക്കുന്നു. പോൾ സഖാക്കളും ട്രൂട്ടരുമായി പ്രവേശിക്കുന്നു.)

പോൾ: സ്നേഹിതരേ! സ്വാമി എൻെറ ആജ്ഞാനുസരണം നില്ക്കുന്നതു കണ്ടാലും.

റോബർട്ട്;-നാം സിനിമാഹാളിലായിരുന്നപ്പോൾ ഇത്രടം വന്നിരുന്നെങ്കിൽ ഇവൻ എവിടെ ആയിരുന്നു എന്നു് കാണാമായിരുന്നു.

ഹെൻട്രി: നമ്മുടെ പ്രത്യാഗമനം സേവകൻ ഇവനെ അറിയിച്ചുവെന്നതിനു സന്ദേഹമില്ല.

വില്യം: മി. പോൾ! നിങ്ങളുടെ ഇഷ്ടാനുവർത്തിയായ സഹോദരൻെറ കരങ്ങളിൽ കാണുന്നതു് എന്താണെന്നു ഒന്നു സൂക്ഷിച്ചാലും.

റോബ: ജ്യേഷ്ഠൻ കല്പിച്ചിട്ടായിരിക്കാം ഇവൻ കൊന്തക്കുരു തിരുമ്മിപ്പൊടിക്കുന്നതു്.

പോൾ: (കുപിതനായി) ദുഷ്ടാ! നീ എൻെറ ആജ്ഞയെ ലംഘിച്ചുവോ?

സ്താനി: പ്രിയ ജ്യേഷ്ഠാ! ഒരിക്കലുമില്ല.

പോൾ: നീ എഴുനേററു് മുറിയിൽ പ്രവേശിച്ചല്ലയോ ജപമാല കരസ്ഥമാക്കിയതു്.

സ്താനി: ജ്യേഷ്ഠാ! തിരുക്കൊന്ത എൻെറ പോക്കററിലുണ്ടായിരുന്നു.

വില്യം: തിരുക്കൊന്തയോ? അതു് എവിടെനിന്നുള്ള വരവാണു്. സ്വർണ്ണംകെട്ടിച്ചതാണോ?

പോൾ: വാദത്തിനുവേണ്ടി സമ്മതിച്ചാൽതന്നെയും കൊന്ത ഉരുട്ടുവാൻ ഞാൻ ആജ്ഞാപിച്ചിരുന്നുവോ?

സേവ: (പ്രത്യക്ഷനായി) നേരാ, നേരാ, നീ അല്ലങ്കിൽ നിൻെറ തന്തയാ വെള്ളം കലക്കിയതു് എന്നു പണ്ടു് ഒരു ചെന്നാ പറഞ്ഞ സമ്പ്രദായമാണിതു്.

പോൾ. (സേവകനോടു്) പോകടാ അകത്തു്. (സേവകൻ അപ്രത്യക്ഷനായി)

സ്താനി: ഞാൻ പ്രാൎത്ഥിക്കരുതെന്നു ജ്യേഷ്ഠൻ പറഞ്ഞിരുന്നില്ല. അഥവാ ജപിച്ചാൽതന്നെയും അതു് ഒരിക്കലും കുററമാകയില്ലല്ലോ. എനിക്കു നൽകിയ ശിക്ഷ എൻെറ പാപപരിഹാരമായി ഞാൻ കാഴ്ച അർപ്പിക്കയും ദൈവജനനിയോടു് പ്രാർത്ഥിക്കുകയുമായിരുന്നു.

പോൾ: നിൻെറ യുക്തി ഒന്നും കേൾക്കണ്ടാ ആ കൂട്ടത്തിൽ ഇതുകൂടി കാഴ്ചവച്ചുകൊൾക (പ്രഹരിക്കുന്നു. പ്രഹരമേററു സ്താനി നിലംപതിക്കുന്നു.)

പോൾ: അമ്പടാ നിൻെറ കള്ളത്തരം. നിന്നെ ഞാൻ എഴുനേല്പിക്കാം. പോയി ദാഹം തീൎത്തു വിശ്രമിച്ചിട്ടു വരട്ടെ. (സഖാക്കളുമായി പോയി)

ട്യൂട്ടർ: സ്താനീ! നീ ജ്യേഷ്ഠൻെറ ഇഷ്ടാനുവൎത്തിയായി തീൎന്നാൽ ഈ പ്രഹരം ഏല്ക്കേണ്ടതായി വരുമോ?

സേവ: (ചാടി കുപിതനായി പ്രവേശിക്കുന്നു) മതിയടോ താൻ പഴഞ്ഞതു്. മൎയ്യാദയില്ലാതെ മൂക്കററം തിന്നു

കുടിച്ചു പിള്ളേരുടെ താറാണന്നും പഴഞ്ഞു പന്നിപോലെ കിടന്നുറങ്ങുന്നു. തന്റെ ഓത്തു കേട്ടാൽ തീമഴ പെയ്യുമല്ലോടൊ. ഇങ്ങനത്തെ ആസാന്മാരും പിള്ളേരുമുണ്ടായതിൽപിന്നീടാ നാട്ടും വീട്ടും ഒരുപോലെ മുടിയാൻതൊടങ്ങിയതു്. ചേട്ടന്റെ കോമാളിത്തരമൊപ്പിച്ച് ഈ മാടപ്രാവും തുള്ളണമല്ലേ. താനെന്തൊരു ഏമാളിയാണടോ? മാതം, മാതം പവൻ വാങ്ങിച്ചു തന്റെ കെട്ടിയവൾക്കും പിള്ളേർക്കും അയച്ചുകൊടുത്താൽ മാത്രം പോരാ. വേലയെടുത്തു വേണം കാശുമേടിക്കാൻ തന്റെ മുമ്പിലിട്ടല്ലേ ഈ കൊച്ചിനോടിങ്ങനെ ചെയ്തതു്. (കരയുന്നു) എന്റെ ദൈവമേ കഷ്ടം! (സ്വാമിയെ പിടിച്ചു നോക്കുന്നു) ഒരു ചാതംപോലുമില്ല തന്റെ കണ്ണിൽ തിമരംവന്നാന്നോ. തനിക്കു ഒന്നു തടത്തംപിടിക്കാൻ കഴിഞ്ഞില്ലാന്നല്ലോടൊ. ഞാൻ മുക്കിപണതാ മാതം രണ്ടു വെള്ളി വാങ്ങിക്കുന്നതു്. തനിക്കു പവൻ അൻപതു്. മേലാൽ തന്റെ ജോലി ഞാൻ നോക്കാം. ഉണ്ണിയെ ആരും മണ്ണുനുള്ളിയിടത്തില്ല. കേറടോ താൻ കുശിനിയിൽ കേറി പണി എന്നെക്കൊണ്ടു ഒന്നും ചെയ്യിപ്പിക്കരുതു്, കേട്ടോ. വേണമെങ്കിൽ കാണിച്ചുതരാം. ഒരച്ചരം വല്യ ഏശമാനനു വരച്ചിട്ടാൽ കാണാം തന്റെ കോട്ടും കാച്ചട്ടയും ചരട്ടും താനെ ഊരുന്നതു്. (സ്വാമി എഴുന്നേററിരുന്നു)

സ്വാമി. സേവകാ! നീ ഗുരുവിനോട്ട് ആദരവായി സംസാരിക്കുക.

ട്യൂട്ടർ: സേവകാ! നീ സ്വാമി പറയുന്നതു് കേൾക്കുക.

സേവ: തനിക്കറിയാമോ? ഈ കുഞ്ഞ് ഒരു പുണ്യവാളച്ചനാ. ഇങ്ങനെയൊക്കെപ്പറയും. താൻ മുതുകത്തോട്ടു് ഒന്നു നോക്കിക്കേ. താറിന്റെ കുഞ്ഞുങ്ങള് വല്ലതുമാണെങ്കി കാണാം തന്റെ നിറംമാററം. എന്റെ തൈവമേ! കണ്ടാൽ ഇതാരു തഹിക്കും. വാ—എന്റെ താനീ വാ—ഞാൻ കുഞ്ഞിന്റെ പുറത്തു് കുറെ കൊളമ്പും തൈലവും പൊരട്ടി ചൂടുപിടിക്കാം. (സേവകൻ പിടിച്ചുകൊണ്ടു പോകുന്നു.)

ട്ലൂട്ടർ: (ആത്മഗതം) സേവകൻെറ ശകാരവർഷത്തിൽ കുറേയൊക്കെ വാസ്തവമുണ്ടെന്നു തോന്നുന്നു. എന്നാൽ പോളച്ചനെ ശാസിച്ചാൽ ഉദ്യോഗം സ്വഭവനത്തിലാകും. തന്മൂലം അവനെ സേവിച്ചു നില്ക്കാതെ ഗത്യന്തരമില്ല. സേവകനെ തൃപ്തിപ്പെടുത്തിയില്ലെങ്കിൽ സമയത്തിനു ഭക്ഷണം ലഭിക്കുന്ന കാര്യം കുറെ ബുദ്ധിമുട്ടിലാകും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ബുദ്ധിപൂർവ്വം ചില തന്ത്രങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. (പോയി.)

കർട്ടൻ

## രംഗം ൪.

(ദേവാലയത്തിൽ ദേവമാതാവിൻെറ രൂപത്തിൻ മുൻപാകെ മുട്ടുകുത്തി സ്റ്റനിസ്ലാവോസ് പ്രാർത്ഥിക്കുന്നു)

ധന്യേ! കന്മഷഹീനയായ ജനനി! കാരുണ്യസങ്കേതമേ!
കന്യേ! നിഷ്ഠുരപാപിയെങ്കലയിതേ, തൃക്കണ്ണുണർത്തേണമേ.
ഖിന്നൻ മാമകചിന്തയും ദുരിതവും, കർമ്മങ്ങളും പിന്നെയെ-
ന്നെത്തന്നെത്തന്നെയുമത്രപാദകമലേ, നല്കാഴ്ച വയ്ക്കുന്നു ഞാൻ.

ആർത്തത്രാണപരായണേ! വ്യാകുലന്മാരുടെ സങ്കേതമേ! മാലാഖമാരുടെ മഹാരാജ്ഞി, കന്യാവ്രതക്കാരുടെ ആശ്രയമേ! നീ എനിക്കു നിത്യം തുണയായിരുന്ന് എന്നെ സുകൃതം അഭ്യസിപ്പിക്കണമേ, കാൽവരിൽ കാലധർമ്മം പ്രാപിച്ച രക്ഷകാ! ഈ പാപിക്കു നീ വഹിച്ച വൻക്രൂശിനെ തരിക. സഹോദരനിൽനിന്നും ലഭിക്കുന്ന ലഘു പീഡകൾ അദ്ദേഹത്തിൻെറ മാനസാന്തരത്തിനായിട്ട് തന്നെ ഞാൻ കാഴ്ചവയ്ക്കുന്നു.

ഗീതം.

('ചിന്താമണിയിലെ' കൃഷ്ണാ കൃഷ്ണാ മുകുന്ദയ എ—മ.)

അമ്മേ! യമ്മേ! സുതനേ കേൾ നീ
തായേ! പാപിയേത്തുണനീ നാഥേ (അമ്മേ......
തരണേ വരമേ നാരി മൗലേ
വരമെനിക്കരുൾകചെയ്ക് ബാലനമേ

ഗതിയേ മമ ഇഹത്തിൽ നീ താനേ (അമ്മേ......
പാർത്തലേ പാപിയായ് പിറന്നോൻ ഞാൻ
പലതും പിഴകൾ ചെയ്തുപോയേൻ ഞാൻ
അമ്മയേ! കനിവുനിറഞ്ഞു പോറേറണേ— (അമ്മേ

(എഴുന്നേററ) (ആത്മഗതം) സമയം ധാരാളമുള്ളതുകൊണ്ട ബ: വികാരിഅച്ചനെ ഒന്നു സന്ദർശിച്ചു ആ വന്ദ്യ പിതാവിൽ നിന്ന് എന്തെങ്കിലും പഠിക്കുകതന്നെ (പോയി)

രംഗം ൭ (വനം)

(തമ്പുരാൻ പ്രഞ്ചു പ്രവേശിക്കുന്നു.)

ഗീതം

പച്ചമല്ലെ എ—മ:

പെരിയപുരി വീയന്നായേ തുരങ്കം വെക്കും നാമെന
പെരിയകള്ളൻ പ്രഞ്ചിവിനൈ. കേട്ടിരിയ്ക്കുമാ—
പട്ടണങ്ങൾ വിറച്ചിടുന്ന കാലം പോയി കഷ്ടം!
പട്ടിണിയായ് തീർന്നിവനും കഷ്ടകാലം വന്തേ.

ഇന്തപകൽവേളയിലെ എനക്കു പട്ടണസവാരിക്കു നിർവ്വാഹമില്ലെ. അനാൽ ഇന്തപെരിയവനത്തിലൈ രാപകൽ പാർത്തിരുന്തേൻ. രാത്രിവന്താൽ എനക്കു പെരുത്ത സന്തോഷം, ഉനെക്കെവിടെയും സഞ്ചരിക്കലാം. പോലീസ്, പോലീസ്.

എനക്കൊരു പേടിയുമില്ലെ. കൂടിവന്താൽ ഒരു ഷെയർ താൻ കൈമടക്കവേണ്ടതു, അപ്പോൾ അവനിക്കെല്ലാം പെരുത്ത സന്തോഷം. വലിയ ആദരവും, പ്രഞ്ചു എന്നു നമ്മുടെ പേർ മുഴവൻ വിളിക്കാതു. അന്തപെരിയ പട്ടണം നിങ്കളെല്ലാം പാർത്തിരിക്കലവാ. അതിനുള്ളിൽ ഒരു കാലത്തു എൻ കാലു കുത്താത്ത കെട്ടിടങ്ങളൊന്നുമേയില്ലെ. ഓഹോ! ബാങ്കുകളും ചാപ്പുകളും എനക്കു നന്തായി തെരിയും. സിമൻറുഭിത്തികളും ഇരുമ്പുപെട്ടികളും വന്തതിനാൽ എനക്കുറമ്പമൊന്നും കിടയാതു്. എപ്പടി ആനാലും ശരി ശാപ്പാട്ടുക്കു കാശ് പോക്കററടിയിൽനിന്നു് എനക്കു കിടക്കും. റോട്ടരികിൽ ലാത്തി കുത്തിപ്പിടിച്ചുറങ്ങുന്ന പോലീസു കണ്ടാൽ ബീടി കൊടുത്തല്ലാതെ നമ്മെ വിടത്തില്ലെ, എൻ ഉട

മ്പിലെ രോഗം വന്നു കിടപ്പായിരുന്നതിനാൽ അടുത്ത കാലത്തു ഒന്നും കിടയാതു്. ആനാൽ ഇന്തചാത്രി ഒരു വാരത്തുക്കു വക അടിച്ചെടുത്തല്ലാതെ ഉറക്കമില്ലെ. (ഒരു വശത്തേക്കു നോക്കുന്നു) അയ്യാ! ആരോ നടന്നുവരുന്നു.

(ആത്മഗതം) കഴിഞ്ഞനാൾ സിനിമാഹാളിൽവച്ചു കണ്ടതായി തെരിയും. (ഗൗരവഭാവത്തിൽ എന്തിനും തയാറായി നില്ക്കുന്നു)

(റോബർട്ട് പ്രവേശിക്കുന്നു. പ്രഞ്ചു അടുത്തുചെന്നു് സൂക്ഷിച്ചുനോക്കുന്നു.)

പ്രഞ്ചു: ഇതാരു്! നമ്മുടെ റോബർട്ട് യശമാനനാ കഷ്ടം! ആളു തെരിയാതെ പ്രഞ്ചു അല്പം കുളഞ്ഞാനു.

റോബ: അതേടാ ഞാൻ തന്നെ. നിന്നെ തെരഞ്ഞു നഗരിമുഴുവൻ ഞാൻ ചലുത്തുവെച്ചു.

പ്രഞ്ചു: അതൊക്കെ അവിടെയിരിക്കട്ടെ. സങ്കതി ചൊല്ലു. പ്രഞ്ചു എവിടമാ മുടിക്കവേണ്ടിയതു?

റോബ: രഹസ്യം. നമ്മുടെ വീട്ടിൽ കയറണം.

പ്രഞ്ചു: അമ്പമ്പടാ! എന്നു പുകിലയ്യാ ചൊല്ലുന്നതു്.

റോബ: എടാ കാപ്പിരി കഴുതേ! പവൻ ആയിരം ഇന്നലെ വന്നിരിക്കുന്നു.

പ്രഞ്ചു: ഒരു കുപ്പി മണക്കാൻ കിടയ്ക്കാത്ത ഉങ്കൾക്കയ്യോ ആരു താൻ പവൻ അയച്ചുതരണതു്?

റോബ: എടാ! വെടക്കലേ! എനിക്കല്ലെടാ. നമ്മുടെ മേട ക്രൂലിക്കടുത്തു താമസിക്കുന്ന പ്പിള്ളകുമാരനെ അറിയുമോ?

പ്രഞ്ചു: ഓഹോ! തെരിയും തെരിയും ഒരു ചെറുചട്ടമ്പി അല്ലവാ, അവൻ താൻ വലിയ പണക്കാരൻ.

റോബ: അവന്റെ പിതാവു് ജോൺപ്പിള്ള പോളണ്ടിൽനിന്നു് അയച്ചതാണു്. ശയനമുറിയിൽ കാണുന്ന മേശയ്ക്കുള്ളിൽ ഒന്നാകെ നിക്ഷേപിച്ചിരിക്കുകയാണു്. താക്കോൽ ബ്യൂറോയിൽ തൂക്കിയിട്ടിരിക്കുന്ന കോട്ടിന്റെ പോക്കറ്റിലുണ്ടു്. എന്താ പോരേ?

പ്രഞ്ചു: ഓഹോ! റമ്പം പോതും.

റോബ: പോൾ ചീട്ടുകളിയിൽ ലയിച്ചിരിക്കുകയാണു്. ഒരു ററിൻ സിഗർട്ടു് വാങ്ങിക്കുവാൻ എന്നും പറഞ്ഞു് ഞാൻ പുറത്തേക്കിറങ്ങിയതാണു്. കളി കഴിയുമ്പോൾ ഞാൻ അവനേയും കൊണ്ടു് മദ്യഷാപ്പിൽ പൊയ്ക്കൊള്ളാം. സംഗതി ഏററം രഹസ്യമായിരിക്കണം. ഞാൻ പോകുന്നു.

പ്രഞ്ചു: കൊഞ്ചം കൂടെ പാത്തലും നിങ്കൾ സങ്കതി എല്ലാം പേശി നാൻ ഏററു. എപ്പടി ആനാലും ശരി റമ്പം പ്രയാസമുള്ളതിനാലെകൊണ്ടു എന്നുടെ കാര്യം നാൻ നേരത്തെ പേശട്ടുവാ. പിന്നീട്ടു പാത്തിരുന്താൽ കശപിശ പേശാൻ എനക്കു സുകമില്ലൈ ആനാൽ ഇത്തവണ എനക്കു പത്തുക്കു രെണ്ടു കമ്മീഷ്യൻ കിടച്ചാൽപോരൈ. നേർ പാതിനാൻ കിടയ്ക്കു വേണ്ടിയതു. എനാടെ ഷെയറു നാൻ എടുത്തതിനിക്കുശേഷം മാത്രമേ ഉങ്കൾക്കു തരികയുള്ളൂ.

റോബ: അനുമതി. എന്നാൽ സംഗതി രഹസ്യം.

പ്രഞ്ചു: എൻ ഉടമ്പിലെ ഉശിരു പോനാലും ശരി ചപ്പൂതം ഉരിയാടാതു സങ്കതിയിൽ റെമ്പംപെറയാതം വന്തിരിക്കേൻ. അവിടൈ ഒരു വേലൈക്കാറൻ പാക്കുന്നില്ലവാ, അവൻ ബഹു സമർത്ഥനാക്കും. ഒരു വേളൈ അവൻ മുഴുവൻ അടിച്ചെടുത്തു കളിച്ചുമൂടിക്കാണും. പോരെങ്കിൽ ഒരു പൈയനുമുണ്ടു. എപ്പടി ആനാലും ശരി കളുത്തു പോണാലും ചരി പ്രഞ്ചു സങ്കതിയേററു.

റോബ: ഞാൻ പോകുന്നു ഭംഗിയായി നിർവഹിച്ചുകൊള്ളണം.

പ്രഞ്ചു: നിങ്കൾക്കു പ്രഞ്ചുവിനെ നന്നായ് തെരിയാതു. ഇന്ത ചാത്തി ഒന്താകെ ചുമ്മി ഇവിടെ കൊണ്ടുവന്താൽ പ്രഞ്ചുവിനു സമ്മാനം തരുവില്ലയാ

റോബ: നിനക്കു രണ്ടുകുപ്പി സമ്മാനം.

പ്രഞ്ചു: പെരുത്തസന്തോഷം! വിസ്കിയാ? ഓഹോ! പ്രഞ്ചു മണത്ത നാൾ മറന്തു. ഉനക്കു റമ്പം കുളിരും ദാഹവും ആനാൽ ഒന്നുമത്താൻ കൊഞ്ചം ഇൻേറക്കു കിടയ്ക്കവേണം. (റോബർട്ടു് ഒരുപവൻ എടുത്തുകൊടുക്കുന്നു. പ്രഞ്ചു സന്തോഷത്തോടെ ഇരുകരവും നീട്ടി വാങ്ങിക്കുന്നു.)

റോബ: കണക്ക തീക്കുമ്പോൾ ഇതു കുറച്ചു മാത്രമേ ഞാൻ നിനക്ക തരികയുള്ളൂ.

ഫ്രഞ്ചു: മതിമതി പെരുത്ത സന്തോഷം (റോബ: പോയി)

ഫ്രഞ്ചു: (പവൻ കാണിച്ചുകൊണ്ടു്) ഇതു കുറച്ചു താൻ അവൻ എനക്ക തരികയുള്ളു തെണ്ടി! അവനക്കു തകപ്പനല്ലവാ ഇന്ത ചാത്രി പുത്തിമുട്ടണതു. അവൻ ചണ്ടാളൻ. പോളിന്റെ ചെങ്ങാതി. പെരിയ വഞ്ചനക്കാരൻ. വഞ്ചന താൻ ഓതിയതു. അനാൽ അവനെ പടിപ്പിക്കതാൻ വേണ്ടതു്. (പോയി)

കർട്ടൻ

## രംഗം ൯ (പള്ളിമേട)

(സ്റ്റനിസ്ലാവോസു് വൈദികനുമായി സംഭാഷണം ചെയ്യുന്നു)

വൈദി: സ്റ്റാനി! പോൾ നിന്നെ അനുദിനം ദണ്ഡിക്കുന്നതറിഞ്ഞു് ഞാൻ അത്യന്തം സഹതപിക്കുന്നു.

സ്റ്റാനി: വന്ദ്യഗുരോ! അതു് വാസ്തവംതന്നെ. എന്നാൽ സഹോദരന്റെ മർദ്ദനംമൂലം എനിക്കു് യാതൊരു ക്ലേശവുമില്ല.

വൈദി: മകനേ! നിന്റെ സംസാരം എനിക്കു് ഏറ്റവും ആനന്ദകരംതന്നെ. സർവ്വരക്ഷകൻ നിനക്ക നൽകിയിരിക്കുന്ന സഹനശക്തിയിൽ ഞാൻ വിസ്മയിക്കയത്രെ ചെയ്യുന്നതു്.

സ്റ്റാനി: പിതാവേ! ഐഹികസന്തോഷങ്ങൾ ഞാൻ വെറുക്കുന്നു. വൻകുരിശുകൾ വഹിക്കുക, ക്രിസ്തുവിനെ അനുകരിക്കുക, ദുരിതങ്ങൾ കൂടുതൽ ലഭിക്കുവാൻ അനുഗ്രഹിക്കുക എന്നിത്യാദി എന്റെ അന്തഃകരണം സദാ എന്നെ ഉണർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ എനിക്കു യാതൊരു ദുഃഖവുമില്ല. പ്രത്യുത ഞാൻ സന്തോഷത്തോടെ അവ ഓരോന്നും സ്വീകരിക്കുന്നതിനു അനുഗ്രഹിക്കുകയത്രെ ചെയ്യുന്നതു്. വിശിഷ്യ ഈ നശ്വരലോകം ഒരിക്കലും എന്റെ അന്ത്യമല്ലെന്നും അതു് എന്നെ തൃപ്തിപ്പെടുത്തുകയില്ലെന്നും എനിക്കു് ഉത്തമബോദ്ധ്യമുണ്ടു്.

വൈദി: വാത്സല്യസുതനേ! നീയത്രെ ദൈവത്താൽ ആശീർവദിക്കപ്പെട്ടവൻ. ഈ പരമരഹസ്യങ്ങൾ നിനക്കു വെ

ളിപ്പെട്ടത്തിത്തന്നതു് സ്വർഗ്ഗസ്ഥനായ പിതാവു തന്നെ. എന്നാൽ കാരുണ്യവാനായ ദൈവം ഈ ബോധം നിന്റെ സഹോദരനിൽനിന്നും ഒളിച്ചുവച്ചു എന്നു വരുമോ? ഒരിക്കലുമില്ല. നയനരോഗി സൂര്യപ്രകാശമാസ്വദിക്കാൻ അപ്രാപ്തനായിത്തീരുന്നതുപോലെ ആത്മവിത്തം നശിപ്പിച്ചു് അന്തഃകരണവും ആത്മാഭിമാനവും വെറും ജഡീയസന്തോഷങ്ങൾക്കായി ബലിചെയ്യുന്ന മനുഷ്യൻ ലോകൈകനാഥനായ ശ്രീയേശുക്രിസ്തു കാൽവരിയിൽ ചിന്തിയ പരിപാവനമായ രക്തത്തിന്റെ വിലയെന്തെന്നറിയുന്നില്ല. അദ്ദേഹത്തിന്റെ ആഹ്വാനം ഒരു ബധിരനെപ്പോലെ കേൾക്കുന്നുമില്ല. എന്നാൽ ആത്മരക്ഷയെ കാംക്ഷിക്കുന്ന മർത്ത്യൻ, തന്നെ അന്ധകാരത്തിലേക്കാനയിക്കുന്ന പൈശാചിക സാഹചര്യങ്ങളെ ഒന്നാകെ പരിത്യജിക്കണം. കർത്താവേ! കർത്താവെ! എന്നൊരു ശബ്ദം പുറപ്പെടുവിച്ചതുകൊണ്ടോ കേവലമൊരു ബാഹ്യപ്രകടനത്തിനായി ദേവാലയസന്ദർശനവും ആണ്ടുകുമ്പസാരവും കഴിച്ചതുകൊണ്ടോ ഒരുവൻ സൽപഥത്തിലൂടെ പുരോഗമനം ചെയ്യുന്നുവെന്നു പറയുവാൻ നിവൃത്തിയില്ല. പ്രത്യുത അവൻ തന്നിൽ രൂഢമൂലമായിരിക്കുന്ന അധർമ്മങ്ങളെന്തെന്നു ചിന്തിച്ചറിഞ്ഞു് അവയെ ഓരോന്നായി മൂലഛേദം വരുത്തുവാൻ യത്നിക്കുന്നെങ്കിൽ നിശ്ചയമായും അവനു് ഒരു ഭാസുരഭാവിയെ പ്രതീക്ഷിക്കാം. പ്രിയ മകനേ! ഞാൻ വീണ്ടും നിന്റെ സഹോദനെക്കണ്ടു് ഉപദേശിച്ചുനോക്കട്ടെ. അയാളുടേയും അനുയായികളുടേയും മാനസാന്തരത്തിനായി നമുക്കു ദൈവജനനിയോടു നിത്യം പ്രാർത്ഥിക്കാം. അവളുടെ വല്ലഭമുള്ള മാദ്ധ്യസ്ഥത്താൽ അവർ സൽപാന്ഥാവിലേയ്ക്കു് പ്രത്യാഗമിക്കട്ടെ.

സ്റ്റാനി: വന്ദ്യ ഗുരുവേ! "Natus Sum ad Majorem" ഞാൻ ഉൽകൃഷ്ടകാര്യങ്ങൾക്കായിട്ടത്രേ സംജാതനായതു്. തൻമൂലം ഞാൻ എന്തും സഹിക്കുവാൻ സന്നദ്ധനാണു്. എന്നാൽ സ്വ സഹോദരന്റെ വ്യതിയാനം ഹേതുവാൽ നിത്യനാശത്തിൽ അന്തരിക്കുമോ എന്നുള്ള ഭീതി എനിക്കു് ഹൃദയഭേദകമത്രേ (വിലപിക്കുന്നു) പരമ പിതാവേ! എന്റെ സന്ധികൾ തളരുന്നു. (സ്റ്റാനി മൂർഛിതനാകുന്നു. വീഴാതെ വൈദികൻ താങ്ങി ഒരു കസാലയിൽ ഇരുത്തുന്നു.)

വൈദി: ഷോയ്! (ഒരു ഭൃത്യൻ പ്രവേശിക്കുന്നു.) വേഗം കുറെ വെള്ളം കൊണ്ടുവരു. (ഭൃത്യൻ പോയി)

വൈദി: (ആത്മഗതം) മാടപ്രാവിനെപ്പോലെ നിഷ്കളങ്കമാനസനായ ഈ യുവാവിന്റെ ഭാവി എന്തായിരിക്കും? ഈ സുകൃതീന്ദ്രന്റെ നാമം ഒരുകാലത്തു് ലോകം വാഴ്ത്തുമെന്നുള്ളതിനു് എന്താണു സംശയം. (സേവകൻ വെള്ളവുമായി പ്രവേശിച്ചു. വൈദികൻ വാങ്ങി സ്റ്റാനിയുടെ മുഖത്തു തളിയ്ക്കുകയും കുറെ കുടിപ്പിക്കുകയും ചെയ്യുന്നു.)

സ്റ്റാനി: എന്റെ പിതാവേ! അവിടുന്നു സഹോദരന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കാമെന്നു പറഞ്ഞതിൽ എനിക്കു് അതിയായ ആനന്ദമുണ്ടു്

വൈദി: ഏററവും വാത്സല്യമുള്ള മകനേ! "മുട്ടുവിൻ തുറക്കപ്പെടും അന്വേഷിപ്പിൻ കണ്ടെത്തും." എന്നല്ലയോ വിശ്വൈകനാഥനായ ശ്രീയേശുക്രിസ്തു അരുളിച്ചെയ്തിരിക്കുന്നതു്. അതിനാൽ നമുക്കു നിരന്തരം പ്രാത്ഥിക്കാം. യാചനകളെ തിരസ്കരിക്കാത്ത ദേവജനനിയുടെ പക്കൽ നമുക്കു അഭയംതേടാം. അവളുടെദിവ്യകുമാരൻ ചിന്തിയ ചുടുനിണംമൂലം പരിത്രാണം ചെയ്യപ്പെട്ട തന്റെ മക്കളെ അവാം കാത്തുകൊള്ളും.

എന്നാൽ കോസ്റ്റ്ക്കപ്രഭുകുടുംബത്തിന്റെ കുലീനത്വത്തിനു് അനുയോജ്യമാംവിധം വേണ്ട ശിക്ഷണം നൽകുന്നതിനു് നിയുക്തനായ ട്യൂട്ടർ ശമ്പളം പററിക്കൊണ്ടു് കാര്യക്ഷമതയില്ലാതെ വെറും ഒരു അരസികൻ കഴുതയെപ്പോലെ ഭക്ഷിച്ചുംകൊണ്ടു കിടക്കുന്നതു് ഏററവും നികൃഷ്ടമത്രെ. ഉത്തരവാദിത്വമേറിയ തന്റെ ജോലിയുടെ ശരിയായ ഒരു കണക്കു് ദൈവസന്നിധിയിൽ ഒരുകാലത്തു് സമർപ്പിക്കേണ്ടതായിട്ടു് വരുമെന്നൊരു ബോധം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അങ്കുരിച്ചിട്ടേയില്ല. സ്നേഹഭാജനമായ സ്റ്റാനീ! നിന്റെ കഠിനതപസ്സു് ഒന്നു ലഘൂപ്പെടുത്തണമെന്നല്ലാതെ വിശേഷവിധിയായി എനിക്കിപ്പോൾ ഒന്നുംതന്നെ പറയുവാനില്ല.

സ്റ്റാനി: നിന്റെ അവയവങ്ങൾ പാപഹേതുവെങ്കിൽ അവയെ നീ ഛേദിച്ചുകളയുക. എന്നിത്യാദി ദിവ്യരക്ഷകൻ ഉപ

ദേശിച്ചിരിക്കയാൽ എന്റെ ഈ ശരീരം പാപത്തിലേയ്ക്കു എന്നെ പ്രേരിപ്പിക്കുന്നെങ്കിൽ ഞാൻ ഈ ജഡത്തെ പീഡിപ്പിക്കുന്നതിൽ വല്ല അസാംഗത്യവുമുണ്ടോ?

വൈദി: നിന്റെ ആദർശം ഉൽകൃഷ്ടവും പരിപാവനവുമത്രെ. എന്നാൽ സ്വ ശരീരത്തിന്മേലുള്ള പൂർണ്ണാധികാരം സ്രഷ്ടാവായ സർവ്വേശ്വരനുള്ളതാകുന്നു. തൻമൂലം സീമ കടന്നുള്ള പ്രായശ്ചിത്തപ്രവൃത്തികൾ ആപൽക്കരമാംവിധം ശരീരത്തെ പീഡിപ്പിക്കുന്നെങ്കിൽ അതു കുറ്റകരമായി ഭവിക്കും. വിശിഷ്യ യുവാവായ നിന്റെ വളർച്ചയ്ക്കു തപക്രിയകൾ ഹാനികരവുമാണു്. (കപ്യാർ പ്രവേശിക്കുന്നു)

കപ്യാർ: ഒരു രോഗിക്കു് അന്ത്യകർമ്മം നൽകണമെന്നുപറഞ്ഞു് ഒരാൾ വന്നിരിക്കുന്നു. (വൈദികൻ ശ്രവിച്ച മാത്രയിൽ എഴുന്നേററു) സ്വാമീ! ഞാൻ പോയി വരട്ടെ. (പോയി)

സ്വാമി: ഗീതം. ഭവനഗിരി Or രസക്കരുണേ.

പല്ലവി.

വിമലറാണി—പരിപാവനസുകുമാരി
ജയ ജയ ശുഭേ.

അ. പ:

പരനതായ തവകുമാരൻ
പരലോകേ മുടിയണിഞ്ഞ കന്യകേ (വിമല—

ദൊഹറാ

നാകേശനംബികേ! മനോജ്ഞതയേ! ധന്യയേ!
ലോകേശനോടർത്ഥിക്കണേ കന്യകേ! വനരാജ്ഞി!
(വിമലറാണി)—

# അങ്കം ൨.

---

## രംഗം ൧.

(നോട്ടീസ്)

പത്താം നമ്പർ മദ്യഷാപ്പ്.

| | | | |
|---|---|---|---|
| ബിസ്ക്കി ബോട്ടിൽ | 1-ക്ക് | —10 | ഷില്ലിംഗ്. |
| ബ്രാൻഡി——— | 1-ക്ക് | — 8 | ,, |
| ബീയർ —— | 1-ക്ക് | — 2 | ,, |

ചില്ലറയായും വിൽക്കപ്പെടും.

മാനേജർ കെ. വി. ബ്ളാക്ക്സ്റ്റൺ, വിയന്നാ.

(സ്റ്റേജിന്റെ നടുവിലായി ഒരു മേശയിൽ വിവിധതരത്തിലു ള്ള കുപ്പികളും പലഹാരങ്ങളും കപ്പുകളും കാണുന്നു. പോളും സഖാക്കളും കസാലയിന്മേൽ ചുററും ഇരിക്കുന്നു. മാനേജർ അടുത്തിരുന്നു കണക്കെഴുതുന്നു)

ഹെൻട്രി: ഹേ! മി. റോബർട്ട്. ഒരു പാട്ടു പാടൂ, ഞങ്ങളൊന്നു രസിക്കട്ടെ. ഇന്നു പോളിന്റെ പൂറനാളും പോരെങ്കിൽ ക്രിസ്തുമസ്സുമല്ലേ?

പോൾ: നിങ്ങൾക്ക് ഏററവും പാടാമൊ?

ഹെൻട്രി: ഓഹോ! കൂട്ടത്തിൽ പാടാനും വെള്ളത്തിൽ പൂട്ടാനും ആർക്കാണു പ്രയാസം.

റോബ: എന്നാൽ അങ്ങനെതന്നെ (ഒരു കുപ്പിയിൽനിന്നും കുറെ മദ്യം പകൻ്റു കുടിച്ചതിന്റെശേഷം പാടുന്നു. മറുള്ളവർ മേശമേൽ താളമടിക്കുന്നു. കുപ്പികളും കപ്പുകളും താഴെ വീണുടയുന്നു)

ഗീതം. ആണ്ടിപണ്ടാരം എ: മ:

പല്ലവി.

എന്തൊരാനന്ദം നമുക്കു എന്തൊരാനന്ദം

ചരണം.

സത്തുകൾക്കുത്തമനാം പോളിന്റെ ജന്മദിനം
വിത്തം വിതറിയാലും മദ്യം പലതരത്തിൽ—എന്തൊ
ശീമത്തരങ്ങളോരോകപ്പിൽ പകർന്നു പോളിന്റെ
നാമംപുകഴ്ത്തിടുന്നുമൂത്തിക്കുടിച്ചിടുന്നു-എന്തൊരാന-
(കുറെ മദ്യംകൂടെ കുടിക്കുന്നു)

പോൾ: ബലേ ഭേഷ്! ഗീതം വളരെ മെച്ചമായിരിക്കുന്നു. ഹേ! മാനേജർ ഫഷ്റവ്ക്ലാസ്സ് ബോട്ടിൽ ഒന്നൊടുക്കു.

മാനേ: ബോയ്! വൈററ്ഹോഴ്സ് എടുത്തു് ഒരു കുപ്പി പൊട്ടിച്ചു കൊടുക്കൂ? (ബോയ് പൊട്ടിച്ചുകൊടുക്കുന്നു)

വില്യം: എടാ പയ്യാ! രണ്ടു കട്ട്ലററും കൊഞ്ചു വറത്തതും.

ബോയ്: സാർ, കട്ലററ് തരാം. കൊഞ്ചു് ഈ നാട്ടിലെങ്ങും കിട്ടത്തില്ല.

ഹെൻട്രി: ചാള മതിയടാ (വറത്ത ചാള കൊടുക്കുന്നു)

റോബ: വില്യം ചാളയുടെ തലയ്ക്കു പിടിച്ചാണല്ലൊ കടിക്കുന്നതു്.

വില്യം: തനിക്കു വാലും തലയും ഒരുപോലെ തിരിയുന്ന സമയമല്ലേ.

ഹെൻട്രി: വരുന്ന ആണ്ടിലും ഇതിനിടയായാൽ മതി.

റോബ: ആണ്ടുതോറും പുറനാളു വരുമടാ.

പോൾ: ഞാൻ ചത്താലും നമ്മുടെ സ്നേഹം എന്നും ഇങ്ങിനെ കിടക്കും.

റോബർട്ട്വിസ്കി ഓരോ ഗ്ലാസിൽ പകരുന്നു. വില്യം എഴുനേററു റോസ്റ്റ് പറയുന്നു.

വില്യം: നമ്മുടെ ആത്മമിത്രവും മാടമ്പിയും ഔദാര്യശീലനുമായ പ്രഭുകുമാരൻ മി: പോളിന്റെ ജന്മനക്ഷത്രദിനമായ ഈ ശുഭമുഹൂർത്തത്തിൽ എല്ലാവരുടേയും നാമത്തിൽ ഞാൻ മംഗളം ആശംസിച്ചുകൊള്ളുന്നു. (എല്ലാവരും കൈകൊട്ടുന്നു. ഹീയർ—ഹീയർ) ഈ പരിഷ്കൃത വിയന്നാപുരിയിൽ കുറഞ്ഞൊരു കാലത്തെ വാസംകൊണ്ടു് എവരുടേയും ശ്രദ്ധയെ ഹഠാൽ ആകർഷിച്ച ജഗൽപ്രസിദ്ധനും, ദാനധർമ്മാദികളാൽ ജനതതിയുടെ ബഹുമാനാദരവുകൾ ആർജ്ജിച്ച കുലീനനുമായ ഈ

വന്ദ്യ യുവകേസരിയുടെ "അനൽകീർത്തി" ഉൽകൃഷ്ടസോപാനത്തിലുയന്ന് ആകാശവിമാനംപോലെ പറന്ന് പറന്ന് ലോകം മുഴുവൻ ചുററി ദീർഘായുഷ്മാനായ് വാണ് ഇതുപോലെ പത്തുനൂറായിരം പുറനാൾ ഘോഷിക്കുവാൻ ഈ വിയന്നാ വിസ്കി ഇടയാക്കട്ടേ— (എല്ലാവരും) ആമേൻ—(കുടിക്കുന്നു)

(പോൾ മറുപടിക്കായി എഴുന്നേററു മത്തനായി നിന്നാടുന്നു)

പോൾ: നി-നി-നിങ്ങളുടെ ന-ന-നന്ദി പ്രകടനം കേ-കേട്ട വ-വ-വളരെ-സ-സന്തോഷം. വ-വ-വരുന്ന ആ-ആണ്ടിലും ഞാ-ഞാ-ഞാൻ ഘോ-ഷിക്കും തി-തി--തിട്ടം (ഹസ്തതാഡനം. ഹീയർ-ഹീയർ) വി-വി-വിസ്കിക്കും. ചാ ചാ-ചാർപ്പുകാ-ർക്കും വ-വ-വന്ദനം (ബോധരഹിതനായി നിപതിക്കുന്നു സ്നേഹിതന്മാർ അമ്പരക്കുന്നു)

മാനേജർ: ഭയപ്പെടേണ്ടാ. ഫസ്റ്റ്ക്ലാസ്സ് കുതിരവെണ്ണമെട്ടക്കാൻ. നിങ്ങൾ അദ്ദേഹത്തെ എടുത്ത് അകത്തു കൊണ്ടുപോയി കിടത്തുക. (ചാക്കോ എടുത്തുകൊണ്ടു പോകുന്നു.)

(ഒരു മുച്ചീട്ടുകളിക്കാരൻ പ്രവേശിക്കുന്നു)

മാനേ: ഹേ, സാർ! നിങ്ങൾക്കു വിസ്കിയോ ബ്രാൻഡിയോ ഏതാണു വേണ്ടതു്?

മുച്ചീട്ടുക: മാനേജരുസാറെ! ഞാൻ ലഹരിസാധനങ്ങളൊന്നും തൊടുകയില്ല. ബീഡിയുണ്ടെങ്കിൽ അൻപതു തരണം.

മാനേ: ബീഡി, ചുരുട്ട് ആദിയായ വില്പനകൾ ഇവിടെയില്ല.

മുച്ചീട്ടുക: സാറെ! ഞാൻ ഇവിടെ അടുത്തെങ്ങാനുമൊന്ന് ഇരുന്നുകൊള്ളട്ടെ.

മാനേ: വിരോധമില്ല (മുച്ചീട്ടുകളിക്കാരൻ താഴെ ഇരുന്നു് തന്റെ ഉപകരണങ്ങൾ പുറത്തെടുത്തു് കളി ആരംഭിക്കുന്നു.)

മുച്ചീ: നാട്ടുറോട്ടിൽക്കൂടി പോകുന്ന ചേട്ടന്മാരേ! വരണം, ഇരിക്കണം. കണ്ടോ രൂപം കണ്ടോ? ഒന്നു വെച്ചാൽ രണ്ടു കിട്ടും, ആർക്കും വെയ്ക്കാം. ക്ഷാമം മാറും. കണ്ടോ രൂപം കണ്ടോ? (റോബർട്ടും സ്നേഹിതരും വീണ്ടും പ്രത്യക്ഷപ്പെടുന്നു.)

റോബ: ആ—ആ—ആരടാ ഇരിക്കുന്നതു്?

മച്ചി: നമ്മുടെ കത്തുപരീതല്ലെ. അമ്പോ! കള്ളത്തരം. അറിയുന്ന ഭാവമേയില്ല.

റോബ: പോ—പോ—പോടാ—എ—എണീററു പോ—പോടാ തെണ്ടി. നീ—നീ—നീ പോളിൻെറ എല്ലാം ഇന്നലെ പി-പി-പിടിച്ചു പ-പ-പറിച്ചില്ലേടാ.

മച്ചി: ഇന്നലത്തെ നഷ്ടം ഇന്നു തീക്കരുതോ?

ഹെൻട്രി: എ-എ—എടാ പോടാ, ഇ-ഇ—ഇന്നു ഞങ്ങൾക്കു നോ-നോമ്പുവീടലാ.

മച്ചി: ഞങ്ങൾക്കുമുണ്ടേ ഈ പറഞ്ഞതെല്ലാം. ഒന്നു വന്നിരുന്നെ നമുക്കെല്ലാവർക്കും കൂടി ഒന്നു ഘോഷിക്കരുതോ. കണ്ടോരുപം കണ്ടോ?..........

വില്യം: എ—എ-എന്നാൽ ഒന്നുനോ—നോ—നോക്കാമടാ. (കോട്ടും വിലപിടിച്ച ഇതര സാമാനങ്ങളും മേശപ്പുറത്തു വയ്ക്കുന്നു)

മാനേ: കഴഞ്ചിനു വെളിവില്ലാത്ത നിങ്ങൾ ഈ അസമയത്തു കളിക്കണ്ടാ.

റോബ: പോ—പോ—പോടോ താ-താ-താറേ! ആ—ആ—ആരാ പ—പ—പഴഞ്ഞതു്?

മച്ചി: ഒന്നുവെച്ചാൽ രണ്ടുകിട്ടും. വെയ്ക്കപ്പാ വെയ്, ആർക്കും വെയ്ക്കാം. കണ്ടോരുപം കണ്ടോ?.............

റോബ: അ—അ-അതു രൂപം. (പവൻ ഒന്നു വെയ്ക്കുന്നു. അതു ശരിയായിരുന്നതിനാൽ റോബർട്ടിനു രണ്ടു പവൻ കിട്ടി. എല്ലാവരും ആനന്ദംകൊണ്ടു നിറഞ്ഞു)

വില്യം: എ—എ—എടാ പ—പ—പരീതേ നിന്നെ ഇ—ഇ—ഇന്നു മലത്തും.

മച്ചി: ആകട്ടെ ഒന്നുകൂടെ വെച്ചേ. ഏതു രൂപം?

റോബ: അതു രു—രു—രൂപം. (പവൻ രണ്ടു വച്ചു, നഷ്ടമായി. ഓരോരുത്തർ മാറിമാറി വച്ചു. അവസാനം പവൻ മുഴുവൻ തീർന്നു റോബർട്ടു് തൻെറ വിരലിൽ കിടന്ന മോതിരം ഊരി വയ്ക്കുന്നു. അതും നഷ്ടപ്പെട്ടു.)

റോബേ: എ–എ–എടാ മോ–മോ–മോതിരം വെ–വെ–വെഴു
തെ വെച്ചതാ. അ–അ–അതിങ്ങു ത–ത–തന്നേരു്.

ഹെൻട്രി: എ-എ-എടാ എന്റെ പ-പ-പവൻ തരണം. (ക
യത്തു)

മച്ചി: (സാമാനങ്ങളെല്ലാം പെറുക്കി അടുക്കുന്നു) എന്റെ
സാറെ! ഒന്നു വെറുതെ ഇരിക്കണം. കുടിച്ചാൽ വയ
ററിൽ കിടക്കണം. ഒന്നടങ്ങു്, മനസ്സിലിരിക്കട്ടെ,
ഞാൻ ഈ തരത്തിൽ പല ചട്ടമ്പിമാരേയും കണ്ടിട്ടു
ണ്ടു്. (എഴുന്നേററു) ഞാനും പുറനാളു് ഒന്നു പോയി
ഘോഷിച്ചിട്ടു വരാം.

റോബേ: വെ-വെ-വെക്കടാ മോ-മോ-മോതിരം. (എന്നു പറഞ്ഞു
കയറി പിടിച്ചു)

മച്ചി: നീ പോടാ! നിന്നെ ഞാൻ അറിയത്തില്ലേ (എന്നു
പറഞ്ഞു റോബർട്ടിന്റെ കഴുത്തിനു പിടിച്ചു തള്ളി.
റോബർട്ടു് വില്യമിന്റെ ശരീരത്തിലും, വില്യം ഹെ
ൻട്രിയുടെ ശരീരത്തിലും തട്ടി മൂന്നുപേരും നിലത്തു
വീണു. പരീതു് സ്ഥലംവിട്ടു. ബഹളം)

മാനേ: വഴക്കുണ്ടാക്കിയാൽ കച്ചേരികയറാനും സാക്ഷിഎഴുതാ
നും പ്രേതംചുമക്കാനും ഇവിടെ ആളില്ല, ഇതാബിൽ.
ഞങ്ങളുടെ പവൻ തന്നു് സ്ഥലം ഒഴിഞ്ഞുതരണം.

(വില്യം ബിൽ വാങ്ങി വായിക്കുന്നു)

| | | പ. | ഷി. | പെ. |
|---|---|---|---|---|
| ബിസ്കി ബോട്ടിൽ | 4—ക്കു് | 2 | 0 | 0 |
| ബ്രാൻണ്ടി ” | 2—ക്കു് | 0 | 16 | 0 |
| ബീയർ ” | 4—ക്കു് | 0 | 8 | 0 |
| കട്ട്ലററു് ” | 20—ക്കു് | 0 | 4 | 0 |
| ഫിഷ് ” | | 0 | 2 | 0 |
| കപ്പുകൾ | | 0 | 2 | 0 |
| വെയിററിംഗ് ചാർജ്ജ് | | 1 | 0 | 0 |
| ആകെ: | | 4 | 12 | 0 |

(ആകെ നാലു പവൻ പന്ത്രണ്ടു ഷില്ലിംഗ് മാത്രം.)

മാനേജർ, കെ. വി. ബ്ലാക്ക്റെറൺ.

റോബ: ബില്ല് —ക്കു —ക്കൂ—ക്കൂടിപ്പോയി.

മാനേ: പണം കൊടുത്തു കുടിക്കണം. ചക്കാത്തിൽ കുടിച്ചാലാണ് കൂടുന്നതു്.

റോബ: ഒ-ഒ-ഒന്നു വെ-വെ വെറുതെ ഇ-ഇ-ഇരിക്കടാ.

ഹെൻട്രി: എ്യ-എ്യ-എ്യതു ക-ക-കപ്പാടാ-ഞങ്ങൾ കു-കു-കുടിച്ചതു്?

മാനേ: മേശപ്പുറത്തുനിന്നും താഴെ തള്ളിയിട്ട തകത്തു്. കോട്ടും കാച്ചട്ടയും കണ്ടു് മാന്യന്മാരെന്നോർത്തല്ലേ ഇംഗ്ലീഷ്മെയിക്കു് കപ്പു തന്നെ കൊണ്ടു വച്ചതു്. അല്ലെങ്കിൽ താഴെ തരമായിരുന്നല്ലോ.

വില്യം: വെ-വെ-വെയിററിംഗ് ചാർജ്ജ് എ-എ്യ-എന്നാടാപഴ.

മാനേ: നാലു മണിക്കൂർ സമയം നഷ്ടപ്പെടുത്തി. പല മാന്യന്മാർ നിങ്ങളുടെ പേത്തരം കണ്ടു കുടിക്കാതെ മടങ്ങിപ്പോയി. വേറൊരു സംഗതികൂടെ പറയുവാനുള്ളതു് നിങ്ങൾ കുറെക്കൂടി മാനമായിട്ടു് സംസാരിക്കണം. എ്യടാ എന്താടാ എന്നുള്ള പ്രയോഗം ഗെയിററിനു പുറത്തു്.

റോബ: ഒന്നു ചു-ചു-ചുമ്മാതിരിക്കടാ. നീ ഇതു വാങ്ങിയിട്ട ത-ത-തവണകെട്ടുണ്ടാകത്തില്ല.

മാനേ: ഞാൻ കെ. വി. ബ്ലാക്കുററൺ ആണെങ്കിൽ മേടിക്കും. അകത്തു കിടക്കുന്ന കൊച്ചിന്റെ പിതാവിനെ ഞാൻ അറിയും.

റോബ: പോ-പോ-പോടാ പോ. ഒരു പൈ-പൈ-പൈസാ കാണത്തില്ല നി-നി-നീ.

മാനേ: (കുപിതനായി) ഞാൻ നിന്നോടുതന്നെ മേടിക്കും. അല്ലെങ്കിൽ നീ കുടിച്ചതു് ഞാൻ ഇവിടെ കക്കിക്കും.

റോബ: നീ-നീ-നീ എന്തു പഴഞ്ഞടാ-ഞാ-ഞ-ഞാനാരാണെന്നറിയുമോ-മോ-മോടാ നീ. (കൈ ഓങ്ങുന്നു)
(മാനേജരും ഭൃത്യന്മാരുംകൂടി അവരുടെ കോട്ടുംമററും പിടിച്ചുപറിക്കുന്നു. ബഹളം, പ്രഹരം, അടിയേററു മൂന്നുപേരും നിലത്തു വീഴുന്നു.)

കർട്ടൻ.

## രംഗം ൨. (ശയനമുറി)

(സ്വാനിസ്ലാവോസും സേവകനും നിദ്രചെയ്യുന്നു. തസ്കരൻ പ്രച്ഛന്നം പ്രവേശിച്ച് കോട്ടിനുള്ളിൽനിന്നു താക്കോൽ കരസ്ഥമാക്കുന്നു. സ്വാനിസ്ലാവോസ് നിദ്രയിൽ നിന്നുണർന്ന് മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. തസ്കരൻ ഒളിച്ചിരുന്നു ഇടയ്ക്കിടയ്ക്ക് തല ഉയർത്തി നോക്കുന്നു.)

പ്രാർത്ഥന.

സ്വാനി: സർവ്വ ചരാചരങ്ങളേയും രക്ഷിച്ചു പരിപാലിക്കുന്ന ജഗദീശാ! ജീവികളെല്ലാം പരിപൂർണ്ണമായ വിശ്രാന്തസുഖമനുഭവിക്കുന്ന ഈ അർദ്ധരാത്രിയിൽ അങ്ങേ തിരുനാമം ജപിക്കുവാനാരാണുള്ളത്? സദാ സ്തോത്രഗാനങ്ങളാൽ അങ്ങേ പുകഴ്ത്തുന്ന സ്വർഗ്ഗവാസികളോടൊന്നുചേർന്ന് നിന്റെ നാമം അടിയനും വാഴ്ത്തുന്നു. കാരുണ്യവാനായ ദൈവമേ! ഈ പാതിരാവേളയിൽ എന്റെ സഹോദരനും അദ്ദേഹത്തിന്റെ സഖാക്കളും എവിടെ ആയിരിക്കാം. അവരുടെ മാനസാന്തരത്തിനു വേണ്ടി ഞാൻ പരിഹാരകൃത്യങ്ങൾ ചെയ്യുകതന്നെ. (ഒരു വടി എടുത്ത് സ്വശരീരത്തിൽ അടിക്കുന്നു. പ്രച്ഛന്നശബ്ദം കേട്ട് ഭയവിഹ്വലനായിത്തീരുന്നു.) നിർമ്മലകന്യകേ! കരുണാവാരിധേ! നീ തന്നെ എനിക്കാശ്രയം. (പൂർവസ്ഥാനത്തു വന്നു ശയിക്കുന്നു. തസ്കരൻ ഇടയ്ക്കിടയ്ക്കുണ്ടാകുന്ന ചില ശബ്ദം കേട്ട് ഭയന്നും വിറച്ചും മേശ തുറന്ന് പണസഞ്ചി കരസ്ഥമാക്കി താക്കോൽ പൂർവ്വസ്ഥാനത്ത് വച്ചിട്ട് നിഷ്ക്രമിക്കുന്നു)

കർട്ടൻ.

## രംഗം ൩ (ഗൃഹം)

(വീരവാദം പറഞ്ഞുംകൊണ്ട് പോളും മിത്രങ്ങളും പ്രത്യക്ഷപ്പെടുന്നു)

റോബ: അവൻ ഓർത്തത് നാം വെറും വഴിപോക്കരായിരിക്കണമെന്നാണ്. ഏതായാലും ആൺപിള്ളേരുടെ കൈച്ചൊറുക്ക മനസ്സിലായി. ഇനി മൗനമവലംബിച്ചു കൊള്ളും.

പോൾ: കഷ്ടം! ഞാൻ നിദ്രയിലാണ്ടുപോയതു് അവൻെറ മഹാ ഭാഗ്യം.

റോബ: പോളച്ചൻ ഉണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി എനിക്കരിശം വന്നാൽ പിന്നെ മേൽകീഴ് നോട്ടമില്ല.

ഹെൻട്രി: അതു് പണ്ടല്ലായിരുന്നോ? ഇനിയെങ്കിലും ആളും തരവും കണ്ടെ കളിക്കാവൂ എന്നു് പഠിച്ചില്ലേ.

റോബ: എന്തൊ പഠിക്കാനാടാ, കൊള്ളാം കാലുമടക്കി ഒന്നു കൊട്ടത്തിരുന്നെങ്കിൽ കാണാമായിരുന്നു ആറാംവാരി തവിടുപൊടി.

വല്യം: ആരു കേൾക്കാനാ ഇതൊക്കെ എഴുന്നള്ളിക്കുന്നതു്. കാലിനും കൈക്കും ഒരുപോലെ അകത്തും പുറത്തും പോരെങ്കിൽ ചെള്ളയ്ക്കും തന്നപ്പം നമ്മുടെ ഈ വൻ പിച്ച കാൽ ഉറങ്ങുകയായിരുന്നോ? എൻെറ റോബർട്ടേ! എന്തിനാ ഈ പുളുവൊക്കെ അടിച്ചുവിടുന്നതു്. നമുക്കു കിട്ടിയതുംകൊണ്ടു് വേഗം പോയി വല്ല കുഴമ്പും തൈലവും പുരട്ടി ചൂടു പിടിയ്ക്കാം. ഇനിയെങ്കിലും നല്ലവാക്കു പറഞ്ഞാൽ ശേഷിച്ച പ്രാണൻ എങ്കിലും നശിക്കാതിരിക്കും.

ഹെൻട്രി: ഈ വിടുവായൻ റോബർട്ടിൻെറ കൂടെ നടന്നതിനും മാത്രമുള്ള സംഭാവന എല്ലാം കിട്ടി. കഴുത്തനക്കണമെങ്കിൽ പിഴിച്ചിൽ ഒന്നു കഴിക്കണം. പോരെങ്കിൽ എളിക്കൊരു ഉളുക്കുകൂടിയായി. നാളെ അവൻ ഒന്നാംക്ലാസിൽ കേസുകൊടുക്കും അതിനുംകൂടി ഉത്തരിക്കണം.

റോബ: നിങ്ങൾക്കിത്ര ഭീതി എന്താണ്? കേസു മുറയ്ക്കു നടത്തണം. കമ്പി അടിച്ചു് ബാറിസ്റ്റർ ബൈഡ്റാംധാരയെ വരുത്തി വാദിക്കണം.

ഹെൻട്രി: ബീഡിക്കു കാശില്ലാത്തവനാ ബാറിസ്റ്ററെ വരുത്തുന്നതു്.

പോൾ: ഛേ! ദ്രവ്യം ഇല്ലെന്നോർത്തു് ആരും ഖേദിക്കേണ്ടാ. പവൻ ആയിരം ഇരിപ്പുണ്ടു്.

റോബ: ഒന്നാംക്ലാസ്സിൽനിന്നു് അറസ്റ്റ്‌വാറണ്ടു വരുവാനും വകുപ്പുമാറുവാനും വഴിയുണ്ടു്, ചിലപ്പോൾ തൊണ്ണൂറിനു കേസെടുത്തു വാദിച്ചേക്കും.

ഹെൻട്രി: പവൻ ഇരിപ്പുണ്ടെന്നു് അറിഞ്ഞപ്പം കേസിൻെറ വകുപ്പുകൾ താനേ മാറിത്തുടങ്ങി.

വില്യം: ഞാൻ നേരത്തെ ഒരു സംഗതി പറയാം: കണ്ട കാളനും ഊളനും കൊണ്ടു് കോഴ കൊടുക്കരുതു്. കച്ചേരി വളപ്പിൽ കാച്ചട്ടയും കോട്ടും പോരെങ്കിൽ തൊപ്പിയും വച്ചു് വല്ല ശിപായിമാരും ചെവിക്കിടയിൽ പേനാ തിരുകി വല്ല വക്കീൽഗുമസ്തന്മാരും കാണും. തനിക്കു് ആളുതെററിപ്പോകരുതു്.

റോബ: എനിക്കും കുറെ ലോകപരിചയമുണ്ടു് പുതിയ ഹെഡ്കാൺസ്റ്റബിൾ എൻെറ ആത്മമിത്രമാണു്. ആദ്യമായി അദ്ദേഹത്തെതന്നെ ഒന്നു കണ്ടാലോചിക്കാം.

വില്യം: ഹേഡിനെ കണ്ടു് ആലോചിക്കുന്നതു കൊള്ളാം. എന്നാൽ എല്ലാകൂട്ടത്തിലെങ്ങും ചെന്നു ചാടാതെ സൂക്ഷിച്ചുകൊള്ളണം.

(പോൾ മേശ തുറന്നു പവൻ തപ്പുന്നു. കാണുന്നില്ല. കുപിതനായി)

പോൾ: സേവകാ! (വിളിക്കുന്നു) ദ്രോഹി! വാടാ ഇവിടെ. നിൻെറ കഥയിപ്പോൾ കഴിച്ചേക്കാം. (സേവകൻ വേപഥുഗാത്രനായി പ്രത്യക്ഷപ്പെടുന്നു)

പോൾ: (മേശപ്പുറത്തടിച്ചുകൊണ്ടു്) എടാ പെരും കള്ളാ! ഞാൻ നിക്ഷേപിച്ചിരുന്ന പവനെവിടെ?

സേവ: എനിക്കറിഞ്ഞുകൂടാ.

പോൾ: അസത്യം പറയുന്നോ? നിൻെറ എല്ലു ഞാൻ തകർക്കും. (പ്രഹരിക്കുന്നു)

സേവ: (വിലപിക്കുന്നു) എൻെറ കണ്ണാണെ, മൂക്കാണേ, നാക്കാണേ, പോളച്ചനാണേ ഞാൻ അറിഞ്ഞില്ല. എൻെറ ദൈവമേ! പച്ചവെള്ളം ചവച്ചുകുടിക്കാത്ത ഈ പാപിക്കിതിനിടയായല്ലോ! എത്രവേണമെങ്കിലും തല്ലിക്കോ ഞാൻ തിററിവളത്തിയ കൈയല്ലേ.

റോബ: സേവകാ! നിൻെറ കൌശലമൊന്നുമെടുക്കേണ്ടാ. സത്യംപറഞ്ഞാൽ നിനക്കു രക്ഷയുണ്ടു്. അല്ലെങ്കിൽ നിന്നെ പോലീസിൽ ഏല്പിക്കും.

സേവ: (കുപിതനായി) പോടാ പോതെണ്ടി, നിന്നെ ഞാൻ അറിയത്തില്ലേ, എരിയുന്ന തീയിൽ എണ്ണ ഒഴിക്കുന്ന തമ്പ്രുതായം ഇങ്ങാട്ടെടുക്കണ്ടാ അതു് തന്റെ കെട്ടിയവളുടെ അടുക്കലേ ചെലവാകയുള്ളു.

വില്യം: എന്താ! റോബർട്ടിനു തൃപ്തിയടങ്ങാ? അടിയിരിക്കുന്നിടത്തുകൊണ്ടു ചെവിടു പ്രതിഷ്ഠിച്ചാലത്തെ അനുഭമിതാണു്.

പോൾ: എന്നാൽ സ്വാമി മോഷ്ടിച്ച ദേവാലയത്തിൽ കൊണ്ടു കാണിക്കവെച്ചുകാണും.

സേവ: അയ്യോ! എന്തിനാ മാടപ്രാകുഞ്ഞിനെ തമൂശയിക്കുന്നു. ദൈവതോഷമുണ്ടാകുമേ.

റോബെ: അവൻ മോഷ്ടിച്ചില്ലെന്നു നിനക്കെങ്ങനെ ധൈര്യമുണ്ടായി?

സേവ: തനിക്കിന്നലെ പുറന്നാളു കോഴിച്ചപ്പം കിട്ടിയ ചളുക്കുപോലെ പോളച്ചൻ ആ കുഞ്ഞിനെ ഇട്ടു തൊഴിക്കണതു കാണണമല്ലേ. എടോ തന്റെതല്ലേ അഞ്ചാറെണ്ണം ആ തിണ്ണേലും പരിയംപൊറത്തും 'പിത്തചൂല' പിടിച്ചു് വാലുമാക്രിപോലെ വയറുംചാടി കുത്തിയിരുന്നു നെരങ്ങുന്നതു്. അതിലൊന്നിനെ വല്ല കാക്കയോ പുള്ളോ റാഞ്ചികൊണ്ടുപോകാൻ കഞ്ഞികൊടുക്കാൻ കാശില്ലെങ്കിലും താൻ തമ്മതക്കുമോ? (കൂട്ടകാർ ചിരിക്കുന്നു) ഇവിടെത്തന്നെ അല്ല അരിവെക്കുന്നതു്. എവിടെ ചെന്നാലും എന്റെ ഒരു ചാൺ വയറു നെറയ്ക്കാം. തന്റെ വയറുപിഴപ്പു് മുട്ടാറായി. ഈയുള്ളവൻ നേരത്തെ പിരിഞ്ഞേക്കാം. വെറുതെ ആണോ! മിനിഞ്ഞാന്നു രണ്ടിടി ഒന്നിച്ചുവെട്ടിയതു്!? ആണ്ടെ എലി ചത്തുവീഴാൻ തുടങ്ങി.

റോബ: നിന്റെ തട്ടിപ്പൊന്നും നടക്കത്തില്ല. വെറുതെ നിന്നെ അറസ്റ്റു് ചെയ്യേണ്ടിവരും. സത്യം പറയുകയാണുത്തമം.

സേവ: താനാരാടോ എന്നെ അറഷ്ട്ടുചെയ്യാൻ. നല്ല തറവാട്ടിൽ പിറന്ന പിള്ളേ പാറിച്ചു തൊട്ടുനക്കി നടക്കുന്ന എമ്മാളിയല്ലേ താൻ.

റോബ: മര്യാദയായി സംസാരിക്കടാ.

സേവ: അമ്പോ! നല്ല മരിയാതിക്കാരൻ. ഇന്നലെ മദ്യഷാപ്പുകാരൻ ബ്ളാക്ററൺ തൻെറ നെഞ്ചത്തു കേറിയിരുന്നു ഞെക്കിയപ്പം കണ്ണുരണ്ടും പന്തംപോലെ ഉന്തിവന്നതു് നമ്മുടെ മസ്താതകൊണ്ടല്ലേ. നാട്ടുവഴിയിൽ കൂടി ചെവിതുറന്നു നടക്കണ്ടാ. അയാൾ ചെക്കലെടിച്ചപ്പം കച്ചേരിയിൽ എത്തിട്ടുണ്ടു്. കാണാം ഇപ്പം കൊമ്പൻ മീശക്കാരു ലാത്തിയുമായിട്ട വരുന്നതു്

വില്യം: ഇനി എങ്കിലും റോബർട്ടിനു ഒന്നടങ്ങരുതോ?

റോബ: കശിനിക്കാരനെ ആരു ഭയപ്പെടും!

സേവ: കശിനിക്കാരനായാലും ജാത്യഗുണമുള്ളവനെ കോമാളികൾ അല്പം പേടിക്കണം.

പോൾ: നിങ്ങളുടെ സംഭാഷണം നിറുത്തു്.

സേവ: എന്താ പോളച്ചനും പുറനാള കഴിച്ചതോത്തു് അല്പം നാണം വരുന്നോ! എന്തായാലും നമ്മുടെ ഉദ്യോഗം തീന്നല്ലോ. ഞാനും കൊച്ചും പട്ടിണി. ഉണ്ടായിരുന്നതു ഷാപ്പിലും പോരെങ്കിൽ കുഞ്ഞുപരീതിൻെറ വിട്ടിലുമായി. പോളച്ചനെ ചെങ്ങാതിമാരു തീററികൊള്ളും. അവക്കൊ വിളക്കുവെക്കുന്നതിനകം നാഴി അരിക്കു മുട്ടിയാലും രണ്ടിടിക്കു ഒരു മുട്ടമില്ല.

പോൾ: മതിയടാ സംസാരിച്ചതു്. നീ പോയിവേഗം ഞങ്ങൾക്കു ചായ കൊണ്ടുവരു.

സേവ: കാത്തും നമുക്കു കശിനിക്കകത്താ ഉദ്യോഗമെങ്കിലും ഒരു നല്ല തറവാട്ടുകാരനാ. ഞാൻ ഇനി എൻെറ കൈകൊണ്ടു് ഈ ദുഷ്പാസന്മാക്കു പച്ചവെള്ളം കൊടുക്കുന്ന കാലത്തു് കാക്ക മലന്നു പാക്കും. (പോയി)

ഹെൻട്രി: സേവകൻ ക്ഷോഭിച്ചതിൽ അതിശയോക്തിക്കവകാശമില്ല. കലഹത്തിനു കാരണം റോബർട്ടിൻെറ സംസാരമത്രേ.

പോൾ: നമ്മുടെ രഹസ്യങ്ങളോരോന്നും പരസ്യമായതിനാൽ എനിക്കല്പം ഭയമില്ലാതില്ല. പിതാവിൻെറ കർണ്ണങ്ങളിൽ എത്തിയാലത്തെ സ്ഥിതി ഊഹ്യമല്ല. തൻമൂലം

സേവകനെ ഒന്നു പ്രസാദിപ്പിച്ചാൽ കേട്ടതെല്ലാം അവാസ്തവമെന്നു് അവനെക്കൊണ്ടു പറയിപ്പിക്കാം.

റോബ: അതു് പററിയ തന്ത്രംതന്നെ. എന്നാൽ കേസിൻെറ ആവശ്യത്തിനു പവൻ വേണമല്ലൊ.

പോൾ: സ്വർണ്ണാഭരണങ്ങൾ ബാങ്കിൽ പണയം വച്ചു അൻപതു പവൻ തൽക്കാലം വാങ്ങാം. എന്നാൽ നമുക്കു് നേരിട്ട നഷ്ടത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ എൻെറ ഹൃദയം തുടിക്കുന്നു. രക്തം പിണാക്കുകതന്നെ ചെയ്യുന്നു.

റോബ: ഒരു ആഴ്ചക്കുള്ളിൽ ഞാൻ ആ മോഷണം തെളിയിച്ചുകൊള്ളാം. അതോർത്തു് പോൾ ഇനി ഒട്ടും കുണ്ഠിതപ്പെടേണ്ട.

പോൾ: ശരീരത്തിനു് അതിയായ ക്ഷീണമുള്ളതിനാൽ ഞാൻ പോയി ഒന്നു വിശ്രമിക്കട്ടെ

വില്യം: പോളച്ചൻ വേഗം പോയി സുഖനിദ്ര കഴിക്കണം. നമുക്കെല്ലാവക്കും അല്പം വിശ്രമിക്കാം. (പോയി)

## രംഗം ൪. (അരണ്യം)

(രണ്ടു കാപ്പിരി തസ്കരന്മാർ മോഷ്ടിച്ച വസ്തുക്കൾ ഭാഗിക്കുന്നു)

ഒന്നാം: എടാ ചേട്ടാ! ഞമ്മ ചങ്ങാളുംകൂടെ എങ്ങനെ ഒക്കെ പങ്കു വെച്ചാലും ചങ്കതി വല്ലതും ചരിപ്പെടുമോടാ?

രണ്ടാം: എടാ മുട്ടാമ്പി! എനക്കു ചെളുപ്പുറത്തിലെ കണക്കു നന്നായി അറിയാമടാ. ഞമ്മ ഒററ ചോദ്യം. ഉനക്കു ഉത്തരം പഴയാമോടാ?

ഒന്നാം: ആട്ടാടാ ചേട്ടാ ഞമ്മ പഴയാം.

രണ്ടാം: എടാ ചൂലേ! ഓരായിരം മാകാണി എത്ര. പഴയടാ പഴ ആനെച്ചുനാണെങ്കിൽ പഴ.

ഒന്നാം: മാക്കാനിക്കോ?

രണ്ടാം: ആ—മാക്കാണി.

ഒന്നാം: എടാ! കളരിയിൽ പഴററിയതല്ലേ. ഞമ്മ ഓക്കുന്നു. ഏൻ ഉള്ളതു പഴഞ്ഞാൽ കേട്ടോ അംബുജൻചേട്ടാ! ഞമ്മ

പയററിയതു മുഴുവൻ മറന്നു. ഉള്ളതു പഴഞ്ഞാൽ എനക്കു അരണബുത്തിയാ. എടാ! ഞമ്മ പഴററിയ കാലത്തെ തങ്കതി വല്ലതും നീ ഓക്കുണൊണ്ടോ? ആശാൻെറ കളരിക്കലേ്യ ഞമ്മ മുട്ടുശടി കുത്തിനാട്ടിയതു്. ആശാൻ വന്നു കൊമ്പൻമീശ പിരിച്ചുണ്ടാ അന്തത്തിലിരുന്നപ്പം—ഹാ! ഹാ! ശുടി തുളഞ്ഞു ചന്തിക്കുണ്ടാ കൊണ്ടപ്പം—ഹാ! ഹാ! ചാടി ഏററിട്ടു് ഞെമ്മെ പിടിച്ചു ശുടിക്കു നിറുത്തി ഉടമ്പിനെ പതക്കണപോലെ ചതച്ചതു ചേട്ടൻ മറന്നുപോയാേന്നാ? അന്നല്ലേ ആയുത്തിൽ നല്ലപ്പം ആശാൻെറ ചെല്ലവും നാരായവും ഞമ്മ കട്ടു ചാപ്പിൽ കൊണ്ടു വച്ചു മരവെള്ളം മോന്തി താഹം തീർത്തു നൊമ്പരം മാററിയ ആ എനക്കെത്ര കണക്കാ തിരിയണതു്. എന്നാൽ ഞമ്മ ഒററ ചോദ്യം അങ്ങോട്ടു തരട്ടെ.

രണ്ടാ: ഓഹോ! ഞമ്മ തയ്യാർ.

ഒന്നാ: ഓരായിരം കിഴുമുന്തിരിക്കെത്ര ചെമ്പുകാശു്. കണക്കപ്പിള്ള ഒന്നു പഴഞ്ഞാട്ടെ.

രണ്ടാ: (അല്പം ചിന്തിക്കുന്നു) എടാ മുട്ടാമ്പി! കിഴുമുന്തിരി പറഞ്ഞാന്നപ്പം അതു മുഴുവനാകാതല്ലാേന്നാ ആശാൻ തല കീഴായി മറിഞ്ഞതു് പിന്നെ എങ്കാനും കളരിയിൽ ഞെമ്മെ കണ്ടാേന്നാ?

ഒന്നാ: പിന്നെങ്കനാടാ പൂകേ! ഞമ്മ ചങ്ങാളുംകൂടി പങ്കുവെക്കണെതു്.

രണ്ടാ: നില്ലടാ നമ്മുടെ പെരുങ്കള്ളൻ പ്രഞ്ചു വരട്ടെടാ. അവൻ കണക്കപ്പിള്ളയല്ലേ അവനില്ലാന്നാൽ വരുമ്പം വെളുതെ വളക്കണ്ടാകും.

(പ്രഞ്ചു പ്രവേശിക്കുന്നു. തലയിൽ ഒരു പണക്കിഴിയും കഴുത്തിൽ ഒരു മാലയുമുണ്ടു്)

ഗീതം

(തന്താനംവെടി—ഏ. മ.)

ഒരായിരംപവൻ നിറഞ്ഞ സഞ്ചിയാണിതു്
ആരുമില്ലാതേകനായി കൈക്കലാക്കി ഞാൻ
പാർത്തിരുന്നു, പതിഞ്ഞിരുന്നതെത്തുമുറച്ചു
പുത്തൻപണക്കിഴിതട്ടി പമ്പ കടന്നോൻ

(സ്നേഹിതന്മാർ സാമോദം പ്രഞ്ചുവിനു കൈകൊട്ടുത്തു നൃത്തമാടുന്നു)

പ്രഞ്ചു: എടാ വെറുതേ അല്ല. ഒരായിരമുണ്ട്. പെടലി ഒടിയുമടാ ഒന്നു താങ്ങിയിറക്ക്. (പണക്കിഴി താങ്ങിയിറക്കുന്നു)

ഒന്നാം: നമ്മുടെ പ്രഞ്ചുവിനു ചരി ഞ്ഞണെച്ചൻ ഇന്നു പൂലോകത്തുണ്ടോ?

രണ്ടാം: എടാ! നമ്മുടെ പ്രഞ്ചു ലോകംപിറന്ന ചട്ടമ്പി അല്ലേ.

ഒന്നാം: (ഒരു പശത്തേക്കു സൂക്ഷിക്കുന്നു) ആരോ വഴിയെ നടന്നു വരുണ്ട്.

പ്രഞ്ചു: വേഗമെല്ലാം കുളിച്ചുമൂട് (കട്ടവസ്തുക്കൾ മറവുചെയ്യുന്നു കൂട്ടുകാരും മറഞ്ഞിരിക്കുന്നു. പ്രഞ്ചു ധൈര്യസമേതം നിൽക്കുന്നു. അവിചാരിതമായി റോബർട്ടു പ്രത്യക്ഷപ്പെടുന്നു.)

റോബ: അഹാ! പ്രഞ്ചു! നീ താൻ സമർത്ഥൻ വേഗം നമ്മുടെ വീതം തരിക. ഞാൻ പോകട്ടെ.

പ്രഞ്ചു: ആരാടാ അത് (സൂക്ഷിക്കുന്നു) റോബർട്ടാണോ അത്?

റോബ: പ്രഞ്ചു ഞാനല്ലേ (അല്പംകൂടെ സമീപിക്കുന്നു)

പ്രഞ്ചു: (കുപിതനായി) അടൈ തെണ്ടിപ്പൈലെ നിങ്കടെ ചെവുട്ടു നാൻ തകെത്തു ചമ്മന്തിയാക്കിവിടും. ശീല്ലേം മണ്ടിക്കോ, അതുതാൻ നല്ലതു.

റോബ: (വിഷണ്ണനായി) കഷ്ടം! എന്റെ പ്രഞ്ചു! നീ എന്താണിപ്പറയുന്നതു? നമ്മുടെ വീതം തന്നേക്ക്. അഡാംസിനെ ഉപേക്ഷിച്ചിരിക്കുന്നു.

പ്രഞ്ചു: നാൻ എന്തു പേശണം നാ. അടൈ ഉങ്കടെ വാക്കുകേട്ടു കളിഞ്ഞ ചാത്രി നാൻ വെളുതെ മെനക്കെട്ടതും പോരാ ഉനക്കിപ്പം വീതംകൂടെ കിടൈക്കവേണം.

റോബ: വെറുതെ ആണോ? പവൻ ഓരായിരമില്ലായിരുന്നോ?

പ്രഞ്ചു: അതേടാ; നിങ്കടെ തകപ്പനാ അവിടെ പവൻ കൊണ്ടെ വച്ചിരുന്നതു. നല്ല കൊളന്തെകളെ നിങ്കൾ മുടിക്കാണ പുത്തി ഒന്നും എനിക്കില്ലെ. നാൻ ശാപസംവിടാതെ ചാത്രി പാത്തിരുന്നു തക്കം നോക്കി മേശ തുറന്നപ്പം അതു

കുളത്തിൽ അഞ്ചാറു ചിന്നകടലാസു താൻ. അന്ത വേളയിൽ ഉങ്കളെ കണ്ടാന്നെങ്കിൽ തിട്ടം നിങ്കടെ എല്ല് കെത്തു നാൻ കുളിച്ചുമൂടമായിരുന്നു. പെരിയ വഞ്ചന. നമ്മെ കുഴിയിൽ ചാടിക്കണ വഞ്ചന താൻ. പോ ശീഘ്രം അതാണ ഉനക്കിപ്പം നല്ലതു്.

റോബ: നിൻെറ പിട്ടൊന്നും എടുക്കണ്ടാ. എനിക്ക കിട്ടാനുള്ളതു് ലഭിക്കാതെ ഞാൻ നിന്നെ വിട്ടുംവച്ചു് പോകത്തില്ല
(ഒളിച്ചിരുന്നവർ പ്രത്യക്ഷപ്പെട്ടു.)

ഒന്നാ: എന്താ നീ ഒന്നു വാങ്ങണതു ഞമ്മ കാണട്ടടാ.

രണ്ടാ: നിന്നെ കുളിച്ചുമൂടം കളതെ. ഊരു വേണമെങ്കിൽ ഓടിക്കോ.

ഫ്രഞ്ചു: നിങ്കൾക്ക കിടയ്ക്ക വേണ്ടിയതു് ഇതു താൻ (റോബർട്ടിൻെറ ഗണ്ഡമടിച്ചുതകർക്കന്നു–പ്രഹരം–റോബർട്ടു് പ്രാണരക്ഷാൎത്ഥം മണ്ടുന്നു.)

ഫ്രഞ്ചു: അവൻ വഞ്ചനക്കാറൻ, ഫ്രഞ്ചു പെരുംകള്ളനാണെങ്കലും ശരി, എൻ ഉള്ള നല്ലതു താൻ ആനാൽ എനക്കും എൻ കൂട്ടാളർകൾക്കും കൊളപ്പമൊന്നും വരാതു്.

രണ്ടാ: അവൻെറ പിളത പല്ലെങ്കിലും വച്ചുകൊടുക്കണേ.

ഫ്രഞ്ചു: ഹാ! ഹ! അവനുക്ക പല്ല്. വല്ലവൻേറയും കുഴിമാടത്തിൽ പോയി തപ്പട്ടെ ഹാ-ഹാ-

ഒന്നാ: തമയം പോണു. പങ്കുവെക്കാം ക്രിസ്തുമതു്കാലം നാട്ടുക്ക പോണം. (താഴെ ഇരിക്കുന്നു)

രണ്ടാ: ശരി ശരി, ക്രിസ്തുമതു് കോഴിക്കാൻ വീട്ടിൽ കിടന്നു ഉറങ്കിയാൽ വല്ലതും കിടയ്ക്കുമോ? തായിപ്പന്മാരും ചമ്പളക്കാരും തക്കീട്ടു നടക്കണ കാലം നല്ല കോളുള്ള തക്കം. വെറുതെ കളഞ്ഞാൽ പിറക്കണ ആണ്ടിൻെറ അവതാനംവരെ വെറുതെ ഇരിക്കണം.

ഫ്രഞ്ചു: ഉങ്കടെ നാട്ടിൽ ചെന്നാൽ കത്തനാരസ്വാമിയാരെ ക്കാണാൻ ഇടവന്താൽ തിട്ടം കുമ്പസാരം വേണമെന്നു് അവർ പേശും ഉപദേശം പാത്തു് മനംമറിഞ്ചു് മട്ടവളച്ചാൽ തിട്ടമാ നിങ്കടെവീട്ടിലിരിക്കണതും കുളിച്ചിട്ടിരിക്ക

ണതു മുളവൻ മാന്തിയാലും ഉത്തരിപ്പുകടം തീരാതു് എന്നവർ ചൊല്ലും. ഓത്തുവേണം കളിക്കാൻ, നിനക്ക തെരിഞ്ചോ?

ഒന്നാം: ചരി ചരി മാത്രം ഒന്നുകൂടികളിച്ചോട്ടെ.

രണ്ടാം: ശീക്രം പങ്കുവെക്കാം. കാലം മറിഞ്ചുപോയി റിസ്സർവാപോലീസ് വന്തുകിടക്കണു.

ഒന്നാം. അതു ചരിയാ. എച്ചംപോച്ചമില്ലാതെ അവരെടുത്തിട്ട ചള്ളക്കം. ഞമ്മ കണ്ണാലെ കണ്ടു. കളിഞ്ഞ ആണ്ടിൽ ഇങ്കളാണ്ടിൽ തായിപ്പുമ്മാരുടെ കളരിയിൽ പഴററിവന്ന ഒരു പെരിയതമ്പുരാൻ പത്രം വായിച്ചംകൊണ്ടിരുന്നനേരം എതാണെന്നു ചോദിച്ചാന്നപ്പം ഉരിയാടില്ലെന്നും പഴഞ്ഞു റിസ്സർവാ അങ്ങാ കേറി അടിമുടി ഒരുപോലെ ഒരു മെതി.

പ്രഞ്ചു: നിവുത്തടാ പ്രതങ്കം, നിങ്കടെ ഒക്കെ പങ്ക പിടിച്ചോ. (പ്രഞ്ചു പവനാദിയായതു് ഭാഗിച്ചുകൊടുക്കുന്നു) ഇനി ഞമ്മ പോണു അടുത്ത വാരത്തിൽ ഇന്ത തലത്തുതന്നെ നമുക്കു് ഒത്തുകൂടണം തിരിഞ്ചോ?

രണ്ടാം: പ്രഞ്ചുതാറിൻെറ കളുത്തിൽ പോടിയിരിക്കണ മാലയുടെ വീതംകൂടി തന്നാട്ടെ.

പ്രഞ്ചു: പോടാ പോ! അതു എനക്കുതന്നെ വേണ്ടതു്. പോലീസ്കമ്മീഷണർ യശമാനൻ ഞമ്മെ അറസ്റ്റ് ചെയ്തു് കുട്ടിലിടാൻ പോലീസുകാരെ അയച്ച അന്നു് പ്രഞ്ചു മനത്തിൽ കണ്ടാന്നതല്ലേ ഇതു്. യശമാനൻെറ ഓമ്മക്കായിട്ടു് എനക്കുതാൻ വേണ്ടതു്.

ഒന്നാം: അതിൻെറ ഒററക്കണ്ണി എങ്കിലും എനക്കു വേണം. താമി തമ്പുരാൻ തക്കിട്ടു പോയാന്നതും പുണ്ടാട്ടിയും പുള്ളെരും തിനീമാ കാണാൻ പോയാന്നതും മൂത്ത പെൺപുള്ള തെണ്ണമായി കിടന്നാന്നതും വാതുക്കൽ തോക്കംനാട്ടി നിന്നുറങ്ങിയ പട്ടാളക്കാരൻ ചാമിസ്സു വീടി കൊടുത്തു ചങ്കതി മനത്തിലാക്കി വന്നു പഴഞ്ഞതു ഞമ്മ അല്ലേ?

പ്രഞ്ചു: ആനാലും തൈര്യം പിടിച്ചു ബങ്കളാവിൻെറ പുറത്തു കേറി ഓടെളക്കി ചപ്പുതംഉണ്ടാക്കാതെ ചാതം പിടിച്ചു താളത്തിറങ്കി അവാള്ള പോടിയിരുന്ത മാല പൊട്ടിച്ചു

നേരം ഒരു തേള് പൊറത്തു വീണു നമ്മേ കുത്തിയാന്റിട്ടും നാൻ ഉരിയാടാതെ വേദനെകൊണ്ടു വെയത്തു അപ്പടി [illegible]ൻ പുറത്തു വന്ത നാം ആരു്? ആനാൽമുളുവനും എനക്കല്ലവാ കിടയ്ക്കു വേണ്ടിയതു്.

രണ്ടാ: എന്തിനാ താരേ! ഇതൊക്കെപ്പേശണതു. ഞമ്മ ഇല്ലാന്നാകി കളി കാണാന്റ ബുറപ്പെട്ടി രണ്ടെണ്ണും ചെല്ലു ചെല്ലുന്നല്ലാന്നോ? ഒന്നു ചപ്പിതിപ്പിക്കാതെ രണ്ടു നാളികനേരം ഞമ്മ തേങ്ങാകൊത്തു ഇട്ടുകൊടുത്തില്ലാന്നെങ്കിൽ കാണാമായിരുന്നു തങ്കതി ഒക്കെ. അതിനെക്കൊണ്ടെനക്കും വേണം കൊഞ്ചം

പ്രഞ്ച്യു: എൻ ഒടമ്പിലെ ഉശിരുള്ള കാലം നാൻ തരില്ലെ.

ഒന്നാ: ചത്താലും ചരി എനക്കും കൊഞ്ചം വേണം.

രണ്ടാ: അപ്പടിത്താൻ എനക്കും. (തമ്മിൽ പിടുത്തം. മാല പൊട്ടിച്ചു. തമ്മിൽ പ്രഹാരം)

(കർട്ടൻ.)

രംഗം ൫.

(ശയനമുറി)

(സ്വാമി, പോൾ, സേവകൻ, ട്യൂട്ടർ എന്നിവർ നിദ്ര ചെയ്യുന്നു)

(സ്വാമി നിദ്രയിൽനിന്നുണർന്നെഴുന്നേറ്റു് പ്രാർത്ഥിക്കുന്നു)

ഹാ! രക്ഷകാ! സകല സൃഷ്ടികളും മൌനമവലംബിക്കുന്ന ഈ വേളയിൽ എന്റെയും എന്റെ സഹോദരന്റെയും പാപപരിഹാരത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. ദുഷ്ടന്മാർ അങ്ങേ മർദ്ദിച്ചതിനെ ധ്യാനിച്ചു നാശഗർത്തത്തിലേക്കു എന്നെ വലിക്കുന്ന ഈ ശരീരത്തെ ഞാൻ പീഡിപ്പിക്കുന്നു. (ഒരു വടികൊണ്ടു് തന്റെ പുറത്തടിക്കുന്നു ശബ്ദം കേട്ടു് പോൾ കുപിതനായി ചാടി എഴുന്നേൽക്കുന്നു)

പോൾ: എടാ നശിച്ചവനേ! നീ അർദ്ധരാത്രിയിൽ പോലും കിടത്തി ഉറക്കത്തില്ലല്ലോ. (ശബ്ദം കേട്ടു സേവകനും ട്യൂട്ടരും ഉണരു

നു. പോറം അടുത്തുചെന്നു സ്റ്റാനിയുടെ പക്കൽനിന്നും വടി വാങ്ങിക്കുന്നു)

പോറം: എടാ ഞാൻ നിന്നെ അടക്കിക്കിടത്താം (എന്നു പറഞ്ഞു സ്റ്റാനിയെ തൊഴിച്ചു മറിച്ചിട്ടു് ചവുട്ടിപ്പിടിച്ചുകൊണ്ടു് അടിക്കുന്നു)

സേവ: അയ്യോ! അരുതേ അരുതേ, എന്റെ പൊന്നു പോളച്ചാ! കണ്ണിൽച്ചോരയില്ലയോ? (എന്നുപറഞ്ഞു് ബലാൽ പിടിച്ചുമാററാൻ ശ്രമിക്കുന്നു. ട്യൂട്ടർ കണ്ടുനിന്നു് രസിക്കുന്നു. സ്റ്റാനി ബോധരഹിതനായി കിടക്കുന്നു)

ട്യൂട്ടർ: അർദ്ധരാത്രിവേളയിലെങ്കിലും ഒന്നടങ്ങി കിടന്നിരുന്നു എങ്കിൽ ഈ അനിഷ്ടസംഭവത്തിനിടവരുമോ?

പോറം: വെറുതെയാണോ ഞാൻ ഈ ഗൃഹത്തിൽ നിദ്ര ചെയ്യാത്തതു്? വല്ലതുമാകട്ടെ എന്നു വിചാരിച്ചു ശയിക്കുന്ന ദിനം ഈ പരമദ്രോഹി ഉറക്കുകയില്ല. സർ വരണം നമുക്കു് അടുത്ത ടൌൺ ഹോട്ടലിൽ പോയി സുഖനിദ്ര ചെയ്യാം. (ഇരുവരും പോയി)

സേവ: താനീ! താനീ! (വിളിക്കുന്നു. ശബ്ദമില്ല. താഴെയിരുന്നു സ്റ്റാനിയുടെ ശിരസ്സു് മടിയിൽ വെച്ചുവക്കുന്നു) എന്റെ ദൈവമേ! ഈകുഞ്ഞു കണ്ണു തൊറക്കുന്നില്ലല്ലൊ. (കരയുന്നു) എന്റെ പൊന്നു താനീ (കരയുന്നു) ആ തടിയൻ താറു നോക്കിനിന്നു രസിച്ചതല്ലാതെ ഒരു വാക്കു തടത്തം പറയാൻ തോന്നിയില്ലല്ലോ. എന്റെ ദൈവമേ! ഇനി എന്റെ കൈകൊണ്ടു വല്ലതുമിറ്റു ഈ കുഞ്ഞിനു കൊടുക്കാൻ ഇട വരുമോ? (വിലപിക്കുന്നു)

കർട്ടൻ.

## രംഗം ന്നു. (ഉദ്യാനം)

(പോറം സഖാക്കളുമായി കാണപ്പെടുന്നു)

ഹെൻട്രി: പോറം സുഖമായി ശയിച്ചു എന്നു വിചാരിക്കുന്നു.

പോറം: സ്റ്റാനി ജീവിച്ചിരിക്കുന്നിടത്തോളം കാലം സുഖനിദ്ര സാദ്ധ്യമോ?

അർദ്ധരാത്രിയിൽ അവൻ അനുഷ്ഠിക്കുന്ന തപഃക്രിയകൾ മൂലം ഈ ഭവനത്തിൽവച്ചു് ഒരുത്തനും കണ്ണടയ്ക്കാമെന്നു വിചാരിക്കേണ്ടാ.

വില്യം: യഥാർത്ഥത്തിൽ അവൻ ഒരു സുകൃതീന്ദ്രനാണെന്നാണു് എന്റെ അഭിമതം. തലയും ചീകി പരിമളതൈലവും പൂശി സിഗററും വലിച്ചു കോളജിലേക്കു പോകുന്ന പരിഷ്കൃതവസ്ത്രധാരികളായ ആധുനികയുവാക്കന്മാർക്കില്ലാത്ത പല വിശിഷ്ട ഗുണങ്ങളും ഞാൻ അവനിൽ കാണുന്നുണ്ടു്. ഇത്രയും പരിപാവനമായ ജീവിതം നയിക്കുന്ന ഒരു യുവാവു് ഈ വിയന്നാപുരിയിൽ ഇന്നുവരെ പാദസ്പർശം ചെയ്തിട്ടില്ല.

പോൾ: സ്വാമി ഗർഭത്തിലായിരുന്നപ്പോൾ മാതാവിന്റെ മാറിൽ ഈശോ എന്നൊരു നാമം വ്യക്തമായി കാണപ്പെട്ടിരുന്നു. ജാതനാകുവാനിരിക്കുന്ന ശിശു ഉൽകൃഷ്ടമായ പുണ്യസംപോഷണം പ്രാപിക്കുമെന്നു് അമ്മയുടെ ജ്ഞാനപിതാവു് പറഞ്ഞതായിട്ടു ഞാനിപ്പോൾ സ്മരിക്കുന്നു.

(റോബർട്ടു് ഒന്നുരണ്ടു നോട്ടീസുമായിട്ടു പ്രവേശിക്കുന്നു )

റോബ: കേട്ടു, കേട്ടു, ആധുനികചിന്തകന്മാർ ഇത്തരത്തിലുള്ള കെട്ടുകഥകൾ വിശ്വസിക്കുമോ? ഭക്തിദാർഢ്യത്തിന്റെ അമിതമായ തള്ളൽകൊണ്ടും പുത്രവാത്സല്യത്തിന്റെ ആധിക്യംകൊണ്ടും മതഭ്രാന്തു മൂത്ത വൈദികരുടെ ഉപദേശം കേട്ടും അബലകൾ ഇപ്രകാരം കാണുകയും നിരൂപിക്കുകയും ചെയ്യുക സാധാരമാണു്.

പോൾ: മി. റോബർട്ടിരിക്കണം. (കസാല കാണിച്ചുകൊടുക്കുന്നു.)

വില്യം: മുഖം കണ്ടിട്ടു് എന്തോ ഒരു ദുർലക്ഷണം കാണുന്നു. ഇടത്തുചെവിട്ടു് പതിവിൽ കൂടുതൽ തടിച്ചിരിക്കുന്നല്ലോ.

റോബ: പ്രഭാതത്തിൽ മുഖക്ഷാളനം കഴിച്ചപ്പോൾ യാദൃശ്ചികമായി ഒന്നു വീഴുവാൻ ഇടയായി സാരമായ പരുക്കുകൾ ഒന്നുമുണ്ടായില്ലെങ്കിലും ഗണ്ഡം ശക്തിയായി നിലത്തടിച്ചു.

ഹെൻട്രി: നിലത്തടിച്ചാലെന്തുവേണ്ടി കൈവിരൽ അഞ്ചും തെളിഞ്ഞുകാണുന്നല്ലോ. (എല്ലാവരും ചിരിക്കുന്നു. റോബ: വിഷണ്ണനായി)

വില്യ: അധികം ചിരിക്കാതെ, റോബർട്ട് വിയർപ്പ് തുടച്ചു കൊള്ളട്ടെ. ഒന്നും സാരമില്ല. ഓക്കാതെ ഒരുക്കാണ്ടൊരു കൈപ്പിഴ വന്നതാണ്. (ചിരി ബഹളം)

റോബ: നിങ്ങളുടെ ആർഭാടസംസാരം നിറുത്തു്. ഇതാ നോട്ടീസ്; (പോക്കററിൽനിന്നും ഒന്നുരണ്ടു നോട്ടീസ് എടുത്തു കൊടുക്കുന്നു.)

ഹെൻട്രി: (വായിക്കുന്നു.)

വരുവിൻ! കാണുവിൻ!! രസിപ്പിൻ!!!

ഇന്നു രാത്രി! മേരിദാസൻ ഒരു കളി മാത്രം.

ശാശ്വതാനന്ദപ്രാപ്തിക്കുപയുക്തമായ ആദ്ധ്യാത്മിക തത്വചിന്തകളെ ഉദ്ദീപിപ്പിച്ചു് ഭാവിജീവിതഗതി സന്മാർഗ്ഗത്തിലൂടെ നയിക്കുവാൻ ശക്തിയുക്തം പ്രേരിപ്പിക്കുന്ന ദിവ്യോപദേശങ്ങളാലും ദൃഷ്ടാന്തങ്ങളാലും പ്രശോഭിതവും, ജാതിമതഭേദമെന്യേ ആരെയും ആനന്ദസാഗരത്തിൽ ആറാടിക്കുവാൻ പര്യാപ്തവുമായ മേരിദാസൻ രൂപകം എന്ന പ്രഹസനം സ്ഥലം സൊഡാലിററി അംഗങ്ങളാൽ സെൻറ് മേരീസ് പള്ളിമുററത്തു് കമനീയമായി കെട്ടിഅലങ്കരിച്ചിരിക്കുന്ന കൊട്ടകയിൽവച്ചു് രാത്രി ഏഴുമണി മുതൽ അഭിനയിക്കപ്പെടുന്നതാണു്.

പോൾ: മതിയെടാ, നിറുത്തു. കേട്ടതു മതി: ശൃംഗാരരസം ഇല്ലാത്ത നാടകം കണ്ടു രസിക്കാൻ പരിഷ്കൃത യുവതീയുവാക്കൾക്കു സാദ്ധ്യമല്ല. അടുത്ത നോട്ടീസ് കേൾക്കട്ടെ. (ഹെൻട്രി വായിക്കുന്നു.)

സിനിമാ

'സുപ്രസിദ്ധ നടിയായ സലോമിയുടെ നൃത്തം'

പോൾ: ബോഷ് (എഴുന്നേററു) ഇതിനു് പോകണം. നേത്രാനന്ദകരമായ ഈ ഡാൻസ് എത്രതന്നെ കണ്ടാലും മതി വരികയില്ല. (എഴുന്നേററു)

ഗീതം.

രാഗം. നീലാംബരി. ശൃംഗാരലഹരി  എ. മ.

പല്ലവി

വിയന്നാ—നഗരി—മോദമിയലുമി-(വിയന്നാ......)
ശൃംഗാരപൂരിതം ഹാ!

അനുപല്ലവി

ചരിപാവന, യുവതരുണികൾ
മോഹന നടന, നാടകമാദിയെ

സ്വരം

സാരിസ നിപസ നിപമ ഗമപാ; ഗമപ സാ
നിപഗ മപനി സരിസ നിസാനി പമ,പ നിപ
മപാമ ഗമരി ഗമരി ഗരിപാ മ,ഗാമ പനി
സസനി പനീനീ പമപ പാമഗ മാമഗ സാ
മഗപാ മനീപ സാനിപ മഗമ പനിധനി
പധാപ പാമഗ സാപാമ ഗസാനീ പമഗ സാ
സാനിപ മഗസ രീസനി പമഗാ മപനി
(വിയെന്നാ...

ചരണം

മട്യഷാപ്പുകളിവയൊരു നയനസുഖം
പരിശോഭിത—സ്നേഹിത—
രെന്നുമിവരിവനു മാനസേ സുഖമരുളും.
ഖിന്നത ഹരരിവരെ-ബാഹ്ല്യ മോദമി-
തൊന്നു താനേഗതി, യെന്നുടെജീവിതം—സരിസാനി-
(വിയെന്നാ)

(സേവ: പ്രവേശിച്ചു ആചാരം ചെയ്യുന്നു)

സേവ: സ്വാനിക്കുഞ്ഞിനു തെല്ലുമാ. കഴിഞ്ഞ രാത്രിയിലത്തെ ഛവൂട്ടും തൊഴിയുംകൊണ്ടു ദേഹം തംഭിച്ചു തളന്നു. വലിയ പനിയും കൂട്ടത്തിൽ ഞെരക്കവും തെരുതെരെ ഛാതം മുട്ടലുമുണ്ട്.

പേരം: ആസ്പത്രിയിൽ ചെന്നു് വല്ലതും വാങ്ങിച്ചു പുരട്ടി ചൂടു പിടിക്കു്.

സേവ: ചെക്കലടിച്ചപ്പം ആശുപത്രിയിൽ ചെന്നു് പുത്തൻഡാക്കട്ടറെക്കണ്ടു തങ്കതിഒക്കെ പറഞ്ഞു.

പോറം: പ്രഹരിച്ചസംഗതി വല്ലതും നീ പറഞ്ഞുവോ?

സേവ: ഇല്ലേ ഇല്ലാ. ആ കൊള്ളാം, എനിക്കെന്നാ കള്ളത്തപ്പൂത്തിയാണോ. അതു പഴഞ്ഞാൽ എനിക്കുഴിയാമ്മേലെ പോളച്ചൻെറ കൈക്കു വെലങ്ങുവെക്കുമെന്നു്. ഞാൻ മരുന്നു
കൊടുത്തു, കുഞ്ഞിനൊരു കൊറവുമില്ല. പിന്നെ ഡാക്കട്ടറുവന്നു
ഏതാണ്ടൊക്കെ ചൂടുപിടിപ്പിച്ചു് കുത്തിവെച്ചു. അനക്കമില്ല.
പിന്നെ ഡാക്കിട്ടർ തൊകാര്യത്തിൽ പഴഞ്ഞു (കരയുന്നു) അച്ചനെക്കൊണ്ടുവന്നു തലയ്ക്കു പിടിപ്പിച്ചോ? അമാന്തിക്കരുതെന്നു്
(കരയുന്നു)

റോബ: കെട്ടിടത്തിൻെറ വാടക എനിക്കു കിട്ടിയില്ലെങ്കിലുംശരി നിങ്ങളുടെ കത്തനാരന്മാർ നമ്മുടെ ഭവനത്തിൽ കാലുകുത്തിപ്പോകരുതു്.

പോറം: ഡോക്ടർക്കു സർക്കീട്ടുചാർജ്ജു് കൊടുത്തുവോ?

സേവ: ഞാനെന്തെടുത്തു കൊടുക്കാനാ.

റോബ: നിനക്കു കട്ടുമുടിക്കാനറിയാം.

സേവ: (കുപിതനായി) എടാ തെണ്ടി! ഒരു കാര്യം ഞാൻ പഴയാം. താൻ എന്നോടു് ഒന്നും കേറംകരുതു്. ഇന്നലെ കിട്ടിയ പൃഞ്ചുവിൻെറ തമ്മാനമല്ലേ ചെവിട്ടത്തുകിടക്കുന്നതു് (റോബ: വിഷണ്ഡനായി മററുള്ളവർ ചിരിബഹളം)

പോറം: അദ്ദേഹത്തിനൊന്നും കൊടുത്തില്ലയോ?

സേവ: സ്കാനിക്കുഞ്ഞു പറിച്ചിട്ടിരുന്ന പൊന്നരഞ്ഞാണമെടുത്തു് ബാങ്കിൽ പണയംവച്ചു രണ്ടു പവൻ വാങ്ങിച്ചു. അതു ഡോക്ടർക്കും മരുന്നിനുമായി വീതിച്ചു.

പോറം: ഇന്നു ററിക്കററു വാങ്ങുവാൻ ഞാൻ ഉദ്ദേശിച്ചിരുന്നതാണതു്. കൊള്ളാം ബാങ്കിൽനിന്നും വാങ്ങിച്ചതിനും പുറമേ രണ്ടുകൂടെ വാങ്ങാമോ?

സേവ: ബാങ്കു പൂട്ടിപ്പോയെന്നും പറഞ്ഞു ആളുകറം നെഞ്ചും തിരുമ്മി വഴിയിൽക്കൂടി തെക്കും വടക്കും നടക്കുന്നു. (ആ

ത്മഗതം) എന്റെ ദൈവമേ! ഇന്നും പോണല്ലോ ഒരു വടിഞ്ഞാട്ടം കാണാൻ. കൂടപ്പിറപ്പിന്റെ താടിവായുകൊണ്ട.

പോാം: നീ പോയി വേണ്ടവിധം ശുശ്രൂഷിക്കുക.

സേവ: അതേ—അതേ—എന്റെ തള്ളയുടെ വയററിൽനിന്നു വന്നതല്ലേ അതു്. പിന്നെ വല്യയ ചമാനനെഓർത്തു ഞാൻ ഇത്രയും പുത്തിമുട്ടി. കുഞ്ഞോ കശ്ട്ടം, ചേട്ടാ-ചേട്ടാ എന്നുതന്നെ വിളിക്കുന്നു. വേഗം വന്നാലൊരു കണ്ണു കാണാം. (പോയി)

പോാം: ഇഹത്തിൽ രോഗം സഹജമാണു്. മനുഷ്യർ മരിക്കാതിരിക്കുന്നെങ്കിൽ ഇരുത്താൻ സ്ഥലംകാണുകയില്ല. ഏതായാലും ഇന്നത്തെ നാടകം നാളെ കാണുക സാദ്ധ്യമല്ല.

റോബ: മിസ്റ്റർ പോാം!! സേവകൻ ചൊന്നതു് വെറും കളവാണു്. അവന്റെ ഭാവരസമെല്ലാം വെറും തട്ടിപ്പാണു്. പവൻ തട്ടിയ കൂട്ടത്തിൽ പൊന്നരിഞ്ഞാണവും അവൻ കരകടത്തിയിരിക്കുകയാണു്.

സേവ: (അകത്തുനിന്നു് ഒരു ചൂലും ഒരു കത്തിയുമായി ചാടി പ്രത്യക്ഷപ്പെടുന്നു)

സേവ: തെണ്ടി! അവൃകൃാതി പഴഞ്ഞുപരത്തുന്ന നിന്റെ കഥ ഞാനിപ്പം കഴിക്കും. (എല്ലാവരും 'അരുതരുതു്' എന്നു പറഞ്ഞു ബലാൽ പിടിച്ചുനിറുത്തുന്നു) വിട്, വിട്, വിടെന്നെ. നില്ലെടാ അവിടെ. (റോബർട്ടു് ഓടുന്നു) ആരാടാ പവനെടുത്തതെന്നു ഞാനിപ്പം തെളിയിയ്ക്കാം. എടാ ഞാൻ കുഡുംബത്തു പിറന്നതാ-കുറെ ചൊണ ഒക്കെ ഉണ്ടു്. വാടാ ചൂലേ! ചുണയുണ്ടെങ്കിൽ. ഈ ചൂലിന്റെ കണകൊണ്ടു നിന്നെ ഞാൻ നിലത്തിടും (റോബർട്ടിനെ അനുധാവനം ചെയ്‌വാൻ അനുവദിയ്ക്കാതെ സേവകനെ ബലാൽ പിടിച്ചു അകത്തേയ്ക്കു വിടുന്നു)

വില്യം: എന്തു കഷ്ടമാണിതു്. നാം തടഞ്ഞില്ലായിരുന്നുവെങ്കിൽ സേവകൻ പ്രഹരിക്കുമായിരുന്നുവെന്നുള്ളതിനു യാതൊരു സംശയവുമില്ല.

(റോബർട്ടു് വീണ്ടും പ്രത്യക്ഷപ്പെടുന്നു)

റോബ: ഒന്നു വെറുതെയിരിക്കണം. ചോളച്ചനെ ഓർത്തിട്ടല്ലേ. അല്ലെങ്കിൽ അവൻ മണ്ണു കപ്പുന്നതു കാണാമായിരുന്നു.

ഹെൻട്രി: അതാരെന്നുള്ളതു ഞങ്ങൾക്കറിയാം. സാമർത്ഥ്യമെല്ലാം കണ്ടു. ഇനിയെങ്കിലും മര്യാദ പഠിച്ചാൽകൊള്ളാം.

പോൾ: ഇന്നത്തെ സിനിമാ കാണുവാനുള്ള വഴി നോക്കാം.

റോബ: ഞാൻ പോയ വഴി ഒരു കസവു വ്യാപാരിയെ കണ്ടു. ഇത്രടം വരുവാൻ ഞാൻ പറഞ്ഞിട്ടുണ്ട്. നമ്മുടെ സ്വാമിയുടെ സ്വർണ്ണക്കസവുള്ള കോട്ടുകൾ കൊടുത്താൽ നല്ല സംഖ്യ കിട്ടും. അവൻ പുണ്യവാനായതുകൊണ്ട് അവയെല്ലാം വെറുതെ ഇരുന്നു നഷ്ടപ്പെടുകയല്ലേ?

പോൾ: മിസ്റ്റർ റോബർട്ട് പറഞ്ഞതു് യഥാർത്ഥംതന്നെ.
(കസവു് വ്യാപാരി പ്രവേശിക്കുന്നു)

വ്യാപാരി: കസവുണ്ടോ കസവു്! (ശബ്ദത്തിൽ വിളിച്ചുപറയുന്നു) കസവു്—സ്വർണ്ണക്കസവു്-വെള്ളിക്കസവു്—നിറാളക്കസവുണ്ടോ കസവു്—

വ്യാ: (പോളിനും സഖാക്കൾക്കും ആചാരം ചെയ്യുന്നു) ഇന്ത ഉലകത്തിലെ അരശനുക്കു സമാനം വാഴുകിറ പ്രഭുക്കളെ! ഉങ്കൾക്കു നമസ്കാരം.

പോൾ: ഹേ! നിങ്ങൾ ഒരു കസവുവ്യാപാരിയോ?

വ്യാ: ആമാ നാൻ കസവുവ്യാപാരിതാൻ

വില്യം: നിങ്ങളുടെ ജന്മദേശം എവിടെ?

വ്യാ: എന്നുടയാ സ്വന്ത ഊര് നീങ്കൾ കേൾക്ക വേണ്ടിയതേയില്ലൈ. എന്നാത്തുക്കയ്യാ നിങ്കൾ കേൾക്കിറതു? ഉള്ളതു ചൊല്ലപ്പോനാൽ എന്നുടെ ദേശമേ എനക്കു തെരിയാതു. ചെറുപ്പത്തിലേ നാട്ടുശഞ്ചാരിയാകെ വയറുപിഴൈപ്പിക്കു നടപ്പതിനാൽ എല്ലാ ഊരും എന്നുടെ ഊരുതാൻ.

ഹെൻട്രി: നിങ്ങൾക്കു ഭാര്യയും കുട്ടികളുമുണ്ടോ?

വ്യാ: ഹാ! ഹാ! നല്ല തമാശ്. നൻറായിരുക്കാവതു ഉങ്കളുടെകേൾവി. ഇന്ത ലോകശഞ്ചാരിയാകിയ എനക്കു എന്നാത്തുക്കയ്യാ പൊണ്ടാട്ടിയും പുള്ളയും.

ഹെൻട്രി: നിങ്ങളുടെ സ്വത്തുക്കൾക്കു് ഒരവകാശിവേണ്ടയോ?

വ്യാ: എനക്കു സ്വത്തുക്കളേയില്ലെ, വേണമെന്നുമില്ലെ. കളവു ചെയ്യാനല്ലും കണ്ടവനെ ചതിക്കാനല്ലും ഇതുപോലുള്ള വേലൈ ചെയ്തു ജീവനം ചെയ്താൽ പോതും. അതുതാൻ പെരിയ സൊത്തു.

പോറ: കസവിനെന്തു വിലയുണ്ട്?

വ്യാ: ഫസ്റ്റ് ജാതി കസവുവെള്ളി; തൂക്കത്തുക്കു വെള്ളി.

പോറ: സ്വർണ്ണനീരാളമോ?

വ്യാ: അതു പാത്താൽ നൻറായി തെരിയും, റൊമ്പം നല്ലതായിരുന്താൽ കൊഞ്ചം കൂടി ക്രയം കൂട്ടി വയ്ക്കലാം.

പോറ: ഞാൻ പോയി കൊണ്ടുവരാം (അകത്തേക്കു പോകുന്നു) (മറവുള്ളവരോട്)

വ്യാ: അയ്യാ! നിങ്കൾ ഇന്ത വീട്ടാർകൾതാനോ?

വില്യം: നിങ്ങൾ എന്തിനറിയുന്നു?

വ്യാ: ചുമ്മാ കേട്ടേനേ—വേറെ കാര്യമൊന്നുമില്ലെ. ആനാലും അന്ത പെരിയ അയ്യാവുടെ സ്നേഹിതർകളായിരിക്കുമോ?

റോബ: (കുപിതനായി) തരുന്ന കസവിനു കാശും തന്നു നിങ്ങൾക്കു പോയാൽ പോരയോ എന്തിന് ഇതര സംഗതികൾ അറിയുന്നു.

വ്യാ: അയ്യാ! കോപിയ്ക്ക വേണ്ടാ. എനക്കു നൻറായി തിരിയും. അൻറു തമ്പ്രാളർ ഉടൈത്തനാൾ മദ്യഷാപ്പിൽ വെളുത്ത നീങ്കൾ ബോധമററു കിടക്കുസമയം നാനല്ലവാ നിങ്കടെ മുഖത്തു് തണ്ണീർ തളിത്തതു. ഇവളവു ശീഘ്രം മറന്തുപോയി വിട്ടർകളോ? ഇതുമിട്ടാ. അൻറു താമന കള്ളുക്കട മൊതലാളി താങ്കളേയും കൂട്ടാളികളെയും ലഹരി ശാപ്പിട്ട കാശു കൊടുക്കാത്തതിനാൽ താങ്കളുടെ ബലകത്താരമാമോ, വാങ്കിപ്പറിച്ച കസവുകൾപ്പായം എനക്കു റൊമ്പം സഹായവിലയ്ക്കു കിടൈത്തതു. എന്നയ്യാ കോപിക്കിരീർകൾ, നിറുത്തുങ്കൾ ഇതോടെ ഉങ്കളുടെ കോപത്തെ.

(പോറം ഒരു തുകൽപ്പെട്ടിയിൽ കസവുവസ്ത്രവുമായി പ്രവേശിക്കുന്നു)

പോറം: പെട്ടി തുറന്നു നോക്കണം (വ്യാപാരി ഓരോന്നും പുറത്തെടുത്തു നോക്കുന്നു)

പോറം: ആകെ എന്തു വില തരാം.

വ്യാ: നിവർത്തു പാക്കട്ടും (കറെ കസവു തൂക്കി നോക്കിയിട്ട്) പത്തു ഷില്ലിംഗ്ങ്ങ് താൻ. കോട്ടും കാച്ചട്ടയും നിവർത്തുപാക്ക മുടിയാതു. ഉദ്ദേശം മൂന്നുപവൻ താറേൻ. ആകെമൊത്തം മൂന്നര പവൻ കൊടുക്കുറേൻ.

ഹെൻട്രി: അതു മുതലാകത്തില്ല.

വ്യാ: ശരി, നീങ്കറുതാൻ എടുത്തുക്കൊള്ളുങ്കോ. നാൻ പോകുറേൻ. (എഴുനേൽക്കുന്നു)

റോബ: നാലു പവൻ തരുമോ?

വ്യാ: വ്യാപാരം നഷ്ടമാപ്പോനാൽ നമ്മുടെ വയറുപിള്ളപ്പു കെട്ടപ്പോകാതാ? ആഹാരത്തിക്ക് ഇല്ലാതുള്ള വ്യാപാരം താൻ എന്ന വ്യാപാരം. ആനാൽ ജാസ്തി കൊടുക്കവേമുടിയാതു.

പോറം: വല്ലതുമാകട്ടെ; ഉള്ളതു തന്നേക്കു.

(സേവകൻ പ്രവേശിക്കുന്നു) ഒന്നാകെ കൊടുത്തു മുടിച്ചാൽ പെറുക്കന്റെ തെണ്ണം തുകപ്പെട്ടു കുളിക്കാൻ തങ്കതിയായാൽ ഞാൻ എന്തെടുത്തിട്ടാ ഒന്നുടുപ്പിക്കുന്നതു്? അഥവാ കണ്ണടച്ചാൽതന്നെ മണ്ണിൽ വെക്കാനെങ്കിലുമൊരു ഉടുപ്പു വേണ്ടേ?

പോറം: നിനക്കിഷ്ടമുള്ളതുനോക്കി ഒരു ജോടി എടുത്തോ. (സേവകൻ നല്ലതു ഒരു ജോടിയുംകൊണ്ടു പോകുന്നു. വ്യാപാരി എല്ലാം ഭാണ്ഡമായി കെട്ടി യാത്രയാകുന്നു)

വ്യാ: നല്ല ഒരുടുപ്പു നിങ്കളുടയ വേലൈക്കാരൻകൊണ്ടുപോയി വിട്ടാൻ. ആനാൽ മോശമാനതുതാൽ ഇറിക്കിറതു. എപ്പടിയുമാ; മൂന്നുപവൻ കൊടുക്കുറേൻ (കൊടുക്കുന്നു)

പോറം: മൂന്നു പവൻമാത്രമോ?

വ്യാ: അതുതാൻ റമ്പ ക്രുടതല്ലു്.

വ്യാ: നാൻ പോയ്‌വരട്ടും. ഇപ്പടിപ്പെട്ട വ്യാപാരം ഉണ്ടു് മാനാൽ എന്നൈ മറന്തിടാതുങ്കോ. പോയി വരട്ടും. നമസ്ക്കാരം (പോയി)

പോററ: സമയം അധികരിച്ചിരിക്കുന്നതിനാൽ നമുക്കും ഇപ്പോൾ പോകുക തന്നെ.

ഗീതം-ഹരി ഹരി മാധവ...എന്ന മട്ടു്.

പല്ലവി.

ശരി ശരി പോക നാം നാടകശാലയിൽ
നേത്രമനോഹരം കണ്ണുപീയൂഷം.

അ: പ:

നൃത്തകലാദികൾ കണ്ടുരസിപ്പാൻ
നിറയെപ്പലവിധ സീൻസുകൾ ചേർത്തും
പോകാ-മിനി-വേഗം-(ശരി ശരി) (പോയി)

കർട്ടൻ.

## രംഗം ൧-Sick room.

(സ്ത്രാനി ആസന്നനിർവാണനായി രോഗശയ്യയിൽ കാണപ്പെടുന്നു. സേവകൻ ബാഷ്പാകുലനായി രോഗിയെ ശുശ്രൂഷിച്ചുകൊണ്ടു നിൽക്കുന്നു. സ്ത്രാനിയുടെ കൈയിൽ ഒരു കൊന്തയുണ്ടു്. തലയ്ക്കൽ ഒരു തൂങ്ങപ്പെട്ട രൂപം തൂക്കിയിരിക്കുന്നു. കൈയിലും ഒരു ചെറിയ തൂങ്ങപ്പെട്ട രൂപമുണ്ടു്)

സ്ത്രാനി: ഹാ! ജഗദീശാ, ഈ പാപിയെ നീ തൃജിക്കല്ലെ. എന്റെ അമ്മേ! നിന്റെ തിരുക്കുമാരൻപക്കലേക്കു് എന്നെ ആനയിക്കണമേ! എന്റെ നാഥേ! ഈ പാപിയായ പൈതലിനെ താങ്ങിക്കൊള്ളണമേ.

സേവ: പാതിരാക്കോഴി കൂവുന്നു എന്റെ കുഞ്ഞു് ഒന്നുറങ്ങിയാൽ ഈ ചടപ്പു് അപ്പടി മാറും. (സ്ത്രാനി കണ്ണടച്ചു മയങ്ങുന്നു. സേവകൻ സ്ത്രാനി ഉറങ്ങി എന്നുകണ്ടു് അല്പം അകലെ ഒരു പാ വിരിച്ചുറങ്ങുന്നു. കൈയിൽ ഒരു സുന്ദരി

യുടെ പടവുമായി സ്റ്റേജിന്റെ ഒരു വശത്തുനിന്നും മന്ദം മന്ദം ഏററവും വിരൂപനായ ഒരസുരൻ പ്രവേശിക്കുന്നു. അടുത്തുവന്നു സ്റ്റാനിസ്ലാവോസിനെ പടംകാണിക്കുന്നു. സ്റ്റാനി കുരിശു വരയ്ക്കുന്നു. അസുരൻഭയന്നു് പിൻപോട്ടു നിരങ്ങുന്നു. വീണ്ടും അടുത്തു കാണിക്കുന്നു.) "നോക്കെടാ സുന്ദരിയായ ഒരു പ്രഭുകുമാരി, നിന്റെ ഭാര്യയാകാൻ അവൾ കൊതിച്ചിരിക്കുന്നു." (സ്റ്റാനി തൂങ്ങപ്പെട്ടരൂപം എടുത്തു കാണിക്കുന്നു. തൽക്ഷണം സഹിക്കവയ്യാത്ത വേദനയോടുകൂടി അരുതേ എന്നു കൈകൊണ്ടു തടുത്തു കാണിക്കുന്നു. കുണ്ഠിതനായി നിരങ്ങി നിരാശയോടുകൂടി സ്റ്റാനിയുടെ ശിരസ്സിനടുത്തു ചെന്നിരിക്കുന്നു.) "കഷ്ടം നീ മരിക്കും ലോകത്തിൽ ഇനി എന്നാണു സുഖമനുഭവിക്കുന്നതു്? എത്രയോ തരുണീമണികൾ നിന്നെ ഓർത്തിരുന്നു കരയുന്നു. നിനക്കവരിൽ ഒരനുരാഗവുമില്ലയോ? നീ ആഗ്രഹിക്കുന്നു എന്നറിഞ്ഞാൽ അവർ തൃപ്തിയടയും"

സ്റ്റാനി: എന്റെ ഈശോ! മറിയം! യൌസേപ്പേ! പിശാചിന്റെ പരീക്ഷയിൽനിന്നു് എന്നെ കാത്തുകൊള്ളണമേ.

(ഈശോ എന്ന വാക്കു ശ്രവിച്ചമാത്രയിൽ അസുരൻ സഹിക്കവയ്യാതെ തലയ്ക്കു സ്വയം ഇടിക്കുന്നു. തല കുനിച്ചു നിലത്തു ചുരുണ്ടുകൂടി കിടക്കുന്നു. ഒരു ശബ്ദം കേൾക്കുന്നു. കർട്ടന്റെ നടുഭാഗം മാറുന്നു. അസുരൻ പ്രാണരക്ഷാർത്ഥം ഭയവിഹ്വലനായി നിഷ്ക്രമിക്കുന്നു. ദേവജനനി തന്റെ കരത്തിൽ തിരുക്കുമാരനുമായി പ്രദ്യോതമാനം പ്രത്യക്ഷപ്പെടുന്നു. സ്റ്റാനി ഭക്തിപുരസ്സരം കിടക്കയിൽനിന്നും എഴുന്നേററു് മുൻപിൽ മുട്ടുകുത്തുന്നു. ദൈവജനനി തിരുക്കുമാരനെ സ്റ്റാനിയുടെ കരങ്ങളിൽ കൊടുക്കുന്നു. സ്റ്റാനി സ്നേഹപുരസ്സരം മാറോടു ചേർത്തു തൃപ്പാദം മുത്തി തിരിച്ചുകൊടുക്കുന്നു)

ദൈവജ: വാത്സല്യ സുതാ! നിനക്കു പുണ്യസൌഖ്യം പ്രാപിച്ചിരിക്കുന്നു. ഇതിനൊരു കൃതജ്ഞതയായി ശേഷിച്ചിരിക്കുന്ന നിന്റെ ജീവിതം മുഴുവനും ഈശോസഭയിൽ കഴിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. എന്റെ ദിവ്യ കുമാരൻ ആ സഭയിലേക്കത്രേ നിന്നെ വിളിച്ചിരിക്കുന്നതു്. അങ്ങേ തിരുനാമം വഹിച്ചിരിക്കുന്ന ആ സന്യാസസമൂഹത്തിൽ ചേർന്നു് നീ മരിക്കണമെന്നാകുന്നു അവിടുന്നു തിരുമനസ്സായിരിക്കുന്നതു്. (അപ്രത്യക്ഷമായി)

സ്തനി: ഗീതം "ചിന്താമണിയിലെ" തിവിയ തെരിശനം എ. മഃ

ദിവ്യതനയനെ കരമിതിലേകാ—നെന്തൻ നാഥേ! നിൻ (ദിവ്യ
മരണമട്ടത്തൊരു കണ്ണീരൊഴുകിയും
പാപാൽ ഉരുകിനേൻ നെഞ്ചകം—ദിവ്യത—
കന്യകയോടുതൻ ദിവ്യതനൂജൻ
പാരിലിന്നെന്നെ വളത്താൻ
ഏകിയേൻ വീണ്ടും ത്രാണിയെ സ്നേഹാൽ
പാപിക്കിതെന്നുമാനന്ദം—ദിവ്യ—

കർട്ടൻ.

# അങ്കം ൨.

---

## രംഗം ൧. ഗൃഹം.

(സ്തനി മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുന്നു. ഒരു പരുക്കൻ കുപ്പായവും അരഞ്ഞു കെട്ടുവാൻ ഒരു ചെറിയ കയറും ഒരു വടിയും സമീപത്തുണ്ടു്)

ഗീതം—മാധവനേ—എ: മ:

കാത്തിടണേ അജപാലികയേ! തവ—
ദാസനീ ബാലകൻ—നിത്യപുരിയിൽ—മോദാ-
ലെത്തീടുവാനമ്മേ—ത്രാണി നൽകുക.
മേരി! മനോജ്ഞയേ! നാരീശിരോമണേ! (എന്നെ കാത്തിട)

ദൊഹറാ.

ക്രിസ്തുവിന്നംബികേ, ദാവീദ നൃപകുലജാതയേ,
നരകുലവിമലേ! നാഥയേ, പാഹിമാം.

എടുപ്പു്.

പരിപാലികയേ! പരിപാവനയേ—സുതൻ—
നിർഗ്ഗമിച്ചീടുവേൻ റോമ്മാപുരിയിൽ—ഈശോ—
സഭയിൽ ചേരുവാനീ സുദിനത്തിൽ
പോകട്ടെ ഞാനമ്മേ! മേരീ നീയാലംബം (പരിപാല)

(എഴുന്നേററു) ഈശോസഭയിൽ പ്രവേശിക്കുക എന്നുള്ള ആ ദിവ്യാഹ്വാനത്തിനു വശംവദനാകാതെ ഇപ്പോൾ ഏകദേശം 6 മാസം കഴിച്ചുകൂട്ടിയതിൽ ഞാൻ അത്യധികം ഖേദിക്കുന്നു. ജ്ഞാനപിതാവിൻെറ ഉപദേശാനുസരണം ത്വരിതഗതിയിൽ ഞാൻ റോമ്മാ പുരിക്കു യാത്രപുറപ്പെടുവാൻ തയാറായിരിക്കുന്നു. ദ്രവ്യമില്ലാത്തതിനാൽ ഇരുന്നൂറു നാഴികയിൽ പരം കാൽനടയായിത്തന്നെ കഴിച്ചുകൂട്ടേണ്ടിയിരിക്കുന്നു. ഈ വസ്തുത സഹോദരനെ അറിയിച്ചാൽ അദ്ദേഹം എൻെറ യാത്രയ്ക്കു് ഒരു പ്രതിബന്ധമായി തീരുമെന്നുള്ളതിനു സന്ദേഹമില്ല. ഈ പ്രപഞ്ചത്തോടും പ്രാപഞ്ചികവസ്തുക്കളോടും മാതാപിതാക്കളോടും ബന്ധുമിത്രാദികളോടും ഞാൻ അന്ത്യയാത്ര പറയുന്നു. ആപൽക്കരമായ ഈ ദീർഘയാത്രയിൽ സാധുവായ ഈ പൈതലിനെ പരിശുദ്ധ കന്യകേ! അവിടുത്തെ പരിപാവനകരങ്ങളാൽ സദാ താങ്ങിക്കൊള്ളണമേ. (കുപ്പായവും വടിയും എടുക്കുന്നു)

ഗീതം

ഓമനേ അനാക്ക്ലി—എ: മ:

കന്യകേ! എൻ പാലികേ—പോകുന്നു ഞാൻ
കന്യകേ! നീയാലംബം—പോകട്ടേ ഞാൻ—കന്യ

അ: പ:

പാപിയിവനെ നീ പാലിക്കണേ
കാരുണ്യകന്യകേ കൈവിടല്ലേ
പാലികേ! പാലിക്കണേ—പാപിയിവൻ—പോകട്ടയോ?
നിർമ്മലതായേ! നിൻ സുതനിതാ പോയിടുന്നു.

കന്യകേ! എൻ പാലികേ!—(പോയി)

രംഗം ൨. (ഗൃഹം)

(പോളും, സഖാക്കളും, ടൂട്ടറും കുപിതരായി പ്രവേശിക്കുന്നു)

പോൾ: സേവകാ: (സേവകൻ പ്രത്യക്ഷപ്പെടുന്നു)

പോൾ: മർമ്മഭേദ്യം! ദ്രോഹി! സ്വാമി എവിടെ? നിൻെറ നട്ടെല്ലു ഞാൻ ഒടിക്കും. (പ്രഹരിക്കുവാൻ ഭാവിക്കുന്നു)

സേവ: അയ്യോ! ഇതെന്തൊരു ക്രൂത്ത്. ഞാനെന്തുപിഴച്ചു. കാലത്തെ പള്ളിയിൽനിന്നു വരുന്ന നേരം കഴിഞ്ഞപ്പം ഞാൻ നോട്ടം തൊടങ്ങി. കെണററിൽ നോക്കി, തൊണ്ടിൽ നോക്കി, തോട്ടിൽ നോക്കി, കെട്ടിടം ഒന്നാകെ നോക്കി, വെളിമ്പറമ്പിൽ ഓടിനടന്നു നോക്കി. പിന്നെ ഞാൻ നട്ടുച്ചയ്ക്കു പപ്ളിക്കാറോഡിൽക്കൂടി ഓടി ഓടി നോക്കി. എന്തിനു് അവതാനം ഒരു ചേട്ടനുമായി കൂട്ടിമുട്ടി. അയാളു പറഞ്ഞു താനി തിപ്പോരിപോലെ തെക്കോട്ടു പാഞ്ഞുപോണതു കണ്ടോന്നു്.

പോൾ: നീ എന്തുകൊണ്ടവനെ പിന്തുടർന്നില്ല?

സേവ: ആ കൊള്ളാം. ഞാൻ മറന്നേച്ചനല്ലേ. വളംകടിച്ച കാലു രണ്ടും പൊള്ളിക്കഴന്നു. അതു തന്നെയോ കൊച്ചിന്റെ പുറകേ പോയെന്നുപഴഞ്ഞു ഉച്ചക്കലത്തേത്തു് എങ്ങാനം കാലമാകാൻ താമസിച്ചാൽ കാണാം നിങ്ങടെ ഒക്കെ നെറംമാററം. പോരെങ്കിൽ ഈയിടെ കുറേ ചടപ്പൊക്കെ ഉണ്ടായില്ലേ.

ട്യൂട്ടർ: മതിയെടാ നിന്റെ ജല്പനം. സ്വാമി, ഈശോസഭയിൽ ചേർന്നു തപസ്സുചെയ്യുവാൻ റോമായ്ക്കു പോയതാണു്.

പോൾ: ഈ വാർത്ത സാർ നേരത്തെ എന്നെ അറിയിച്ചിരുന്നുവെങ്കിൽ ഇപ്രകാരമൊരനിഷ്ടസംഭവത്തിനിടവരാതെ ഞാൻ അവനെ ഈതൂണിൽ ബന്ധിച്ചിടുമായിരുന്നല്ലോ!

സേവ: വല്ലപ്പോളെങ്കിലും പോളച്ചൻ താനിയെ തല്ലുമ്പം ഈ താറു തടത്തംപഴഞ്ഞിട്ടുണ്ടോ? (ട്യൂട്ടറോടു്) മൂന്നുംനാലും നേരം മൂക്കററം കണക്ക പഴഞ്ഞു തിന്നുംകൊണ്ടു് കെടക്കുന്ന തന്റെ ചമ്പളം മേടിപ്പു് അവതാനിച്ചില്ലേ. വെറുതെയാണോ നാടു മുടിയുന്നതു്. വേല എടുത്തുവേണം കാച്ചു് മേടിക്കാൻ. കഷ്ടം! പിള്ളേരോടു വീടി വാങ്ങിച്ചുവലിക്കുന്ന ഇപ്പളത്തെ കൊച്ചുതാറമ്മാരുണ്ടായതിൽ പിന്നിട്ടുള്ള കാര്യമെന്തോ പഴയാനാ.

റോബ: ശീഘ്രം നമുക്കു് സ്വാമിയെ അനുധാവനം ചെയ്യണം.

സേവ: പെട്ടെന്നു വേണേ, അല്ലെങ്കിൽ തന്റെ വയറുപിഴപ്പു മുട്ടും.

ട്യൂട്ടർ: പോടാ ദ്രോഹി! നീ വെറും നാരതൻ.

സേവ: ബെലേബേഷ്! വയററിൽ പൂക്കാണ്ടികേറിയപ്പം—ഞാൻ നാരതൻ. ഹ—ഹ (ചിരിക്കുന്നു) താറിനെന്താ ചമ്പളം മുട്ടിയതോത്താണോ ഒരു ചാതംമുട്ടല് കാണുന്നത്?

പോറം: വരുവിൻ നമുക്ക് അവനെ കണ്ടുപിടിക്കാം. (പോയി)

സേവ: അവന്റെ പൊടി കാണത്തില്ലെ. ഒടയതമ്പുരാൻ വിളിച്ചു കൊച്ചാണത്. ഞാനും വന്നേക്കാം. ഒന്നു കാണാമല്ലോ പിടിക്കുന്നത്. (സേവകൻ പോയി)

### രംഗം ൩ (തെരുവ്.)

(രണ്ടു ഭിക്ഷുക്കർ വഴിയരികിലിരുന്നു പാടി ഭിക്ഷ യാചിക്കുന്നു)

ഒന്നാം: വഴിയെ പോകുന്ന അച്ഛന്മാരേ! അമ്മമാരേ! തമ്പുരാക്കന്മാരേ! തൈവത്തെ ഓർത്ത് രണ്ടു കണ്ണും കാണാൻ പാടില്ലാത്ത ഈ പൊട്ടക്കണ്ണനു രണ്ടു കാശു ഇട്ടേച്ചു പോകണേ........

അപരൻ: വല്യച്ഛന്മാരേ! മാടമ്പിമാരേ! കൂടപ്പിറപ്പുകളേ! പെങ്ങന്മാരേ! ഈ പാവപ്പെട്ട ചട്ടന്റെ ചട്ടിയിലൊരു കാശു ഇട്ടേച്ചുപോകണേ! മാളോരേപ്പോലെ നടന്നു, തെണ്ടിത്തിന്നാനടിയനു ചോഴിയില്ലേ, കൂടപ്പിറപ്പുകളേ വല്ലതും തന്നേച്ചുപോകണേ.... .

ഒന്നാം: എടാ അനുചാ! ഈ ചാമം പെരുത്തതിൽപിന്നെ വല്യച്ഛന്മാരാരും ചാവുന്നില്ലേടാ? ചത്താൽതന്നെ പുലകുളിഅടിയന്തിരമൊന്നാരും കഴിച്ചുകേക്കിണില്ലല്ലോടാ!
എടാ! വയറുനെറച്ചു ഉണ്ട നാള് മറന്നുപോയല്ലോടാ. എന്റെ തൈവമേ! മൂത്തുമൂത്തിരിക്കണെ വല്യച്ഛന്മാരാരെങ്കിലുമൊന്നു കണ്ണടക്കണേ...ഇപ്പം കുറച്ചുനാളായിട്ടു ചെറുപ്പക്കാരുതന്നെ ഉരുണ്ടുവീണു ചാകുന്നു. അപ്പനും അപ്പൂപ്പനും ചത്തില്ലെന്നും പഴഞ്ഞു നാളിനരിപോലും വെച്ചു പൊറത്തേക്കു കൊട്ടണില്ല. വെറുതേ അല്ല, തമ്മംകൊട്ടത്തെങ്കിലേ തന്തതി വാഴൂ.

അപര: അഞ്ചുനാളിക ദൂരെ ഒരു കല്യാണമുണ്ടു കേട്ടോ?

ഒന്നാ: എടാ നീ മുളുവൻപറ, ഞാൻ കേട്ടു, എന്റെ ചെവിക്കു പൊട്ടില്ല കണ്ണില്ലെങ്കിലുമെന്റെ കാതു നല്ലതാ.

അപ: വല്ലവിതേനെയെങ്കിലുമൊന്നു നടന്നും നിരങ്ങിയുമത്രട മെത്താമെങ്കിൽ വല്ലതുമിററുമോന്താനെങ്കിലും കിട്ടും.

ഒന്നാ: എന്നാലങ്ങനെ ആട്ടടാ (വടികുത്തി ഇരുവരുമെഴുനേൽക്കുന്നു. കുരുടൻ ചട്ടന്റെ തോളിനു പിടിക്കുന്നു) എടാ ആ തിക്കിലെങ്ങാനും പട്ടികളുണ്ടെങ്കിൽ ഒരു കീററലപോലും കിട്ടത്തില്ല. നാലഞ്ചുമാതം മുമ്പു തപ്പിത്തപ്പി ഞാനു ഒരുത്തനുമായിട്ടു ഒരു എലയ്ക്കുവേണ്ടി ഒരു കടിപിടി ലഹള നടത്തിയാറെ എനിക്കു കിട്ടിയ തമ്മാനം തമ്പുരാനേ! ഇപ്പളും ആണ്ടെ പളുത്തുകിടക്കുന്നു.

(സ്റ്റനിസ്ലാവോസ് പരുക്കൻകുപ്പായം ധരിച്ച് ഒരു വടിയും കുന്നി പ്രത്യക്ഷപ്പെടുന്നു മുൻപു ധരിച്ചിരുന്ന വിലപിടിച്ച വസ്ത്രങ്ങൾ കൈയിൽ തൂക്കിയിട്ടിട്ടുണ്ട്. ഭിക്ഷുക്കൾ സ്റ്റാനിയെ കണ്ട മാത്രയിൽ ആർത്തിയോടെ യാചിക്കുന്നു. സ്റ്റനിസ്ലാവോസ് തന്റെ വസ്ത്രങ്ങൾ ഓരോരുത്തനും കൊടുത്തതിന്റെ ശേഷം അതിവേഗത്തിൽ ഓടിപ്പോകുന്നു. നില്ലടാ—പിടിച്ചോ അവനെ പിടിച്ചോ—എന്നിപ്രകാരം അട്ടഹസിച്ചുംകൊണ്ട് പോൾ തന്റെ അനുയായികളുമായി പ്രത്യക്ഷപ്പെടുന്നു. ഭിക്ഷുക്കൾ അവരോടിരക്കുന്നു. മുമ്പിൽനിന്നു മാറിനില്ലടാ തെണ്ടികളെ—ഇവരു മൂലം വഴിയെ നടക്കാൻ പാടില്ലല്ലൊ എന്നിപ്രകാരം പറഞ്ഞു സാധുക്കളെ തള്ളി മറിച്ചിടുന്നു. ചിലർ അവരെ ചവുട്ടിമെതിച്ചതിന്റെശേഷം സ്റ്റനിസ്ലാവോസിനെ പിടിക്കുവാൻ പിന്നാലെ പായുന്നു. ഭിക്ഷുക്കളുടെ പിച്ചച്ചട്ടി എല്ലാം തകന്നു സാധുക്കൾ വഴിയിൽ കിടന്നു വാവിട്ടു കേഴുന്നു.)

കർട്ടൻ.

(വീണ്ടും കർട്ടൻ ഉയരുന്നു: സ്റ്റാനി: ഒരുവശത്തുനിന്നും ഓടി പ്രവേശിക്കുന്നു. സ്റ്റേജിന്റെ മദ്ധ്യഭാഗത്ത് യാദൃഛികമായിട്ടെന്തോ വീക്ഷിച്ചതുപോലെ സ്തംഭിച്ചുനില്ക്കുന്നു.)

സ്റ്റാനി: എന്റെ ദൈവമേ! ജലം ശക്തിയായി പ്രവഹിക്കുന്ന ഈ മഹാനദിയെ ഞാൻ എങ്ങനെ തരണംചെയ്യും!? (മുട്ടുകുത്തി അല്പം ധ്യാനിച്ചതിന്റെ ശേഷം എഴുനേററ്

പ്രാർത്ഥിക്കുന്നു) അഗതികൾക്കാശ്രയമായ കന്യകേ! പാപിയും യാത്രാക്ലേശിതനുമായ ഈ വിനീതസുതനെ തൃക്കരം നീട്ടി താങ്ങി കൊള്ളണമേ. കടലിൻെറ മീതെ കൂടി നടന്ന നിൻെറ ദിവ്യകുമാരൻെറ തിരുനാമത്തിൽ അടിയൻ പാദങ്ങളെ വെള്ളത്തിലേക്കു വയ്ക്കുന്നു. (കുരിശിൻെറ അടയാളം വരച്ചുകൊണ്ടു് വലത്തു കാൽ ജലത്തിലേയ്ക്കു വയ്ക്കുന്നു. പാദസ്പർശനമുണ്ടാവുമ്പോൾ ജലം ഉറച്ചുപോകയും സ്റ്റനിസ്ലാവോസ് നടന്നു് മറുകര എത്തുകയും ചെയ്യുന്നു. ഈ സംഭവം കണ്ടുംകൊണ്ടു പിന്നാലെ പാഞ്ഞുവന്ന പോളും സഖാക്കളും നദി ഉണ്ടെന്നു സങ്കല്പിക്കപ്പെട്ട ഭാഗത്തു വന്നപ്പോൾ ആററിലേക്കു മറിയുവാൻ ഭാവിക്കുന്നു. അവർ വെള്ളം പൂർവ്വസ്ഥിതിയിൽ പ്രവഹിക്കുന്നതായി കാണുന്നു.)

പോൾ: അത്ഭുതം! അത്ഭുതം! ഇതെന്തൊരത്ഭുതം!!

റോബ: ഹേ! ഒന്നുമില്ല. ആഭിചാരപ്രവൃത്തികളും ചാത്തൻസേവയുമുള്ളതുകൊണ്ടു് അവൻ രക്ഷപെട്ടു.

സേവ: നല്ല തറവാട്ടിപ്പിറന്ന കുഞ്ഞുങ്ങളെകൊണ്ടു് തൻെറ ആഭാതത്തരമൊന്നുമെഴുന്നള്ളിക്കണ്ടാ. കണ്ടവനെപ്പററിക്കാതെ ഒരുചാത്തനെ പിടിച്ചാതനിക്കൊരു ചക്രാവത്തിയായി വാഴരുതോ?

പോൾ: വീക്ഷിച്ചാലും! ശക്തിയായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഈ തരംഗിണിയിലെ ജലം സ്റ്റാനിയുടെ പാദസ്പശനത്താൽ സീനായിലെ പാറപോലെ രൂപാന്തരപ്പെട്ടതിൽ അത്ഭുതത്തിനവകാശമില്ലെന്നാണോ എൻെറ സ്നേഹിതൻ വാദിക്കുന്നതു്? ഇവിടെ സർവ്വശക്തനായ ദൈവം ഒരത്ഭുതം പ്രവത്തിച്ചു് സ്റ്റാനിയെ രക്ഷിച്ചു എന്നാണു് എൻെറ ഉത്തമ വിശ്വാസം.

സേവ: തമ്പുരാനേ! ഇപ്പളെങ്കിലും തറവാചക്കതനായ തൈവത്തിൻെറ കാര്യം ഓമ്മ വന്നല്ലോ! വെറുതെ ആണോ, വെടി കൊണ്ടെങ്കിലേ പന്നി മേപ്പോട്ടൊന്നു നോക്കുത്തൊള്ളു.

വില്യം: നാം വീക്ഷിച്ചതു് ഒരത്ഭുതമല്ലാ എന്നു് വാദിക്കുവാൻ എനിക്കു നിവൃത്തിയില്ല.

സേവ: വില്യച്ചാ! അടിയനും പറയുന്നതു് അതുതന്നെ. അവന്റെ പൊടി കിട്ടത്തില്ലന്നു ഞാൻ നേരത്തെ പറഞ്ഞപ്പം എല്ലാരും എനിക്കിട്ടൊരു നോട്ടവും പപ്പുകടിയും തന്നു. ഇപ്പം തേ പട്ടി ചന്തയ്ക്കു പോയപോലെ എല്ലാരും വായുംപൊളിച്ചു നാക്കുംനീട്ടിനിന്നു ചാതംവലിച്ചോ? ഒടയതമ്പുരാൻ രണ്ടുകൈയും നീട്ടിവിളിച്ച കൊച്ചാണതു് എന്നു ഇനി എങ്കിലും ഒന്നു പഠിക്കരുതോ? (ആത്മപ്രാർത്ഥന) ദൈവമേ! നീ ചൃത്തമുള്ളവൻ! നീ പെലവാൻ! നീ തറവചക്കതൻ! നീ ത്നേഹമുള്ളവൻ! ഇനിയെങ്കിലും ആ കുഞ്ഞിനെ ഇവമ്മാരുടെ കണിയിനിന്നു രച്ചപെടുത്തിയതിൽ നിനക്കു സ്തുതി. (പോറം മൗനമവലംബിക്കുന്നു)

റോബ: നിറുത്തടാ! നിന്റെ ജപം. നമുക്കു് ഒരു വഞ്ചി വരുത്തി മറുകര കടക്കാം.

സേവ: താൻ പോയി കൊണ്ടുവാ. ഞാനില്ല. ഈ ഒഴുക്കത്തു കാകാണുന്ന ചുഴലിയിലെങ്ങാനും അകപ്പെട്ടാൽ പിന്നെത്തെ കാര്യം തനിക്കറിയാമോ? പണ്ടു പറോരാചാവും കിങ്കരമ്മാരും കടലി താന്നതു് താൻ കേട്ടിട്ടുണ്ടോ?

റോബ: അതേടാ! നീ മാത്രമേ കേട്ടിട്ടുള്ളു.

സേവ: വേതപൊത്തകം വല്ലപ്പോഴുമൊന്നു വായിക്കണം. അല്ലാതെ ഏസും നോയും പറഞ്ഞു അങ്ങാടിയിക്കൂടെ നടന്നു വീടിമുറിയും നോട്ടീസും പെറുക്കിയാതന്നെ പോരാ. ഞാൻ ഇനി ഒരു ചൊവ്വുട മുമ്പോട്ടില്ല. ചെറുപ്പത്തിൽ ആരാടാ അതു് എന്നൊന്നു കേട്ടതേ ഉള്ളു. കുഞ്ഞാകുഞ്ഞിരുട്ടത്തു തുമ്പിക്കൈവണ്ണത്തി മഴ ചറച്ചുകുത്തി പെയ്തിട്ടും പറപറെ ഒരു ഓട്ടംകൊടുത്താറെ പറലാങ്ക് പത്തറപത്തു കഴിഞ്ഞേ ഞൊന്നൊന്നു തിരിഞ്ഞുനോക്കിയൊള്ളു. ഇപ്പം തേ ഒരു മയിലുകഴിഞ്ഞപ്പം പട്ടിപോലായി. പഴയ കാലമെല്ലാം പോയി. ഞാൻ അണച്ചു. (നിലത്തു് താടിക്കു കൈകൊടുത്തു കാലിൽ കുത്തിയിരിക്കുന്നു)

റോബ: സേവകൻ വൈമനസ്യം കാണിക്കുന്നതിൽ എന്തോ രഹസ്യമുണ്ടു്

സേവ: (കുപിതനായി ചാടി എഴുനേൽക്കുന്നു) എടാ! തെണ്ടി! പിന്നേ ഇത്തറി മരിയാതി ഇല്ലാതെ വെറും വാ ചപ്പ്'

യാൽ നിൻെറ പിടലിക്കു പിടിച്ചുകൊണ്ടു് ഈ ആററിച്ചാടിയാലുണ്ടല്ലോ മൂന്നാംപക്കമേ ഞാൻ നിന്നെ പൊക്കി നിൻെറ കെട്ടിയവളെ കാണിക്കത്തൊള്ളൂ. കഴുതേ! കരുതിക്കോ. (വില്യം, ഹെൻട്രി എന്നിവർ ചിരിക്കുന്നു)

ഹെൻട്രി: റോബർട്ടേ! നിങ്ങൾക്കു് അടങ്ങിയിരിക്കരുതോ? വെറുതെ അപരൻെറ മേൽ കുററമാരോപിക്കുന്ന തൻെറ ദുസ്വഭാവം ഇനിയെങ്കിലും ഒന്നു നിറുത്തു്.

പോൾ: ഇതിൽ എന്തോ ദൈവരഹസ്യമുണ്ടു്. അല്ലെങ്കിൽ നമ്മുടെ കുതിരകളിൽ ഒന്നെങ്കിലും മുൻപോട്ടു ഗമിക്കുമായിരുന്നല്ലോ!

ട്രൂട്ടർ: അവൻ ഈശ്വരാധീനമുള്ള പൈതൽ. സന്ദേഹമില്ല.

റോബ: കുതിര, കഴുത, കാള, പശു ആദിയായ ജന്തുക്കൾ തമ്മിൽ പിണങ്ങുക സഹജമല്ലേ.

സേവ: വെറുതെ ആണോ? ഈ പിണക്കമുള്ള ജന്തുക്കളെ കേററുന്നതുകൊണ്ടല്ലേ കാളച്ചന്തയ്ക്കു കരം പിരിക്കുന്നതു്. ഈ ആളു പഴഞ്ഞതു ശരിയാ. ഇന്നു വെളുപ്പിനെ ഞാൻ ചാണകം വാരിക്കൊണ്ടിരുന്നപ്പം കുതിരകളെല്ലാംകൂടി ഇന്നു റോബർട്ടിനെ കണ്ടാൽ പുറംകോട്ടു പാഞ്ഞുകൊള്ളണമെന്നു് തമ്മിൽ തമ്മിൽ മന്ത്രിക്കുന്നതു് ഞാനും കേട്ടാന്നു. (ചിരി)

പോൾ: നിങ്ങൾ പറയുന്നതു് എന്തെന്നു് ഞാൻ ഗ്രഹിക്കുന്നതേയില്ല. (അശ്രുബിന്ദുക്കൾ പൊഴിയുന്നു) എൻെറ പരമപിതാവിനോടു് ഞാനെന്തു സമാധാനം പറയും.

സേവ: മററതിൻെറ ഒക്കെ പറയാമെങ്കി ഈ പോക്കിൻെറ കാര്യം ഞാനേററു.

വില്യം: നമുക്കു് ശേഷിച്ച സമയംകൊണ്ടു് സ്വഗൃഹത്തിലേക്കു തന്നെ തിരിച്ചുപോകാം.

പോൾ: നിങ്ങൾ അടുത്ത സത്രത്തിലേക്കു പോകുക. ഞാൻ അല്പം വിശ്രമിച്ചതിൻെറശേഷം അവിടെ വന്നുചേന്നുകൊള്ളാം. (എല്ലാവരും പോയി)

പോൾ: (ആത്മഗതം) ഈ അത്ഭുതം വീക്ഷിക്കുവാൻ ഇടയായതിൽ പിന്നീട്ടു് അവിചാരിതമായി എൻെറ ഹൃദയാന്തർ

ഭാഗത്തിലെന്തോ ഒരു ചലനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഞാൻ നയിച്ചുകൊണ്ടിരിക്കുന്ന ജീവിതം എന്റെ ആത്മഹതിക്കു് ഹേതുകമെന്നു് അന്തഃകരണം എന്നെ ഇത്തരുണത്തിൽ ഉദ്ബോധിപ്പിക്കുന്നതായിട്ടു തോന്നുന്നു. ഹാ! ഹാ! നാസ്തികനായ എന്റെ ഹൃദയത്തിൽ ഈശ്വരവിശ്വാസം അങ്കുരിക്കുന്നു. (അല്പസമയം മൌനം ദീക്ഷിക്കുന്നു.) വാത്സല്യ സഹോദരൻ ഗൃഹം വെടിഞ്ഞു് ഭിക്ഷാടനം ചെയ്യുവാൻ കാരണമായി പരിണമിച്ചതു് എന്റെ മർദ്ദനമൊന്നുമാത്രമല്ലയോ!? ഹൃദയം തകരുന്നു. (കരയുന്നു) സഹിക്കവയ്യാ. ഓ! ഞാൻ ശപിക്കപ്പെട്ടവൻ. ശപിക്കപ്പെട്ടവൻ.

ശ്ലോകം.

കഷ്ടം! സഹിക്കരുതു സാഹസിയായൊരീഞാൻ
ദുഷ്ടൻ, സഹോദരനെ നിർദ്ദയമർദ്ദനത്താൽ
സ്പഷ്ടം ഗഭീരകദനക്കടലിങ്കലാഴ്ത്തി.
ശിഷ്ടാഗ്ര്യഗണ്യനതു സർവവുമേ സഹിച്ചു.

വേണ്ടാ മദീയസഹവാസമതെന്നചിന്ത
കൊണ്ടായിരിക്കുമവനെന്നെ വെടിഞ്ഞുതവം
തണ്ടാരിടഞ്ഞ സഹജാതമുഖത്തെയൊന്നു
കണ്ടാട്ടുവാനിടഭവിക്കുവതെന്നു താനോ?

(സ്ഥനിഃസ്ലാദേവാസ്സു് പോയ വശത്തേക്കു വീക്ഷിച്ചുകൊണ്ടു്) (പ്രകാശം) ഓ! വാത്സല്യ സ്വാമീ!പൊന്നനുജാ! നിന്റെ സുസ്മേരമായ മുഖത്തെ ഒന്നു വീക്ഷിച്ചു ചുംബിക്കുവാൻ എനിക്കിനി എന്നു സാധിക്കും? നിന്നെ സ്നേഹത്തോടെ ആലിംഗനം ചെയ്യുവാൻ ഈ പാപിക്കിനി സംഗതിയാകുമോ?

(വിലപിക്കുന്നു)

ഗീതം.

ഞാൻ ചെന്നാൽ എൻ താതൻ—എ. മ.

പല്ലവി.

പോയാലെൻ സ്വാമീ! നിന്നെ വീണ്ടും--വീക്ഷി—
ച്ചീടാനെനിക്കിതെന്നു സാദ്ധ്യം? (നീ പോയാ-)

ചരണം.

സ്നേഹിതരാരുമിനി വേണ്ടാ
സുഖജീവിതം വേണ്ടാ
മേലാലെനിക്കു ദ്രവ്യം വേണ്ടാ (നീ പോയാൽ)

(അപാരമായ ദുഃഖത്തോടുകൂടി പോറം നിഷ്ക്രമിക്കുന്നു)

കർട്ടൻ.

രംഗം ൪. വനം.

(സ്റ്റനിസ്ലാവോസ് യാത്രാക്ലേശത്താൽ ക്ഷീണചരവശനായി കാണപ്പെടുന്നു.)

ഹാ! ജഗദീശാ! ഘോരരക്ഷസ്സുപോലെ അലറിക്കൊണ്ടു് എന്നെ പിന്തുടൎന്ന ജ്യേഷ്ഠന്റെയും തന്റെ മിത്രങ്ങളുടേയും കരാളഹസ്തങ്ങളിൽനിന്നു എന്നെ രക്ഷിച്ചതിനാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു.

ഗീതം. (മുട്ടു കുത്തി പ്രാൎത്ഥിക്കുന്നു)

"ചിന്താമണിയിലെ" ഭജനൈശെയ്വോ- എ: മ:

പല്ലവി.

സ്തുതിച്ചിടുവിൻ ദേവൻ നാമം—ഇനി

അ: പ:

വിണ്ടലനായകാ—നീ—വരം താ സുരാ!
തിരുപ്പാദമിഹ കൂപ്പേൻ-(സ്തുതി)

ചരണം.

ഇവനു മെയ് തളൎന്നു ദാഹം പെരുകിയീ
പെരുവനി തന്നിൽ തുണ നീയേ!
ദുരിതമിതറിയാ—തിരുവരെ വന്നോൻ
വനമിതിലായേൻ മരിപ്പാനോ! (സ്തുതി)
അനന്ത ദിവ്യഭോജനമിവനേകി
തനയനു രക്ഷ നൽകുക താതാ!
പരനേ! നമസ്കാരം; സാധുവീ സുതനോ
കാരുണ്യംകൊണ്ടെന്നും വാഴും (സ്തുതി)

(എഴുന്നേററു) കഷ്ടം! കാൽനടയായി ഞാനീ ഘോരാരണ്യത്തിലത്രേ വന്നുചേരുവാൻസംഗതിയായതു്. ഹാ! ദുഷ്ടമൃഗങ്ങൾ ഗർജ്ജിക്കുന്നു. അവക്കിരയാകുന്നെങ്കിൽതന്നെ എനിക്കു യാതൊരുക്ലേശവുമില്ല. ദീർഘയാത്രകഴിച്ചതിനാലും ആഹാരരഹിതനായതിനാലും ശരീരം വല്ലാതെതളന്നു. ഒരടി മുൻപോട്ടു ഗമിക്കുവാൻ ഞാൻ അശക്തനായിത്തീന്നിരിക്കുന്നു. രക്ഷിതാവേ! നിത്യാനന്ദസന്ദായകമായ ദിവ്യഭോജനം അനുഭവിച്ചിട്ടു ദിനങ്ങൾ പലതു കഴിഞ്ഞു. സവ്വേശ്വരാ! ദിവ്യകാരുണ്യം ലഭിക്കുവാൻ ഇടയാകാതെ ഈ പാപി മരിക്കുമോ!! വി: ബർബരാ പുണ്യവതിയേ! നിൻെറ തൃക്കടാക്ഷം എന്നിലുണ്ടാകണമേ.

ശ്ലോകം.

(ശോകരസത്തിൽ ചൊല്ലുന്നു.)

ഭക്ഷിപ്പാനില്ലിവിടെയണുവും, ഹന്ത! പോകട്ടെയിപ്പോൾ
വീക്ഷിക്കുന്നില്ലതുകൾ, തനുവോ കേവലം നശ്വരം താൻ
രക്ഷയ്ക്കായിട്ടടിയനുടനേ ദിവ്യകാരുണ്യമാകും
മോക്ഷാനന്ദം കരുണയൊടു നീ നൽകണേ ക്രിസ്തുനാഥാ!

ദുഷ്ടമൃഗത്തിനിരയായാലും ശരി, ശരീരം തളന്നതിനാൽ ഈ വനത്തിൽ ഒന്നു ശയിക്കുകതന്നെ. (കിടക്കുന്നു)

(ആകസ്മികമായി ഒരു ശബ്ദം കേൾക്കുന്നു. കർട്ടൻെറ നടുഭാഗം പാർശ്വഭാഗങ്ങളിലേക്കു മാറുന്നു. ദിവ്യകാരുണ്യം സംക്ഷേപിച്ചിരിക്കുന്ന ഒരു "കുസ്തോദി" കൈയിൽ വഹിച്ചുകൊണ്ടു് ഇരുവശങ്ങളിലും ഓരോ മാലാഖയുടെ അകമ്പടിയോടുകൂടി ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നു. സ്തനിസ്ലാവോസ് ഭക്തിയോടുകൂടി മുട്ടുകുത്തി നിൽക്കുന്നു. ഇരുഭാഗങ്ങളിലുമുള്ള മാലാഖമാർ യഥാക്രമം "പാസ്തയും" കത്തിച്ചതിരിയും വഹിച്ചിരിക്കുന്നു. ദിവ്യകാരുണ്യം നല്കിയതിൻെറശേഷം അപ്രത്യക്ഷരാകുന്നു. സ്താനി ധ്യാനത്തിലാണ്ടുനിൽക്കുന്നു )

കർട്ടൻ

## രംഗം ൩ (ഗൃഹം.)

(റോബട്ട്, വില്യം, ഹെൻട്രി എന്നിവർ ഇരുന്നു സംഭാഷണം ചെയ്യുന്നു)

റോബ: പോളിനെന്തോ ചില അവസ്ഥാന്തരം വന്നുകൂടിയതായി കേൾക്കുന്നു.

വില്യം: അതു് വെറും കേൾവി അല്ല യഥാർത്ഥം തന്നെയാണു്.

ഹെൻട്രി: അതിൽ അതിശയോക്തിക്കു തെല്ലും അവകാശമില്ല. സാധു പോൾ എപ്രകാരം സഹോദരൻെറ വിയോഗം പിതാവിനെ അറിയിക്കും.

റോബ: പിതാവിൻെറ ഉഗ്രമായ കോപത്തിൽനിന്നു പോളിനു രക്ഷാമാർഗ്ഗം കാണിച്ചുകൊടുക്കേണ്ടതു് നമ്മുടെ കടമയാണു്.

സേവ: (അകത്തുനിന്നും) ആരാണതു് രാവിലേ തിണ്ണേക്കത്തിയിരുന്നു വർത്താനിക്കുന്നതു്?

റോബ: സേവകാ! ഞങ്ങളാണു്.

സേവ: (പ്രത്യക്ഷപ്പെടുന്നു) എൻെറ അച്ചമ്മാരു കാലത്തെ വന്നവഴിക്കു പോയ്ക്കോണ്ടാട്ടെ. നിങ്ങളുടെ പൂച്ചോക്കെ പോളച്ചനു കുറേച്ചെ മനത്തിലായി.

റോബ: ഞങ്ങടെ എന്തു പിഴച്ചു?

വില്യം: പോളച്ചൻ എവിടെ?

സേവ: ഇന്നു ആത്യവെള്ളിയാഴ്ച്ചയാ. ഒരു മുഴവൻ കുമ്പതാരം കഴിച്ചു കുർബാന എടുക്കാൻ പള്ളിയി പോയിരിക്കയാ. ഇപ്പോൾ കരച്ചിലും പിഴിച്ചലും നമക്കാരവും തന്നെ.

ഹെൻട്രി: ആകസ്മികമായി കണ്ട കാഴ്ചയാലും മനോദുഃഖത്താലും വന്നുകൂടിയ ഒരു മതഭ്രാന്തു് എന്നു മാത്രമേയുള്ളു.

സേവ: എൻെറ പൊന്നച്ചമ്മാരെ ഞാൻ ഒരു തങ്കതി പഴയാം തൈവത്തെ ഓർത്തു പൊയ്ക്കോണ്ടാട്ടെ. ഇനിയും ഇങ്ങാ വന്നു പോളച്ചനെ ചീത്ത തമ്പ്'വൃതായമൊന്നും പടിപ്പിക്കല്ലെ (പോയി)

വില്യം: ദീർഘനാൾ കൂടിയുള്ള പോളിൻെറ ദേവാലയസന്ദർശനത്താൽ വികാരിയച്ചനുമായിട്ടു സംഭാഷിച്ചു സമയം

നഷ്ടപ്പെടുത്തുകയായിരിക്കാം. ആയതിനാൽ നമുക്കുപോയി വല്ലതും കഴിച്ചിട്ടു വരാം.

റോബ: കാപ്പി കുടിക്കുവാൻ വീടുവരെ പോകേണ്ടകാലമായോ? സേവകൻ നേരത്തെ പാകംചെയ്തുകാണുമല്ലോ?

സേവ: (ആഗതനായി) എന്റെ പല്യച്ചമ്മാരെ! ഇവുടെ ഒന്നും മോന്താൻ തരാനില്ല. ഇന്നു ഞങ്ങടക്കു് ഒരുനേരമാ, ഇനി വയറുനെറയ്ക്കാൻ ഇങ്ങോട്ടു പോരണ്ടാ.

ഹെൻട്രി: മാനമായി സംസാരിക്കൂ.

റോബ: ആഭാസത്തരം പറഞ്ഞാൽ നിന്റെ ചെവുടു തകർക്കും.

സേവ: ആട്ഹാ! അത്രയ്ക്കു കാലമായോ (നിഷ്ക്രമിച്ചു് സേവകൻ ഒരു പാരയുമായി പ്രവേശിക്കുന്നു. അടിക്കുവാൻ ഓങ്ങുന്നു.)

സേവ: വരത്തപ്പട്ടികളേ ഇറങ്ങിനട. (റോബർട്ടും കൂട്ടരും ഓടി രക്ഷപെടുന്നു) ഇനി ഈ മുററത്തു കാലുകുത്തിയാൽ എല്ലാത്തിനേയും ചമ്മന്തിയാക്കിയേ വിടൂ.

(ആത്മഗതം) ഇവമ്മാരു ഒരു നല്ല കൊച്ചിനെ മുടിച്ചു, വേറൊരു തങ്കത്തിനെ കരപ്പടത്തി. ഇങ്ങനെയുള്ള ഏമ്പാളി കൂട്ടരു ചതകൊണ്ടെങ്കിലേ പഠിക്കൂ. ഇതൊക്കെ എത്രനാളാ കണ്ടുംകൊണ്ടു മിണ്ടാതിരിക്കുന്നതു്. അമ്പോ! അവമ്മാരു കാലത്തേ ഇത്രടം മൂത്തും പഴഞ്ഞുകൊടുക്കാനെത്തിരിക്കുന്നു. ഇനി ഈ മുററത്തു കാലുകുത്തിയാൽ കാണാമെന്റെ നെറം മാറുന്നതു്.

കുടപ്പിറപ്പിനോടു ചെയ്തതോർത്താ പോളച്ചനെങ്ങനെ കരയാതിരിക്കും. കാലത്തെ പള്ളിയി പോയിട്ടു കാണുന്നില്ല. തലകറക്കംവന്നെങ്ങാനും വീണു കാണുമോ? ഹാ! ഒരു നല്ല താറു്! ഏതായാലും അയാക്കും മനത്താപംകേറി കിടന്നകിടപ്പിൽ കിടന്നുചീറുകയാ. (പോയി കൈയിലിരുന്നപാര കൊണ്ടുവച്ചു)

(പുറത്തുനിന്നും) സേവകാ! സേവകാ! (സേവകൻ പ്രത്യക്ഷപ്പെടുന്നു)

സേവ: അതു പോളച്ചന്റെ തൊരമല്ലയോ?
സേവകാ! സേവകാ!

സേവ: എന്തോ! എന്റെ ദൈവമേ വല്ലതും പററിയോ.

പോറം: എൻെറ കൈയ്യുപിടിക്കു. എനയ്ക്കീ പടി നടന്നുകയറുവാൻ പാടില്ല. (സേവകൻ ഒരുവശത്തേക്കു് ഓടിച്ചെന്നു താങ്ങി കൈയ്യുപിടിച്ചു സാവധാനത്തിൽ കസാലയിൽ കൊണ്ടിരുത്തുന്നു. അശ്രുധാരയാൽ മുഖം പങ്കിലമായി കാണപ്പെടുന്നു)

സേവ: കാപ്പി കൊണ്ടുവരട്ടെ.

പോറം: സേവകാ എനിയ്ക്കൊന്നും വേണ്ടാ. തിന്മയിലേയ്ക്കു് ഉദ്ദേഷംതന്നാ ഈ ജഡത്തെ ഞാനിനിപോഷിപ്പിക്കുമോ?

സേവ: അയ്യോ! അങ്ങനെ പറയാതെ. ഒരുകപ്പു കാപ്പികുടി. കുറുവാന കൈക്കൊണ്ടു വെറും വയറല്ലേ.

പോറം: നീപോയി ഒരുഗ്ലാസ് നാരങ്ങാവെള്ളം കൊണ്ടുവരു. (പോറം മുട്ടുകുത്തി ശോകരസത്തിൽ പാടുന്നു) (സേവകൻ പോകുന്നു.)

ഗീതം.

ഗോരിമ്പ-ഏ-മ.

നാഥേ! ഗുണാംബുധേ! നാരികുലമണേ!
അംബികേ! വിമലയേ! ശുദ്ധചരിതേ!

അനുപല്ലവി.

വാഴ്ക, വാഴ്ക പാവനപാലികേ
വാനിലുമുന്നതയാം വരദയേ. (നാഥേ!...

ചരണം.

പാപഭാരം നാശഹേതു
ഭയവിഹ്വലനിവനു ബഹുദുരിതം,
ഓത്താലൊരാശയുമില്ലേ (നാഥേ)

(എഴുന്നേറവു്) എൻെറ സഹോദരൻെറ പ്രാത്ഥനയുടെ ഫലമായി മനസ്താപത്തോടുകൂടി ഒരു പൂർണ്ണ പാപസങ്കീത്തനം ചെയ്തു് ദിവ്യകാരുണ്യമനുഭവിക്കുവാനുള്ള മഹാ ഭാഗ്യം വെറും നാസ്തികനായിരുന്ന എനിക്കു കൈവന്നതിനാൽ സർവ്വേശ്വരനെ സ്തോത്രംചെയ്യുകയും എൻെറ സ്വാമിനീ! നിനക്കു ഞാൻ നന്ദിപറയുകയും ചെയ്യുന്നു. (വിലപിക്കുന്നു)

(സേവകൻ വിവിധ ഭക്ഷണസാധനങ്ങളോടുകൂടി പ്രവേശിക്കുന്നു. പോൾ നാരങ്ങാവെള്ളം കുടിക്കുന്നു.)

സേവ: ഒരുകൂട്ടം റൊട്ടിയും ഒരു മൊട്ടയും കൂടി തിന്നണം.

പോൾ: വേണ്ടാ.

സേവ: അയ്യോ, വയറുകാഞ്ഞാൽ വല്ല തെണ്ണവും ഉണ്ടാകും.

പോൾ: ഇപ്പോൾ ഒന്നും വേണ്ടാ. കൊണ്ടുപൊയ്ക്കൊള്ളൂ. (സേവകൻ സാമാനങ്ങൾ തിരിച്ചുകൊണ്ടുപോയി. ഒരു വിശറിയുമായി പ്രവേശിച്ചു പുറകിൽനിന്നു വീശുന്നു.)

സേവ: ഒരു നല്ലകുമ്പതാരം കഴിച്ചാപിന്നെ എന്തിനാ കരയുന്നതു്? മുത്തിഅമ്മമാരു് കുമ്പതാരിക്കുമ്പം പള്ളിയി കരച്ചിലും പിഴിച്ചിലും ചീറവും വെട്ടും തകൃതി. വഴിക്കിറങ്ങുമ്പം ആ കണ്ട പാവമൊന്നുമില്ല; പിരാക്കും മോന്തകടിയും തുപ്പും മകാരവും തന്നെ. പോളച്ചനു നല്ലകുമ്പതാരം കഴിച്ചതുകൊണ്ടു തന്തോഷമല്ലേ വേണ്ടതു്?

പോൾ: എന്റെ ഹൃദയത്തിൽ ആനന്ദം അങ്കുരിക്കുന്നുണ്ടെങ്കിലും എന്റെ അധർമ്മങ്ങളെ സ്മരിക്കുമ്പോൾ രക്തം പിണർക്കുന്നു.

സേവ: (സേവകൻ ഒരു വശത്തേയ്ക്കു സൂക്ഷിച്ചുനോക്കുന്നു) ഇതാവരുന്നു നരകം. (റോബർട്ടും അനുയായികളും പ്രവേശിക്കുന്നു, യഥാക്രമം ഇരിക്കുന്നു.)

റോബ. മിസ്റ്റർ പോൾ! ഇന്നു പ്രഭാതത്തിൽ ഞങ്ങൾ ഇവിടെ വന്നിരുന്നു. എന്നാൽ താങ്കളുടെ ഭൃത്യൻ ഞങ്ങളെ അവഹേളിക്കുകയാണുണ്ടായതു്.

പോൾ: അറിവില്ലാതെ ഭൃത്യൻ അവിവേകം പ്രവൎത്തിച്ചതിൽ എന്റെ സേവകൻ എന്ന നിലയ്ക്കു ഞാൻ ക്ഷമാപണം ചെയ്യുന്നു.

ഹെൻട്രി: ഏതായാലും സ്നേഹിതൻ പാപസങ്കീർത്തനത്തിനു ഒരു ദിവസമെടുത്തു. എന്നാലീകൃത്യം ദിനംപ്രതി അനുഷ്ഠിക്കുകയാണെങ്കിൽ മററുള്ളവർ പുറത്തിപ്പോകുകയേയുള്ളു.

സേവ: നേരാ; ഇതു കേട്ടപ്പം പണ്ടു മീനമാതത്തി ഒരു മൂത്തപൊലയൻ പഴഞ്ഞതു് ഓമ്മയി വരുന്നു "അടി അമ്മീ എന്‍ ആണ്ടിലൊരിക്ക ഇച്ചിരി എണ്ണപൊത്തിക്കളിച്ചാന്നപ്പം പിറേറന്നാളു് എൻെറ കണ്ണു രണ്ടും തൊറക്കാൻമേലാന്നേടി. അങ്ങനെ ഇരിക്കമ്പം തെകതോം തെകതോം എണ്ണപൊത്തിക്കളിക്കണ തമ്പിരാക്കമ്മാരുടെ കാര്യമെന്തോ പഴയാനാടി പുള്ളേ."

റോബ: നീ കരുതി സംസാരിക്കണം.

സേവ: പോളച്ചൻ ഇവിടെ ഇരിക്കുന്നു. അല്ലെങ്കിൽ കാണിച്ചുതരാം.

വില്യം: മിസ്റ്റർ പോൾ! നിങ്ങൾക്കു നേരിട്ടിരിക്കുന്ന കുണ്ഠിതത്തിനുള്ള ഹേതു എന്തെന്നറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

പോൾ: എൻെറ ദുർമ്മാതൃകാപരമായ ജീവിതം എത്ര ആത്മാക്കളെ നാശക്കുപത്തിലേയ്ക്കു് ആനയിച്ചിട്ടുണ്ടു്. ഒരു പ്രഭുകുമാരൻ എന്ന നിലയിൽ എന്നിൽനിന്നുണ്ടായ ഉതപ്പിൻെറ ശക്തി ചിന്തിക്ക സാദ്ധ്യമോ? വാത്സല്യ സഹോദരനോട്ടു് ഞാൻ വർത്തിച്ചതെങ്ങനെ? (അശ്രുവിന്ദുക്കൾ പൊഴിയുന്നു) പാവനമായ അവൻെറ പൂമേനി എത്രപ്രാവശ്യം എൻെറ പ്രഹരത്താൽ ക്ഷതപ്പെട്ടു. മരണവേദന അനുഭവിക്കുമ്പോഴും അവൻ എനിക്കുവേണ്ടി പ്രാൎത്ഥിക്കുകയായിരുന്നല്ലോ ചെയ്തതു്. സ്നേഹഭാജനമായ സ്വാമിയുടെ ക്ഷമ, ത്യാഗം, പ്രാർത്ഥന ആദിയായ സത്കൃത്യങ്ങളാലിപ്പോൾ എന്നിൽ ഒരുണർവുണ്ടായിരിക്കുന്നു. എൻെറ ആത്മമിത്രങ്ങളായ നിങ്ങൾ എന്നെ സൽപഥത്തിൽനിന്നു ഇനി വ്യതിചലിപ്പിക്കരുതെന്നു് അപേക്ഷയുണ്ടു്. വിശിഷ്യാ നിങ്ങളും സന്മാൎഗ്ഗപന്ഥാവിൽക്കൂടെ പുരോഗമനം ചെയ്തു കാണുവാൻ ഞാൻ വാഞ്ഛിക്കുന്നു.

റോബ: (എഴുനേല്ക്കുന്നു) മതി മതി, നിങ്ങൾ മോക്ഷത്തിലെത്തുമ്പോൾ ഞങ്ങൾക്കു നരകത്തിലെങ്കിലുമൊരു സ്ഥലം ഇട്ടേക്കണം. (പോയി.)

സേവ: അവിടെ ഒരു കുടം കള്ളുകൂടെ വെച്ചേക്കാം പോരെ.

പോൾ: (എഴുന്നേററു്) ഹാ! ദൈവമേ! സത്യമനഃസാക്ഷിയെ വധിച്ചു് ഈദിനംവരെ പൈശാചികമായ ഒരു ജീവിതം അവലംബിക്കുവാൻ സംഗതി ആയല്ലോ. "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിക്കുന്നെങ്കിൽ എന്തു ഫലം?" എന്നു് ഒരാത്മാവിന്റെ വില എന്തുമാത്രമെന്നറിയുന്ന ദിവ്യരക്ഷകൻ എന്നോടു ചോദിക്കുന്നു. ഹാ! ഞാൻ നയിച്ച ജീവിതം അതിദാരുണം. (വിലപിക്കുന്നു) "ബഹുമാനിയാ ഞാനാരെയും തുണവൽ" എന്നകണക്കു വ്യവഹരിച്ച ഈ മഹാനീചൻ ആര്! ഓ ഏററം നികൃഷ്ടൻ–പഞ്ചപാപി–വെറും നാസ്തികൻ–സ്വാമിദ്രോഹി. ഹാ ജഗദീശാ! നിന്റെ അനന്തമായ ആർദ്രതയിൽ ഞാനഭയംതേടുന്നു. നാഥേ! നിർമ്മല കന്യകേ! പാപികളുടെ സങ്കേതമേ! നീ എന്നെ പരിത്യജിക്കരുതേ

സേവ: തേററമൊക്കെ വേണ്ടുവോളമായി. അതികമായാ വല്ല തൊകക്കേടുമൊണ്ടാകും.

പോൾ: (ശ്രദ്ധിക്കുന്നു) ആ കേൾക്കുന്നതെന്താണ്. ദേവാലയത്തിലെ മണിനാദമല്ലയോ? ഈ സായാഹ്നത്തിൽ വിശുദ്ധകുർബാനയുടെ ആശീർവാദമുണ്ടു്.

സേവ: നേരാ, നോമ്പുകാലമായതുകൊണ്ടു് സ്ലീവാപ്പാതയും കാണും.

പോൾ: ഞാൻ പോകുന്നു. നീ കൂടെ വരിക.

സേവ: അടുത്ത വെള്ളിയാഴ്ചമൊതലാകട്ടെ. ഇന്നു് എന്റെ മുട്ടേലൊരു പരുവാ. ഒട്ടും കുത്താൻ മേലാ.

പോൾ: നിന്നാലും മതിയല്ലോ.

സേവ: എങ്ങനാ പോക്കണംകേടല്ലേ? എല്ലാവരും മുട്ടുകുത്തുമ്പം ഞാൻ നാരായം വിഴുങ്ങിയപോലെ നിക്കുന്നതു്.

പോൾ. നിന്റെ ഇഷ്ടംപോലെ. ഞാൻ പോകുന്നു.

സേവ: (തലയിൽ കൈവച്ചുകൊണ്ടു്) എന്റെ അപ്പാ! ഇന്നു വെളുത്തിട്ടു തൊള്ളി വെള്ളം കുടിച്ചോ? എല്ലും തൊലിയുമായാ വല്യയചമാനൻ എന്നെ തപ്പുണ്ടുചെയ്യും. അകത്തേക്കൊന്നു വന്നാട്ടെ. (സേ: പോയി.) (പോൾ മുട്ടുകുത്തുന്നു)

ഗീതം.

സമഹജഗുണാ— എന്ന കീൎത്തന മട്ടു്.

നളിനസുലോചനേ! മേരീമനോജ്ഞ! നമോ

അനുപല്ലവി.

സുരലോകാധിപേ! ചൊരിയുക നീ വരം
സുരലോകസുഖം ചേ_ൎന്നീ_ടാ-നാ-യി—(നളിന)

ചരണം.

പരമപാപിയിവൻ—വിമലേ! ലോകൈകറാണി!
പരിചോടുപാരിൽ—പാപ—പരിഹാരംചെയ്തിടാൻ
തുണയേകേണമമ്മേ! കാൺകമോദാൽ പാ-പി_യെ—നീ.

(കർട്ടൻ)

രംഗം ൭ (വനം)

(രണ്ടുമൂന്നു യോഗാൎത്ഥികളോടുകൂടി സ്തനിസ്ലാവോസ് വനത്തിൽ കാണപ്പെടുന്നു ഉണക്കകമ്പുകൾ കയറ് ആദിയായവയും വെള്ളം കോരുവാനുള്ള തൊട്ടി, കുടം മുതലായവയുമുണ്ടു്.)

സ്തനി: ഹാ! ദൈവമേ! ഞാൻ നിനക്കു സ്തോത്രംചെയ്യുന്നു. അത്ഭുതകരമാംവിധം എന്നെ ഓരോ വിപത്തിൽ നിന്നു രക്ഷിച്ചു. കാൽനടയായിത്തന്നെ ദീർഘയാത്ര കഴിച്ചു് ആശ്രമത്തിൽ വന്നുചേരുവാൻ സംഗതിയാക്കിയതിൽ ഞാൻ നിനക്കു്, ഏററവും വിനീതനായി നന്ദിപറയുന്നു. വൈമനസ്യം കൂടാതെ ആശ്രമശ്രേഷ്ഠൻ എന്നെ കൈക്കൊണ്ടു് യോഗാഭ്യസനത്തിനായി "നൊവീഷിയാത്തി"ലേക്കു ഈ സഹോദരന്മാരുമൊരുമിച്ചു അയക്കുകയുംചെയ്തു. എന്നാൽ ഈ പരിശീലനം എനിക്കു് ആനന്ദസന്ദായകമത്രേ.

യോഗാൎത്ഥി: ബ്രദർ! സ്തനിസ്ലാവോസേ! ഈ വനത്തിൽനിന്നു നമുക്കു് ഓരോ വലിയകെട്ടു വിറകു് ഇന്നു കൊണ്ടുപോകണം.

സ്തനി: സഹോദരാ! ഒരിക്കലും വേണ്ടാ. കുശിനിക്കാരൻ നമ്മോടു പറഞ്ഞതു് ഓരോ ചെറിയ കെട്ടും വെള്ളവും കൊണ്ടു ചെല്ലുവാനല്ലയോ?

യോഗാ: അതേ.

സ്ലാനി: ആജ്ഞ അക്ഷരാൎത്ഥം നിറവേററുന്നതാണുത്തമം. അനുസരണ ബലിയേക്കാരം ഉൽകൃഷ്ടമല്ലയോ?

യോഗാ: എന്നാൽ അങ്ങനെതന്നെ. എല്ലാവരും ചില്ലിഒടിച്ചുകെട്ടുന്നു.)

യോഗാൎത്ഥികരം ഗീതം.

ലിലിതാനോ എന്ന മട്ട്.

ചില്ലിതേടി വന്നു നാമീ കാനനത്തിൽ തുംഗമോദാൽ
നല്ലതരം നോക്കി വേഗം വള്ളികൊണ്ടു ബന്ധിച്ചിടാം.
(കമ്പൊടിച്ചു വള്ളികൊണ്ടു കെട്ടുന്നു)
വെള്ളംകോരി വച്ചകുടം തോളിലേററിയാശ്രമത്തിൽ
ഉള്ളിൽ തിങ്ങുമാനന്ദത്താലെത്തിടുവാൻ നേരമായി
(കുടം തോളിൽ വഹിക്കുന്നു. വിറകുകെട്ട കൈയിൽ എടുക്കുന്നു.)
കൂട്ടമായിട്ടിരതേടി സഞ്ചരിക്കും നിരവധി—
കാട്ടുമൃഗമെത്തുംമുൻപിലാരണ്യംവിട്ടിറങ്ങീടാം.
(പോയി.)

രംഗം ൧.

(സ്ലനിസ്ലാവോസ് രോഗശയ്യയിൽ കിടക്കുന്നു. കൈയിൽ ഒരു കൊന്തയും തൂങ്ങപ്പെട്ട രൂപവുമുണ്ട്.)

സ്ലാനി: ഓ! നിൎമ്മലകന്യകേ! സ്വൎഗ്ഗരാജ്ഞി! നിന്റെ കരയേററദിനമായ ഇന്ന് ഒരു നന്മരണം പ്രാപിക്കുവാൻ ഞാൻ വാഞ്ഛിക്കുന്നു. (സ്ലാനി മയങ്ങുന്നു)

(ഒരസുരൻ പ്രവേശിക്കുന്നു. കൈയിൽ ഒരു ത്രാസും രണ്ടു പുസ്തകവുമുണ്ട്.)

അസുരൻ: അത്ര എളുപ്പം മോക്ഷത്തിൽ പോകാമെന്നു വിചാരിച്ചു തെളിയേണ്ടാ. ഇതാ നിന്റെ നന്മതിന്മയുടെ നാരംവഴിയും പേരേടും (പുസ്തകങ്ങരം കാണിക്കുന്നു)

(ജനങ്ങളെട്ടഷ്ടികൊണ്ടു ഭയപ്പെടുത്തുന്നു. ത്രാസിൽ ഓരോതട്ടിലും പുസ്തകം വച്ചു തൂക്കിനോക്കുന്നു. ഒരു തട്ട് കൂടുതൽ താഴുന്നു) നോക്കുക (എന്നുപറഞ്ഞ മാത്രയിൽ പാർശ്വഭാഗത്തു് ഒരു മാലാഖാ

പ്രത്യക്ഷപ്പെട്ടു് വാളുകൊണ്ടു് അസുരനെ വെട്ടിവീഴ്ത്തുന്നു. മരണവേദനയോടുകൂടി നിലത്തുകിടന്നുരുണ്ടു് അപ്രത്യക്ഷനാകുന്നു. മാലാഖാ സ്തനിസ്ലാവോസിനെ അല്പം ശുശ്രൂഷിച്ചതിന്റെ ശേഷം അപ്രത്യക്ഷനാകുന്നു.)

(ആശ്രമശ്രേഷ്ഠൻ, യോഗാർത്ഥികൾ, കപ്യാർ ആദിയായവർ പ്രവേശിക്കുന്നു. ആശ്രമശ്രേഷ്ഠൻ അന്ത്യകർമ്മം നടത്തുന്നു. യോഗാർത്ഥികൾ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. സ്തനിസ്ലാവോസ് കണ്ണുതുറന്നു എല്ലാവരേയും വീക്ഷിച്ചുകൊണ്ടു്) നിങ്ങളോരോരുത്തരോടും വിശിഷ്യ സമൂഹത്തോടും ചെയ്തുപോയിട്ടുള്ള കുററങ്ങൾക്കു് ക്ഷമാപണം ചെയ്യുന്നു. (എന്റെ ഈശോ എന്നു പറഞ്ഞുകൊണ്ടു് ദീർഘശ്വാസം വിട്ടു ആശ്രമശ്രേഷ്ഠൻ ആശിർവാദം നല്കിക്കൊണ്ടു് കണ്ണു തിരുമ്മിഅടയ്ക്കുന്നു.)

ആ: ശ്രേ: പ്രിയ യോഗാർത്ഥികളേ! നീതിമാന്റെ മരണം ഉറക്കമാകുന്നു. "മനുഷ്യന്റെ ആയിസ്സു് വയലിലെ പുഷ്പംപോലെയാകുന്നു. കാററടിക്കുമ്പോൾ അതില്ലാതെപോകുന്നു" എന്നിപ്രകാരമുള്ള സങ്കീർത്തനക്കാരന്റെ പ്രഭാഷണം ഇത്തരുണത്തിൽ സ്മരണീയമത്രെ. ഈ ആശ്രമവർഗ്ഗത്തിനുള്ളിൽ ഇത്ര പരിപാവനമായ ഒരു ജീവിതം നയിച്ചു് ഏററം സമാധാനത്തോടുകൂടിയ ഒരു മരണം വേറെ ഒരംഗത്തിനു സിദ്ധിച്ചിട്ടുണ്ടോ എന്നു ഞാൻ സന്ദേഹിക്കുന്നു. ഇതാ സ്വർഗ്ഗകവാടം തുറന്നു. ഈ പരിശുദ്ധന്റെ പരിപൂതമായ ആത്മാവു് സ്വർല്ലോകത്തിൽ പ്രവേശിച്ചു് സനാതനസൗഭാഗ്യം കൈവരിച്ചിരിക്കുന്നു എന്നു സധൈര്യം ഞാൻ പറയുന്നു. ഓ! സ്തനിസ്ലാവോസേ! നീ ഞങ്ങളെ വിസ്മരിക്കരുതേ. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക. ഭൂലോകം മുഴുവൻ നിന്നെ വാഴ്ത്തുന്ന ആ മഹാ ദിനം ആസന്നമാകുവാൻ ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്നു.

കർട്ടൻ.

രംഗം വ്വ.

(പോൾ മുട്ടുകുത്തി ധ്യാനിക്കുന്നു. ചാക്കുകൊണ്ടുള്ള ഒരു വസ്ത്രവും ഒരു വടിയും സമീപത്തുണ്ട്)

പ്രാത്ഥന.

ഗീതം—മന്നാ എന്നെ മറന്നീതോ—എന്ന മട്ട്.

or അനുരാഗമില്ലയോ—എന്ന മട്ട്.

അമ്മേ! എന്നെ വെടിഞ്ഞീതോ
തവനാമം വാഴ്ത്തിടുന്നിതാ.
നാരിമണേ! നാഥെ! തുണ നീ
പാപിഞാനോ ഭ്രാതൃ വർജ്ജിതൻ (അമ്മേ)

(എഴുന്നേററ്) ഹാ! ദൈവമേ! ഈ മഹാ പാപിയെ നീ കൈവിടരുതേ. ആദ്ധ്യാത്മികജീവിതത്തിലേക്ക് എന്നെ ഏററം പ്രേരിപ്പിക്കുന്നാ ഒരു ലേഖനമത്രേ വാത്സല്യസഹോദരനിൽ നിന്നും ലഭിക്കുവാൻ ഇടയായത്. എൻെറ നീചകൃത്യങ്ങളെ വിസ്മരിച്ച് ഇപ്രകാരം സ്നേഹം തുളുമ്പുന്ന ഒരുകത്ത് അവനയച്ചതിൽ ഞാൻ അത്ഭുതപ്പെടുകയത്രേ ചെയ്യുന്നത്. ഓ! വാത്സല്യസ്വാമി! നീ ഇപ്പോൾ രോഗശയ്യയെ അവലംബിച്ചിരിക്കുന്നു എന്നറിയുന്നതിൽ ഞാൻ അത്യധികം ദുഃഖിക്കുന്നു. എനിയ്ക്ക് എന്നു നിന്നെ ഒന്നു കണ്ടു ക്ഷമാപണം ചെയ്യുവാൻ സംഗതി വരും.

(ഒരു തപാൽശിപായി പ്രവേശിച്ചു കത്തു കൊടുക്കുന്നു. പോൾ വാങ്ങിച്ചു പൊട്ടിച്ചു വായിക്കുന്നു.)

ഈശോസഭാമന്ദിരം.
റോമ്മാ, 15. 8. 1568.

Dear Mr. Paul,

നിങ്ങളുടെ സഹോദരൻ ബ്രദർ സ്റ്റനിസ്ലാവോസ് എസ്. ജെ. പരിശുദ്ധ കന്യകയുടെ കരേററത്തിരുനാളായ ഇന്നേദിനം അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ട് കത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു എന്ന് വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

എന്നു

ഏററം വിനീത വിധേയൻ
പ്രിയോർജനറാൾ.

പോൾ: അയ്യോ! എൻെറ പൊന്നനുജാ! ഇതെന്തൊരു വാർത്ത യാണ്. ഹാ! എൻെറ ഹൃദയം തകരുന്നു. (ബോധരഹിതനായി വീഴുന്നു. സേവകൻ വിലപിച്ചുംകൊണ്ടു പ്രവേശിച്ച് ശുശ്രൂഷിക്കുന്നു. വെള്ളം കൊട്ടുകുന്നു. വീശുന്നു)

പോൾ: (എഴുന്നേററിരുന്നു ഗീതം)

അഭിഷേകരാ—എന്ന മട്ട്.

മമസോദരാ എൻ സ്വാമിയേ! - നീ—വേർവെടിഞ്ഞോ!?
പഞ്ചമഹാപാപി ചെയ്തുപോയ
തിന്മയേ, സുകൃതീന്ദ്രാ! വിസ്മരിക്ക.
എന്നനുജാ—നിന്നെക്കാണ്മാൻ—വാഞ്ഛരിച്ചോരെൻ
ജീവനാഡി—സ്തംഭിയ്ക്കുന്നു.
പരിചൊടു—കന്യകേ! നിൻസുതനേ
ചൂടിക്ക പൊൻമുടി നീ കൃപാലോ.—(മമസോദ......

വാത്സല്യ സ്വാമീ! നീ എവിടെ? (വിലപിക്കുന്നു) ദേവജനനിയുടെ അങ്കതല്പത്തിലിരുന്നു് ആനന്ദിക്കുന്ന നിൻെറ ആനനം വീക്ഷിപ്പാൻ ഈ അധമനു സാധിക്കുമോ?

സേവ: പോളച്ചനെന്തിനു കണ്ണുനീരു താഴത്തു വീഴിക്കുന്നു, ജനനോം മരണോം ലോകത്തിപ്പതിവല്ലേ.

പോൾ: സേവകാ! നീ പറഞ്ഞതു് യഥാർത്ഥംതന്നെ. എൻെറ മഹാനീചതാത്തേക്കുറിച്ച് ചിന്തിച്ച് ആശ്വാസരഹിതനായിരിക്കുന്ന എനിക്കു ഈ വാർത്ത എരിതീയിൽ എണ്ണ പകരുന്നതുപോലെയാണ്. (പോൾ എഴുന്നേററു കസാലയിൽ ഇരിക്കുന്നു.)
ഹാ! ദൈവമേ! സ്വസഹോദരനെ ഒന്നു വീക്ഷിച്ചു ക്ഷമാപണംചെയ്യുവാനുള്ള ഭാഗ്യം ഇപ്പാപിയ്ക്കു ലഭിച്ചില്ലല്ലോ.
(പോളിൻെറ ഒരു ബന്ധുവും പിതാവിൻെറ ഒരു കാര്യസ്ഥനും അവിചാരിതമായി കാണപ്പെടുന്നു. പോൾ അഭിവാദ്യംചെയ്തു് ഇരിക്കുവാൻ പറയുന്നു.)

കാര്യ: ഇരിക്കുവാൻ പോയിട്ടു നില്ക്കുവാൻപോലും സമയമില്ല. ശീഘ്രത്തിൽ നിന്നെയുംകൊണ്ടു് പോളണ്ടിൽ പിതാ

വിൻെറ പക്കൽ ചെല്ലുവാൻ ജോൺപ്രഭു കല്പിച്ചയ ച്ചിരിക്കുകയാണ്. ഉടൻ തയാറാകണം.

പോൾ: ഏതായാലും ഞാൻ ഇപ്പോഴില്ല. എന്നാൽ ഞാൻ പ്രിയ പിതാവിൻെറ കല്പനയെ തിരസ്കരിക്കുന്നുവെ ന്നു നിങ്ങൾ വിചാരിക്കരുത്.

ബന്ധു: വാത്സല്യ സന്താനമായ സ്റ്റനിസ്ലാവോസിൻെറ ഭി ക്ഷാടനവും സന്യാസജീവിതവും അകാലമൃത്യുവുംമൂലം നമ്മുടെ പ്രഭുകുടുംബത്തിൻെറ കുലീനതയ്ക്കു വന്നിരി ക്കുന്ന മാനഹാനിയോർത്തു് നിൻെറ പിതാവു് ഏററം കുണ്ഠിതനായിരിക്കുന്നു.

പോൾ: എന്തു്! വാത്സല്യമക്കൾ ത്യാഗപരമായ ജീവിതം ന യിച്ചു് ദൈവഹിതം നിറവേററുന്നതു് സ്വപിതാവിനു അഭിമാനകരമായ ഒരു പ്രവൃത്തിയല്ലെന്നോ?!!

കാവ്യ: ശ്രേഷ്ഠതയുള്ള കോസ്ക്കാ പ്രഭുകുടുംബത്തിൻെറ സ ർവ്വസ്വത്തുകൾക്കും അവകാശിയായ പ്രഭുകുമാരൻ വെറും ഒരു ഭിക്ഷുവിനെപ്പോലെ മൃതിയടഞ്ഞതു് നി ങ്ങളുടെ പിതാവിനും കുടുംബത്തിനും അഭിമാനകര മാണെന്നാണോ പോൾ പറയുന്നതു്?

സേവ: അതേതായാലും ശരിയല്ല. പിച്ചപ്പാത്രവും മാറാപ്പും കീറത്തുണിയും എടുക്കുന്നതു പോക്കണംകേടാ.

പോൾ: "നീ പരിപൂരിതനാകാൻ വാഞ്ഛിക്കുന്നുവെങ്കിൽ നി നക്കുള്ളതു വിററു ദരിദ്രർക്കു ദാനംചെയ്തു് എന്നെ അ നുഗമിക്കുക" എന്നിത്യാദി ദിവ്യോപദേശങ്ങൾ ഒരു മനുഷ്യൻ മനസാ സ്വീകരിക്കുന്നതു് അഭിമാനത്തെ ഭഞ്ജനംചെയ്യുന്ന ഒന്നാണെന്നാണോ എൻെറ ബ ന്ധുക്കൾ പറയുന്നതു്?

ബന്ധു: ഓഹോ! നീയും അനുജനേപ്പോലെ പുണ്യവാനാ കാൻ യത്നിക്കുകയാണോ?

പോൾ: എൻെറ അനുജനെ പരിശുദ്ധനെന്നു തിരുസ്സഭ പ്രഖ്യാപനംചെയ്യുമെങ്കിൽ അതു് എൻെറ കുടുംബ ത്തിനുള്ള പ്രഭുസ്ഥാനത്തേക്കാൾ എത്രയോ ഉൽകൃ ഷ്ടമായ മഹത്വമാണ്. എന്നെസംബന്ധിച്ച പറ

യുന്നെങ്കിൽ ലോകത്തെ ഞാൻ വർജ്ജിക്കുന്നു. പാപപരിഹാരത്തിനായി ശേഷിച്ചിട്ടുള്ള എന്റെ ജീവിതം ഒരാശ്രമത്തിനുള്ളിൽ കഠിനതപസ്സാൽ കഴിച്ചുകൂട്ടണമെന്നു ഞാൻ വിചാരിക്കുന്നു. ജഗദീശൻ അതിന്നിടയാക്കട്ടെ.

ബന്ധു: വിവാഹം കഴിക്കേണ്ടാ എന്നുകൂടെ ഉറപ്പിച്ചോ?

പോൾ: ദൈവാധീനത്താൽ ഇതേവരെ ഒരു അവിവാഹിതനായിക്കഴിഞ്ഞുകൂടുവാൻ സംഗതിയായതു് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

കാഴ്സ്: കൊള്ളാം പിതാവു് കുലീനയും വിദുഷിയുമായ ഒരു പ്രഭുകുമാരിയെ കണ്ടുവച്ചിരിക്കുന്നു. പോരെങ്കിൽ മൂന്നുലക്ഷം പവനാണ് അവൾക്കവകാശമായി ഉടൻ ലഭിക്കുന്നതു്.

സേവ: പെണ്ണുകെട്ടുന്നില്ലെന്നു പഴയുന്നതു് അത്ര നന്നല്ല. അതു വെറുതെ അയിററപ്പിഴക്കാരുടെ വായിൽ മണ്ണടിക്കാൻതന്നെയാ.

ബന്ധു: ദീർഘസംഭാഷണത്തിനു സമയമില്ല. ഉടൻ ഞങ്ങളുടെകൂടെ പുറപ്പെടണം.

പോൾ: ഏതായാലും എനിക്കു മാർഗ്ഗദർശിയായിത്തീർന്നിരിക്കുന്ന എന്റെ അനുജനെ അനുഗമിക്കുവാൻ ഞാൻ മനസാ ഉറപ്പിച്ചു തന്മൂലം ഇപ്പോൾ സ്വഭവനത്തിലേക്കില്ല.

കാഴ്സ്: വയോവൃദ്ധനായ പിതാവിന്റെ ഹിതാനുസരണം സ്വഗൃഹത്തിലേക്കു പിന്തിരിഞ്ഞു് വിവാഹംകഴിച്ചു ജീവിക്കുന്നതാണുത്തമം. അതു നിന്റെ ഭാവി യശസ്സിനും, കുടുംബത്തിന്റെ സൽക്കീർത്തിക്കും നിലനില്പിനും, പര്യാപ്തമായ ഒന്നാണെന്നു മുക്തശങ്കം ഞാൻ ഉറപ്പുപറയുന്നു.

പോൾ: ഞാൻ മർദ്ദനത്തിനു വിധേയനായാലും അഥവാ ജീവൻ വെടിയേണ്ടിവന്നാലും എന്റെ പ്രതിജ്ഞയിൽനിന്നു എനിക്കൊരു വ്യതിയാനമുണ്ടാകുമെന്നു നിങ്ങൾ തെല്ലും സംശയിക്കേണ്ടാ. ആയതിനാൽ ബഹുമാന്യരായ നിങ്ങൾ എന്റെ വന്ദ്യപിതാവിനോടു് അദ്ദേഹത്തിന്റെ വാത്സ

ല്യസന്താനങ്ങൾ വൻക്രൂശു വഹിച്ചുകൊണ്ടു സ്രഷ്ടാവായ ദൈവത്തിനു അവരെ സ്വയം പ്രതിഷ്ഠിച്ചിരിക്കുന്നു എന്നു സാദരം ഉണത്തിച്ചാലും.

ബന്ധു: ഞങ്ങൾ പോകുന്നു. ഇതിന്റെ ഫലം നീയനുഭവിക്കും. (കുപിതരായി പോകുന്നു)

പോൾ: ഗീതം.

ശരവണഭവ—എ. മ. കല്യാണി-ആദിതാളം.

or

'ബാലനിലെ' പരമഗുരുവെ—എ. മ.

പല്ലവി.

കരുണ ചൊരിയുക—പരമഗുരുവേ!—(കരുണ)

അ: പ:

സുരലോകാധിപാ! —കരുണാവാരിധേ!
പാരിച്ച തിന്മകൾ—പാരം നയിച്ചിവൻ—(കരുണ)

ചരണം.

നശ്വര ജീവിതാൻ—നാശത്തിലായോരെൻ
ശാശ്വതഭാവിയെ-പുനർ ലഭിക്കുമോ!
ആശ്വാസദായകാ—ശേഷിച്ചെൻ ജീവിത-
മീശ്വരചിന്തയാൽ-നയിപ്പാൻ തുണ നീ—(കരുണ)

(ആത്മഗതം) ഇവിടെ വാസം തുടന്നാൽ അതു എന്റെ പ്രതിജ്ഞയ്ക്കു ഹാനികരമാണ്. തന്മൂലം ഉടൻ ഈശോസഭാമന്ദിരത്തിലേക്കു പുറപ്പെടുകതന്നെ. അവിടെ എന്നെ ഒരു ഭൃത്യനെന്ന നിലയിലെങ്കിലും സ്വീകരിക്കാതിരിക്കുകയില്ല കൂടാതെ എന്റെ കത്തിനു ആശാജനകമായ ഒരു മറുപടിയാണല്ലോ ലഭിച്ചിരിക്കുന്നതു്. കഷ്ടം! ഗുരുനാഥനു് ആഗ്രഹമുണ്ടെങ്കിലും അദ്ദേഹത്തിന്റെ ഗാർഹികജീവിതം താപസവൃത്തിക്കു് ഒരു പ്രതിബന്ധമായിരിക്കുന്നു. (പ്രകാശം) സേവകാ!

സേവ: അടിയൻ. (കരയുന്നു)

പോൾ: നീ എന്തിനു കരയുന്നു?

സേവ: അടിയൻ ഇത്രയ്ക്കൊന്നും വിചാരിച്ചില്ലെ. എൻെറ വയററുപെഴപ്പുമുട്ടി.

പോൾ: നീ വിലപിക്കാതെ എനിക്കുവേണ്ടി പ്രാർത്ഥിക്കുക. ഇവിടെക്കാണുന്ന ഓരോ സാമാനവും പിതാവിനെ ഏല്പിക്കണം. ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന ദ്രവ്യം മുഴുവൻ ധർമ്മം ചെയ്യുവാനായി ഞാൻ ബ: വികാരിയച്ചനെ ഏല്പിച്ചു. എന്നാൽ അതിൽനിന്നു നിൻെറ മരണംവരെ സുഖമായി കഴിക്കുവാൻ ആയിരം പവൻ അദ്ദേഹം നിനക്കു തരും.

സേവ: (സുസ്മേരവദനനായി) അത്രയ്ക്കൊന്നും അടിയനു വേണ്ടായിരുന്നല്ലൊ.

പോൾ: നിന്നോട് നികൃഷ്ടമായി ഞാൻ വർത്തിച്ചതോർത്ത് ഏററം പശ്ചാത്തപിക്കുന്നു. (ബാഷ്പാകുലനായി) അവയെല്ലാം നീ എന്നോടു ക്ഷമിക്കണമെന്ന് ഞാൻ വീണ്ടും വീണ്ടും അപേക്ഷിക്കുന്നു.

സേവ: അയ്യോ! അങ്ങനെ പറയാതെ. താറും എന്നോടിങ്ങനെ ഒക്കെ പറഞ്ഞുകഴിഞ്ഞു; കരഞ്ഞോണ്ടാ പിള്ളേരേ കാണാൻ പോയത്.

(പോൾ കോട്ട് ഊരിക്കൊടുക്കുന്നു. സേവകൻ രണ്ടു കൈയും നീട്ടി ചുംബിച്ച് അതു വാങ്ങിക്കുന്നു) ഇത് എൻെറ ഓർമ്മയ്ക്കായി നീ ധരിച്ചുകൊൾക.

സേവ: അടിയനിത് ഇടാമോ? പിള്ളേർക്കു കല്യാണത്തിനു കൊള്ളാം. (പോൾ ചാക്കു കുപ്പായം ധരിച്ച് ഒരു മരക്കുരിശും തൂക്കിയിട്ട് വടിയുമെടുത്തു യാത്രയായി)

സേവ: ഇവിടെ കതകിന് ഒരു പൂട്ടുമില്ല. അല്ലെങ്കി അടിയൻ കൂടെ കടത്തുവള്ളംവരെ വരാമായിരുന്നു.

പോൾ: നീ എന്നെ ഒട്ടും അനുഗമിക്കേണ്ടാ.

സേവ: അങ്ങനെ പറയാതെ (കരയുന്നു)

പോൾ! ഹാ! എന്നെ വഞ്ചിച്ച ലോകമേ! ഞാൻ നിന്നോട് യാത്രപറയുന്നു. വീയന്നാനഗരമേ! നിനക്കു ഞാൻ

ദുഷ്കീൎത്തി ആൎജ്ജിച്ചു. നിന്നോടും ഇത്തരുണത്തിൽ ഞാൻ യാത്രപറഞ്ഞുകൊള്ളട്ടെ. ഹാ! എന്റെ ഗുണകാംക്ഷിയും ആത്മമിത്രവുമായ സേവകാ, അവസാനമായി ഞാൻ നിന്നോടും യാത്രപറയുന്നു (കരയുന്നു) (സേവകൻ കരഞ്ഞു കാലിൽ കെട്ടിപ്പിടിച്ചു ചുംബിക്കുന്നു.)

(പോരം പോകുന്നു) ഗീതം.

ശംഭോ രാമചന്ദ്രച്ചൂഡാ എ—മ-

വാനനാരിമേരിയമ്മേ! ചൊരിയുക നീ നൽവരങ്ങൾ
പോയിടുന്നീപ്പോപി ഞാൻ-ലോകവാസം കൈവെടിയുന്നു.
(വാനനാരി......
നിരവധി ദുരിതപരിഹാരം ചെയ്തിടുവാനായ്
മമനാഥേ! (വാനനാരി .....
(പോയി)

കർട്ടൻ.

രംഗം ൯. ദേവലോകം.

(നിരവധി മാലാഖാമാരുടെമദ്ധ്യേ കൈയിൽ ഒരു പുഷ്പമുടിയും വഹിച്ചു ദൈവജനനി കാണപ്പെടുന്നു. വലത്തുവശത്ത് അല്പം താഴ്ന്ന ഒരു പീഠത്തിൽ സ്ലനിസ്ലാവോസും കാണപ്പെടുന്നു)

മാലാഖാമാർ ഗീതം—O Mary Sweet Virgin. എ: മ:

ഓ! മേരി! ഭാവുകേ! ഓ! ധന്യേ! കന്യകേ!
സ്വർഗ്ഗത്തിൻ നായികേ! നിൎമ്മലസംജാതേ!
Corus വാഴ്ക-വാഴ്ക-വാഴ്ക-ദേവമാതേ!
വാഴ്ക-വാഴ്ക-വാഴ്ക-ദേവമാതേ!

ദൈവജനനി: വാത്സല്യ സുതനേ! സ്ലനിസ്ലാവോസേ! നിന്റെ നിൎമ്മലമായ ഐഹികജീവിതത്താൽ സന്തുഷ്ടനായ എന്റെ ദിവ്യകുമാരൻ നിന്നെ സനാതന സൌഭാഗ്യത്തിലേക്ക് എന്റെ കരേററദിനമായ ഇന്ന് വിളിച്ചതിൽ എനിക്കതിയായ സന്തോഷമുണ്ട്. കന്യാവ്രതക്കാരുടെ രാ

ജ്ഞിയും അമലോത്ഭവയുമായ ഞാൻ എന്റെ അരുമസന്താനങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന പുഷ്പമുടി ഇതാ നിന്നെ അണിയിക്കുന്നു. (സ്റ്റനി: കുനിഞ്ഞു ശിരസാ സ്വീകരിക്കുന്നു.)

(മാലാഖാമാർ ഗീതം തുടരുന്നു)

ഓ! സ്റ്റനി—സ്‌ലാവോസേ! പൊൻമുടി ചൂടി നീ
സൌഭാഗ്യ-സംപൂർണ്ണാ! സാനന്ദം നിത്യമായ്

Corus വാഴ്ക—വാഴ്ക—വാഴ്ക—വാനിൽ നീ
വാഴ്ക—വാഴ്ക-വാഴ്ക-വാനിൽ നീ.

കർട്ടൻ.

ശുഭം.

ഇതരകൃതികൾ.

# നാഗമർദ്ദിനി.

ദൈവജനനിയായ പരിശുദ്ധ മറിയത്തിൻെറ മധുരോദാരമഹിമകളെ ആസ്പദമാക്കി "നതോന്നതാ"വൃത്തത്തിൽ അഥവാ പുത്തൻപാന "അമ്മകന്യാ മണി" എന്നിവയുടെ രീതിയിൽ വിരചിതമായതും പി. വി. ഉലഹന്നൻമാപ്പിള അവർകൾ എം. എ. യുടെ പ്രൗഢഗംഭീരമായ അവതാരികയോടുകൂടിയതും വള്ളത്തോൾ, ഉള്ളൂർ എന്നി മഹാകവികളുടെയും ശ്രീമാൻ ആർ. ഈശ്വര പിള്ള തുടങ്ങിയ പണ്ഡിതവരേണ്യന്മാരുടേയും പ്രശംസാപരങ്ങളായ അഭിപ്രായങ്ങളോടുകൂടിയതും സന്ദർഭാനുസരണം, ആർട്ടു്പേപ്പറിലുള്ള വിവിധ ഛായാപടങ്ങൾ ചേർത്തിട്ടുള്ളതും നല്ല മേനിക്കടലാസിൽ മുദ്രണം ചെയ്തിട്ടുള്ളതുമായ ഒരു വിശിഷ്ട ഖണ്ഡകാവ്യം! ടിപ്പണിസഹിതം വില ൰ ണ. മാത്രം.

# അഭിപ്രായങ്ങൾ.

## ഭാഷാപോഷിണി.

"നാഗമർദ്ദിനി" ക്രിസ്തീയമായ ഒരു ഇതിവൃത്തത്തെ പുരസ്കരിച്ചു "നതോന്നതാ"വൃത്തത്തിൽ വിരചിതമായിട്ടുള്ള ഒരഭിനവ ഖണ്ഡകാവ്യമാണു്. നിത്യകന്യകയും ക്രിസ്തുമാതാവുമായ പുണ്യവതി മേരിയുടെ ജിവിതചരിതമാണു് ഇതിലെ പ്രമേയം.

"നരകനാഗ"ത്തിൻെറ വക്ത്രഗഹ്വരത്തിൽനിന്നു നരവംശത്തെ സമുദ്ധരിച്ച ക്രിസ്തുവിൻെറ ജനയിത്രി എന്ന നിലയിലും ക്രൈസ്തവ മതവിശ്വാസമനുസരിച്ചും "നാഗമർദ്ദിനി" എന്നു് കന്യകാമേരിയ്ക്കു് അപരാഭിധാനമുണ്ടു്. ആ പേരുതന്നെ ഗ്രന്ഥത്തിനും നൽകിയിരിക്കുന്നു..........ഒരു വാസനയുള്ള കവിയുടെ മനോവ്യാപാരത്തിൻെറ പ്രതിഫലനം ഈ ചെറുകൃതിയുടെ പല ഭാഗങ്ങളിലും കാണാനുണ്ടു്..............."

"വാനിൽനിന്നു മന്നിലേക്കു............" എന്നിങ്ങനെ ദൈവദൂതരൗത്യം വർണ്ണിക്കുന്ന ഭാഗം കവിയുടെ കല്പനാശക്തിക്കും, "അർദ്ധസുധാകരൻ മെല്ലെ............" ഇത്യാദികൾ അലങ്കാരപ്രയോഗചാതുരിക്കും, "ഇടിനാദം വെന്നിടുന്ന............" എന്നിങ്ങനെയുള്ള ഈരടികൾ ഉചിത പദപ്രയോഗലാഘവത്തിനും, "ജഗദീശാ! തല ചായ്ക്കാൻ............" എന്നിവ തത്വചിന്തയ്ക്കും ലക്ഷ്യങ്ങളായി ഉദ്ധരിക്കാവുന്നതാണ്.

മേരിയുടെ ശൈശവം, യൂദയുവാക്കന്മാരുടെ "കന്യകാ"വരണസംരംഭം, ഹേറോദേസിൻെറ നിഷ്ഠുരാജ്ഞ മുതലായ കഥാഭാഗവർണ്ണനകളിൽ സഹൃദയന്മാൎക്ക് ആസ്വാദ്യകരമായ കവിതാരസം നിർല്ലീനമായിട്ടുണ്ട്............രചനയിലോ, മുദ്രണത്തിലോ യാതൊരു ഭാഷാദൂഷ്യവും പ്രസ്താവ്യമായിട്ടില്ലെന്നുള്ളതു് ഈ കൃതിയുടെ ഒരു മെച്ചമത്രെ. ഭാഷാരീതി ലളിതമെങ്കിലും ദുർല്ലഭമായിട്ടു മാത്രം കാണപ്പെടുന്ന കഠിനപദങ്ങൾക്കു് ഒരു ടിപ്പണിയും ചേൎത്തിട്ടുണ്ട്. സന്ദർഭാനുസരണം ചേൎത്തിരിക്കുന്ന ചിത്രങ്ങൾ ഗ്രന്ഥത്തിനു അലങ്കാരമായിരിക്കുന്നു.

ബാധിര്യദുഃഖമനുഭവിക്കുന്ന കവിയുടെ "കർണ്ണവേദനയാൽ തനു............" ഇത്യാദി ദയനീയ വിലാപങ്ങൾ സഹൃദയ ഹൃദയങ്ങളെ സ്പർശിക്കുന്നവയാണ്............"

## നസ്രാണിദീപിക.

ലോകപരിത്രാതാവായ ക്രിസ്തുവിൻെറ വിശുദ്ധജനനിയുടെ ചരിത്രസംക്ഷേപമാണ് "നാഗമർദ്ദിനി", റവ. ഫാദർ ജോസഫ് നെടുഞ്ചിറ അവർകളാൽ വഞ്ചിപ്പാട്ടുരീതിയിൽ എഴുതപ്പെട്ട പ്രസ്തുത ഖണ്ഡകാവ്യം സാഹിത്യരസികന്മാരുടെ ശ്രദ്ധയെ ബലാദാകർഷിക്കുന്നതാണ്. കവി നല്ല വാസനാബലമുള്ള ആളാണെന്നു ഇതിലെ ഏതൊരു പുറമെടുത്താലും ലക്ഷ്യങ്ങൾ കാണാം.

"തട്ടുകൊന്നിൽ തറമേലങ്ങടുത്തായി കിടക്കുന്ന
മിട്ടുക്കിയെത്തിട്ടുക്കത്തിലെടുത്തിട്ടമ്മ".

എന്നുംമററുമുള്ള വരികൾ എഴുതുന്നതിനു് ഒന്നാംതരം വാസനാസമ്പന്നന്മാരെക്കൊണ്ടേ സാധിക്കയുള്ളൂ. പണ്ഡിതപാമരന്മാരെ ഒരുപോലെ ആകർഷിക്കത്തക്കവണ്ണം ഹൃദയംഗമമായ ഒരു രീതിയിൽ ലളിതകോമളമായി ഈ കൃതി ആദ്യന്തം എഴുതപ്പെട്ടിരിക്കുന്നു. വാസനാബലത്തിൻെറ അവ്യാഹതമായ പ്രവാഹവും ഭാവനയും സമ്മേളിച്ചു വായനക്കാരെ രസധാരയിൽ ഒഴുക്കിക്കൊണ്ടുപോവുകയാണ് ചെയ്യുന്നതു്............"

# മലയാളമനോരമ.

"…………ഒരു റോമൻകത്തോലിക്ക വൈദികനായ ഗ്രന്ഥകർത്താവ് പ്രസ്തുത പുണ്യവതിയുടെ ജീവിതവൃത്താന്തത്തെ അധികരിച്ചു നതോന്നത എന്ന വൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു കാവ്യതല്ലജമാണ് ഈ നാംഗമർട്ടിനി. ഇതിൽ എട്ടദ്ധ്യായങ്ങളിലായി വിശുദ്ധ മേരിയുടെയും അതിലെ ഒരു ഉപാഖ്യാനമെന്ന നിലയിൽ യേശുക്രിസ്തുവിൻെറയും ജീവിതചര്യകൾ സംക്ഷിപ്തരൂപത്തിൽ വിവരിച്ചിരിക്കുന്നു. ഒട്ടാകെ ആയിരത്തി മുന്നൂറ വരികൾ അടങ്ങിയതാണ് ഈ ഗ്രന്ഥം. കുമാരനാശാൻെറ കൃതിയായ കരുണയുടെ പാരായണമാണ് നതോന്നത എന്ന വഞ്ചിപ്പാട്ടു വൃത്തത്തെ ഈ കാവ്യരചനയിൽ സ്വീകരിക്കുവാൻ കവിയെ പ്രേരിപ്പിച്ചതെന്നു കാണുന്നു. ഒരു വിസ്തൃതമായ ഇതിവൃത്തത്തെ സംഗ്രഹിക്കുമ്പോൾ ത്യാജ്യഗ്രാഹ്യവിവേചനത്തിൽ ഗ്രന്ഥകാരന്മാർ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. അദ്ധ്യായങ്ങളുടെ പൗർവ്വാപര്യം, പരസ്പരബന്ധം, വിഷയങ്ങളുടെ അനുസന്ധാനം ഇത്യാദികാര്യങ്ങളിൽ വളരെ നിഷ്കർഷിച്ചിട്ടുള്ളതിനാൽ കൃതിയിൽ ആകപ്പാടെ വിളങ്ങുന്ന ഒരു അന്യൂനാനതിരക്തിതപം ഇതിൻെറ പല ഗുണങ്ങളിലൊന്നാണ്. ഈരടികളുടെ പ്രവാഹസൗഷ്ഠവവും ആശയലാളിത്യവുംകൊണ്ട് കുചേലവൃത്തം മുതലായ വഞ്ചിപ്പാട്ടുകൾപോലെ ഈ ഖണ്ഡകൃതിയും ബാലികാബാലന്മാർക്ക് ഹൃദിസ്ഥമാക്കി പാടി രസിക്കുവാൻ കൊള്ളാവുന്നതാണ്. അലങ്കാരപ്രയോഗങ്ങളിൽ എഴുത്തച്ഛൻെറ കൃതികളുടെ ശാലീനരീതിയാണ് ഇതിൽ അധികവും അവലംബിക്കപ്പെട്ടിട്ടുള്ളതെന്നിരുന്നാലും

"കന്യകയ്ക്കുമംഗളമായ് പ്രഭാതത്തിൽ പാതതോറും
വാനിൽനിന്നു കുസുമങ്ങൾ വിതറിടുംപോൽ
നിരവധിവെള്ളമലർ വള്ളിക്കെട്ടുകളിൽനിന്നും
തുരുതുരെ പൊഴിക്കുന്നു കാല്യമാരുതൻ
അത്ഭുതമേ! തരുശാഖ കുളിർകാററാൽ തലതാഴ്ത്തി
ഗർഭിണിയെക്കണ്ടനേരമഴലേറിട്ടോ,
മണ്ണിലേക്കു വീഴ്ത്തിടുന്ന ഹിമബിന്ദുപ്രഭാതത്തിൽ
കണ്ണിൽനിന്നു തുള്ളിയായി കണ്ണുനീർപോലെ…………"

എന്നിങ്ങനെയുള്ള പല ഭാഗങ്ങളിലും സന്ദർഭോചിതങ്ങളായ അലങ്കാരങ്ങൾ പ്രയോഗിക്കുവാൻ കവി ശ്രമിച്ചിട്ടുണ്ട്. ഇതിനുംപുറമെ സന്ദർഭവശാൽ സ്ത്രീകളുടെ ആഭരണഭ്രമത്തെ ചിത്രീകരിച്ച് ഹാസ്യരസസ്ഫുരണത്തോടെ നിയന്ത്രിക്കുന്ന ഏതാനും വരികൾ ശാഖാചക്രമണം ചെയ്യുമ്പോഴും പദ്യകാരനുള്ള മിതത്വബോധം സ്പഷ്ടമാക്കുന്നു. ഭക്തിദ്യോതകങ്ങളായ പല ചിത്രങ്ങളും ഇടയ്ക്കിടക്കായി ചേർത്തിട്ടുള്ള

ത്തു ഗ്രന്ഥത്തിൻെറ ആകർഷകത്വം വർദ്ധിപ്പിക്കുവാൻ ഉപകരിക്കുന്നുണ്ടു്. ബധിരനായ ഈ കവി ഭക്തിപാരവശ്യത്താൽ രോഗമോചനത്തിനുവേണ്ടി ചെയ്യുന്ന പ്രാർത്ഥനകൾ ഏററവും ഹൃദയംഗമങ്ങളാണു്..............."

## മലബാർമെയിൽ.

"ദിവ്യസൗന്ദര്യസമ്പൂർണ്ണയായ പരിശുദ്ധ കന്യാസ്ത്രീമറിയത്തിൻെറ ചരിത്രം കലാപ്രണയിയായ ഒരു വൈദികൻെറ മനോദർപ്പണത്തിനു വിഷയീഭവിച്ചപ്പോൾ ഹൃദയത്തിൽനിന്നും ബഹിർഗമിച്ച കവിതാതല്ലജമാണു് "നാഗമർദ്ദിനി" എന്ന ഖണ്ഡകാവ്യം. സൗന്ദര്യം തുളുമ്പുന്ന വസ്തുക്കളാണു് കവിഹൃദയങ്ങളെ ആകർഷിക്കുന്നതു്. അങ്ങനെയെങ്കിൽ ക്രിസ്തു മാതാവിൻെറ അപദാനങ്ങൾപോലെ ശ്രേഷ്ഠമായ കവിതാവിഷയമാകുവാൻ തക്ക ഇതിവൃത്തം വേറെ കാണുകയില്ല..............

ഇങ്ങനെ സർവ്വാംഗസുന്ദരമായ ഇതിവൃത്തമെടുത്തു കലാപ്രണയിയും ഭക്തപരവശനുമായ ഫാദർ നെടുഞ്ചിറ അവർകൾ എഴുതിയിരിക്കുന്ന ഈ ഖണ്ഡകാവ്യം അതർഹിക്കുന്ന ശ്രേഷ്ഠതയെ പ്രാപിച്ചിട്ടുണ്ടെന്നും അതിലെ ഓരോ വരിയും വിശദമാക്കുന്നുണ്ടു്. പ്രതിപാദ്യവിഷയത്തിൻെറ പാവനതയ്ക്കും മാഹാത്മ്യത്തിനും അനുയോജ്യമായ ഭാവനാവൈശിഷ്ട്യവും ഭാഷാലാളിത്യവും ഈ ഗ്രന്ഥത്തിൻെറ മാററു വർദ്ധിപ്പിച്ചിട്ടുണ്ടു്. വികാരോദ്ദീപകങ്ങളായ വരികൾ വായിച്ചുപോരുന്നവർക്കു് ഇടയ്ക്കിടയ്ക്കു് ബധിരനായ കവിയുടെ ആത്മസ്മരണ ഹൃദയാവർജ്ജകമാണു്.

"ധരണിയിൽ തരുണിക്കു സന്ദേശം കൊടുത്ത ദൂതം
തെരുതെരെ ബധിരനും കുമ്പിടുന്നിതാ
ദേവപ്രാന്തേ നിങ്ങൾ ചെയ്യും വീണഗാനം ശ്രവിക്കുവാൻ
ദേവലോകത്തിലെങ്കിലും ശക്തി നൽകണേ"

എന്നുള്ള ആത്മാപേക്ഷകമായ പ്രാർത്ഥനാഗീത ആരെയാണു് ആകർഷിക്കാത്തതു്. പാവനമായ ഈ കൃതി എല്ലാ ക്രിസ്തീയഭവനങ്ങളിലും പ്രചരിച്ചുകാണുവാൻ ആഗ്രഹിക്കുകയും........സവ് മംഗളങ്ങളും ആശംസിക്കുകയുംചെയ്യുന്നു."

## മനോരമ ആഴ്ചപതിപ്പ്.

"ശ്രീയേശുക്രിസ്തുവിൻെറ മാതാവും പുണ്യചരിതയുമായ കന്യകമറിയാമിൻെറ ജീവചരിത്രത്തെ ഇതിവൃത്തമാക്കി വഞ്ചിപ്പാട്ടുരീതി

യിൽ രചിച്ചിട്ടുള്ള ഒരു കൃതിയാണിതു്. ഒട്ടാകെ ആയിരത്തിമുന്നൂറു വരികൾ അടങ്ങിയ ഈ ഗ്രന്ഥത്തിൽ നല്ല കവിതാവാസനയും ഭാവനയും ദ്യോതിപ്പിക്കുന്ന പല ഭാഗങ്ങളും കാണ്മാനുണ്ടു്. ക്രൈസ്തവമതപരമായ വിഷയങ്ങളെ ഉപജീവിച്ചുള്ള സാഹിത്യം പൊതുവേ ഇനിയും വളരെ അഭിവൃദ്ധി പ്രാപിച്ചുവരേണ്ടതായിട്ടാണിരിക്കുന്നതെന്നുള്ള വസ്തുത ആലോചിക്കുമ്പോൾ ഈദൃശഗ്രന്ഥങ്ങളുടെ ആവിർഭാവം സവിശേഷം ചാരിതാൎത്ഥ്യജനകവും അനുമോദനീയവുമായിരിക്കുന്നു........"

## കൎമ്മലകുസുമം.

".....................ക്രിസ്ത്യാനികൾക്കു് ഭയം കൂടാതെ വായിക്കുവാൻ തക്ക നല്ല കവിതകൾ ഉണ്ടാകേണ്ടതു ഇന്നത്തെ ഒരു വലിയ ആവശ്യമാണ്. ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി പലേ ക്രിസ്തീയ യുവകവികളും പരിശ്രമിച്ചുവരുന്നുണ്ടു് എന്നു് സസന്തോഷം പറയേണ്ടിയിരിക്കുന്നു. അക്കൂട്ടത്തിൽ മുന്നണിയിൽ നിൽക്കുന്ന ഒരു യുവകവിയുടെ പരിശ്രമഫലമാണു് ഞങ്ങളുടെ മുമ്പിലിരിക്കുന്ന "നാഗമർദ്ദിനി." ഇതിലെ ഇതിവൃത്തം ലോകരക്ഷകന്റെ മാതാവായ പരിശുദ്ധ കന്യകമറിയമാകുന്നു എന്നു കേൾക്കുമ്പോൾതന്നെ ദൈവജനനിയുടെ വലിയ ഭക്തരെന്നു പരിശുദ്ധ സിംഹാസനത്താൽപോലും പ്രശംസിക്കപ്പെട്ടിട്ടുള്ള കേരളീയ കത്തോലിക്കർ ഇതു വായിക്കാൻ ബലമായി ആകർഷിക്കപ്പെടാതിരിക്കയില്ല. ഒരു വൈദികൻ ദൈവമാതാവിനെക്കുറിച്ചു് ഭാഷയിൽ ഇത്ര മനോഹരമായി കവനം ചെയ്യുന്നതു കണ്ടാൽ ആർക്കാണു് അപാരമായ ആനന്ദമുണ്ടാകാത്തതു്.? സഹൃദയഹൃദയങ്ങൾക്കു് ആലോചനാമൃതങ്ങളായ തത്വചിന്തകളും വർണ്ണനകളും ഈ കൃതിയിൽ സുലഭങ്ങളാണു്. ഗ്രന്ഥകൎത്താവിന്റെ അകൃത്രിമമായ വാക്‌മാധുര്യത്തിനും വ്യുൽപത്തിദാർഢ്യത്തിനും കവിതാവാസനയ്ക്കും ഈ പുസ്തകം ഒരു ഉത്തമദൃഷ്ടാന്തമായി തീൎന്നിട്ടുണ്ടു്. കേരളീയകവികളിൽ കവിതാവിഷയത്തിൽ ഒരു ഉന്നതപദത്തെ അലങ്കരിക്കത്തക്ക കവിതാവാസനയാണു് നാഗമർദ്ദിനിയുടെ കർത്താവിൽ ഞങ്ങൾ കാണുന്നതു്. ഇപ്രകാരമുള്ള യുവകവികളുടെ പരിശ്രമംകൊണ്ടു വേണം ഭാഷാപദ്യസാഹിത്യത്തിൽ നമുക്കുണ്ടായിട്ടുള്ള കോട്ടം പരിഹരിക്കുവാൻ. "നാഗമർദ്ദിനി" തൽകൎത്താവിൽനിന്നു് ഭാഷയ്ക്കു സിദ്ധിക്കുവാനിരിക്കുന്ന അനേകം ഖണ്ഡകാവ്യങ്ങളുടെയും മഹാകാവ്യത്തിന്റെതന്നെയും നാന്ദിയായി തീരട്ടെ എന്നാണു് ഞങ്ങളുടെ പ്രാൎത്ഥന. ഒരു കത്തോലിക്ക പുരോഹിതനിൽനിന്നു് കേരളീയർക്കു ലഭിച്ചിരിക്കുന്ന ഈ കാവ്യോപഹാരം ആശാതീതമായവിധം രമണീയമായിരിക്കുന്നു എന്നു ചുരുക്കിപ്പറയുവാനേ നിവൃത്തിയുള്ളൂ. കരുണശാന്താദി മുതലവികാരങ്ങൾക്കു് അത്ര

യോജിച്ചതല്ലാത്ത വള്ളപ്പാട്ടുരീതിയിൽ അല്ലായിരുന്നു എങ്കിൽ ഇതു പതിന്മടങ്ങു പരിശോഭിക്കുമായിരുന്നു എന്നുള്ള വള്ളത്തോളിൻെറ അഭിപ്രായത്തോടു് ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നു എങ്കിലും അതും ഈ കൃതിയുടെ വായനക്കാരെ സംബന്ധിച്ചിടത്തോളം ഒരു ആനുകൂല്യമായി പരിണമിച്ചിരിക്കുന്നു എന്നു് പറയേണ്ടിയിരിക്കുന്നു. കേരളീയക്രിസ്ത്യാനികൾക്കു് സുപരിചിതമായ പുത്തൻപാനയിലെ "അമ്മകന്യാമണിയും" വള്ളപ്പാട്ടാണല്ലൊ. ആ മട്ടിൽ ഈ കൃതി പാടി കേൾക്കുമ്പോൾ പഴക്കംകൊണ്ടുള്ള ആ ശ്രവണമാധുര്യവും കൂടി സമ്മേളിച്ചു് ഇതു് കർണ്ണപീയൂഷമായി പരിണമിക്കുന്നു........"

## മദ്ധ്യസ്ഥൻ.

"..............സ്ത്രീലോകത്തിൻെറ ആദർശമായ ദൈവമാതാവിൻെറ ലോകോത്തരമായ ജീവിതത്തെപ്പററി പ്രതിപാദിക്കുന്ന "നാഗമർദ്ദിനി" ഭാഷാശുദ്ധിയിലും ആശയസംപുഷ്ടിയിലും അലങ്കാരസമൃദ്ധിയിലും ഒട്ടും പിന്നിലല്ലെന്നുള്ളതു സകല കേരളീയക്രൈസ്തവർക്കും അഭിമാനകരവും ആഹ്ളാദപ്രദവുമാകുന്നു. മഹാകവി ലഭ്യമായ ഭാവനാവൈഭവത്തോടും അസാമാന്യമായ കവിതാവാസനയോടും കൂടിയ ഫാദർ നെടുഞ്ചിറ ഇതുപോലുള്ള അനേകം കാവ്യങ്ങളാൽ ക്രിസ്തീയസാഹിത്യത്തെ പോഷിപ്പിക്കുമെന്നു നമുക്കു് പ്രതീക്ഷിക്കാം. ശൃംഗാരത്തിൻെറ കൂമ്പാരങ്ങളാകുന്ന കൃഷ്ണഗാഥാദി കാവ്യങ്ങൾ വായിച്ചു് ഇരുളടഞ്ഞിരിക്കുന്ന വിദ്യാർത്ഥിലോകത്തിനു് "നാഗമർദ്ദിനി"യാകുന്ന സുധാകരി പരിശുദ്ധാശയങ്ങളാകുന്ന സ്വകിരണങ്ങളാൽ രക്ഷാകരമായ പ്രകാശവും പ്രസാദവും പ്രദാനംചെയ്യുന്ന കാലം വേഗം ആഗതമാകുമാറാകട്ടെ........"

## കുടുംബദീപം.

"നതോന്നതാവൃത്തത്തിൽ ലളിതഭാഷയിൽ വിരചിച്ചിട്ടുള്ള ഒരു ഖണ്ഡകാവ്യമാണു് ഞങ്ങളുടെ മുമ്പിലിരിക്കുന്ന "നാഗമർദ്ദിനി". നരകനാഗമർദ്ദിനിയും ദൈവപ്രസൂവുമായ കന്യകാമറിയത്തിൻെറ ജീവചരിത്രമത്രേ ഇതിവൃത്തം. കാവ്യത്തിൻെറ നാമം ഏററം അന്വർത്ഥമായിട്ടുണ്ടു്. പ്രദിപാദ്യരീതി അക്ലിഷ്ടമെന്നല്ല മനോഹരവുമാണു്.

"പങ്കജത്തെ ത്യജിച്ചർക്കൻ ശങ്കയെന്യേ കേറിവന്നോ
പങ്കംവിനാ ജനിച്ചോരു കമലം തേടി"

എന്നും മററും കവിതാസാമ്രാജ്യത്തു സഞ്ചരിച്ചുകൊണ്ടു് പാടിയുൽപ്രേക്ഷിക്കുവാൻ മാത്രം കല്പനാശക്തിയും വാസനാവൈഭവവുമുള്ള വൈദികർ അധികം ഉണ്ടോ എന്നും സംശയിക്കണം.

"ഇടിനാദം വെന്നിടുന്ന മുടിവേറം കഠോരാജ്ഞ
കിടുകിടെ വിറപ്പിച്ചു ജനത്തെയെല്ലാം"

ആദിയായ പാദങ്ങളിലെ പദവിന്യാസം കവി വാസ്തവത്തിൽ വശ്യവചസ്സാണെന്നു തെളിയിക്കുന്നു............

ക്രിസ്തീയങ്ങളായ ഇതിവൃത്തങ്ങളെ പുരസ്ക്കരിച്ചു് ഈദൃശസ്വതന്ത്രകൃതികൾ ധാരാളം വിരചിച്ചു് ഈ വൈദികകവി ഭാഷാസാഹിത്യത്തെ നിതരാം പോഷിപ്പിക്കുന്നതിനു് ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ............"

# നവജീവിക.

"ക്രിസ്തു മാതാവിൻെറ മഹനീയമഹിമയെ സരളലളിതമായ രീതിയിൽ, ശ്രുതിസുഭഗവും ഗാനോചിതവുമായ വൃത്തത്തിൽ റവ. ഫാദർ ജോസഫ് നെടുഞ്ചിറ ഒ. എസ്സ്. എച്ച്. എഴുതിയ നാഗമർദ്ദിനി" ഞങ്ങളെ അതിയായി ആനന്ദിപ്പിച്ചു........സാഹിത്യരസം തുളുമ്പുന്ന നാഗമർദ്ദിനി ക്രിസ്തീയജനതതിയെ സവിശേഷം ആനന്ദിപ്പിക്കുതന്നെ ചെയ്യുന്നു. ഈ വന്ദ്യ വൈദികൻെറ സാഹിത്യപരിശ്രമം അനേകം കവനകുസുമങ്ങളെ ഭാഷാമാതാവിൻെറ തൃപ്പാദങ്ങളിൽ കാണിക്കവെക്കുമാറാകട്ടെ............"

# വൈരപുഷ്പം.

"........സാമാന്യജനങ്ങളുടെ ഭക്തിവർദ്ധനവിനെ ഉദ്ദേശിച്ചു ലളിതഭാഷയിൽ രചിച്ചിട്ടുള്ള ഒരു ഖണ്ഡകാവ്യമാണ് ഇതു്. പണ്ടേ മരിയഭക്തി തങ്ങളുടെ പൂർവ്വസ്വത്തായി അഭിമാനിക്കുന്ന കേരളീയ കത്തോലിക്കർക്കു് മാതാവിൻെറ ജീവചരിത്രം ഇങ്ങനെ കാവ്യരൂപത്തിൽ, അതും പാടുവാൻ പററിയ ദ്രാവിഡവൃത്തിൽ കിട്ടിയാൽ എത്രകണ്ടു് ആനന്ദപ്രദമായിരിക്കുമെന്നു് പറഞ്ഞറിയിക്കേണ്ട ആവശ്യം ഇല്ല. മിസ്റ്റർ ഉലഹന്നൻമാപ്പിളയുടെ വാക്കുകളിൽ പറയുകയാണെങ്കിൽ "ഇത്ര ലളിതമായും സഹൃദയഹൃദ്യമായും ഈ മഹാചരിത്രത്തെ പ്രതിപാദിക്കുവാൻ കഴിഞ്ഞതിൽ ഫാദർ നെടുഞ്ചിറയെ ഞാൻ അഭിനന്ദിക്കുതന്നെ ചെയ്യുന്നു." പാടിപ്പഴകിയ കണ്ഠം, ആടിവഴങ്ങിയ തൂലിക,—പിന്നെ എങ്ങിനെ നന്നാകാതിരിക്കും? ഈ സൽഗ്രന്ഥത്തിനു് വലിയ പ്രചാരമുണ്ടാകുമെന്നു് ഞങ്ങൾ ആശിക്കുന്നു............"

## കത്തോലിക്കാപ്രവത്തനം.

"സുഗ്രഹവും ലളിതവുമായ രീതിയിൽ എഴുതപ്പെട്ട ഒരു കാവ്യഗ്രന്ഥം, മററു പല കൃതികളുടേയും പ്രണേതാവായ പ്രസ്തുത കാവ്യകത്താവു് ഈ കാവ്യത്തിലും തന്റെ സങ്കല്പശക്തിയെ നന്നായി വിനിയോഗിച്ചിട്ടുണ്ടു്. ആദിമനുഷ്യന്റെ അധഃപതനം നാഗമർദ്ദിനിയായി നിർദ്ദേശിക്കപ്പെട്ട പരിശുദ്ധ കന്യകമറിയത്തിന്റെ ജനനം, മംഗലവാത്ത, തത്സമയം നരകത്തിലെ വിലാപമാദിയായവയിൽ ഒരു ചിത്രകാരന്റെ നിരീക്ഷണപടുതയും, ഒരു ചരിത്രകാരന്റെ സത്യസന്ധതയും, ഒരു ആഖ്യായികാരന്റെ വർണ്ണനാവൈദഗ്ദ്ധ്യവും പ്രതിഫലിച്ചുകാണുന്നുണ്ടു്. സാഹചര്യങ്ങളുടെ പ്രാതികൂല്യം പ്രമാണിച്ചു സാഹിത്യസംരഭത്തിനു് ഒരുങ്ങിയിരിക്കുന്ന ഈ വൈദികകവിയെ ഭാഷാപ്രണയികളും വിശിഷ്യ കത്തോലിക്കരും പ്രോത്സാഹിപ്പിക്കേണ്ടതാണു്........"

**മേരീദാസൻ** "വായിച്ചറിയേണ്ടതും അഭിനയിച്ചുകാണേണ്ടതുമായ ഒരു സന്മാർഗ്ഗസംഗീത പ്രഹസനം" വില 4 ണ.

**സത്യാത്മജൻ** ഒരു സംഗീത പ്രഹസനം വില 4 ച.

**സ്ലീവാപാഥഗാനം** ചിത്രവും ജപവും കൂടി ചേർത്തിട്ടുള്ളതു്. വില 1 ണ.

**മർദ്ദിതമാമുനി** (ഖണ്ഡകാവ്യം) തയാറായി വരുന്നു.

ആവശ്യക്കാൎക്കു് ഗ്രന്ഥകത്താവിൽനിന്നു നേരിട്ടും, കോട്ടയം, മാന്നാനം, എറണാകുളം, മംഗലപ്പുഴ മുതലായ സ്ഥലങ്ങളിലുള്ള ബുക്കുഡിപ്പോകളിൽനിന്നും ലഭിക്കാവുന്നതാണു്.

DC Library
*00010906*
T62 N29

T62
N29

# സുകൃതീന്ദ്രൻ.



(...നി പ്രത്യക്ഷപ്പെടുന്നതു്. അ. II. രംഗം 7)

ഗ്രന്ഥകർത്താ

...ോസഫ് നെടുഞ്ചിറ ഒ. എസ്സ്. എച്ച്.

T62
N29